പുസ്തകം 78
ലക്കം 4
ഏപ്രിൽ 2006
ശഹാദത്ത് 1385
൧. അവ്വൽ - ൧ ആഖിർ 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
എ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



സ്ഥാപിതം
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


**4** *യുഗശബ്ദം*

**5** *മുഖക്കുറിപ്പ്*

**ലേഖനം**

**6** *മതത്തിൽ ബലാൽക്കാരമില്ല*
ഹദ്റത്ത് അഹ്മദ് *(അ)*

**7** *കാർട്ടൂൺ : അഹ്മദികൾക്കെതിരെ അപവാദം*
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**10** *സമാധാനം : മതങ്ങൾ ആത്മപരിശോധന നടത്തട്ടെ*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**12** *അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദി ജൂബിലി*
മുഹമ്മദ് ഉമർ

**17** *മരണാനന്തര ജീവിതം ഒരു വിശകലനം*
എസ്. മുഹമ്മദ് സലിം

**21** *പ്രകൃതി ദുരന്തങ്ങൾ നൽകുന്ന സന്ദേശം*
മഹ്മൂദ് കൽക്കുളം

**24** *സമാധാനവും ജിഹാദും ഇസ്‌ലാമും*
മൗലാനാ അത്താഉൽ മുജീബ് റാശിദ്

**28** *നിസാമെ വസിയ്യത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും*
ഇബ്നു എസ്. ഹമീദ്. കാവശ്ശേരി

**34** *ഇസ്‌ലാമിലെ ശിക്ഷാ സമ്പ്രദായം*
എ.പി. കുഞ്ഞാമു

**കവിത**

**40** *സാരെ ജഹാൻ സെ*
കെ.പി.എ. പുന്നോൽ

**37** *കുറിപ്പുകൾ - ഇസ്‌ലാം മതം മുല്ലായിസത്തിന്റെ എലിക്കെണിയോ*

**41** *അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :*
**അൽ അക്സാ പള്ളിയുടെ തെക്കുഭാഗം (ജെറുസലേം. എ.ഡി. 715 ൽ പണിതത്. 1345 - 50 പുതുക്കിപ്പണിതു.)**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

പറയുക ഞാൻ അഭയം പ്രാപിക്കുന്ന മനുഷ്യരുടെ നാഥനെ, മനുഷ്യരുടെ രാജാവിനെ മനുഷ്യരുടെ യഥാർത്ഥ ആരാധ്യനെ പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽ നിന്ന്. മനുഷ്യഹൃദയത്തിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ. മറഞ്ഞിരിക്കുന്നവനിൽ നിന്നും സാധാരണ മനുഷ്യരിൽ നിന്നുമുള്ള (ദുർബോധകൻ).


(114:1-7)

## നബിവചനം

ജനങ്ങളിൽ നിന്ന് ഇസ്‌ലാമിന്റെ നാമവും വിശുദ്ധ ഖുർആന്റെ ലിപികളും മാത്രം അവശേഷിക്കുന്ന ഒരു കാലം വരും. പള്ളികൾ ജന നിബിഡമായിരിക്കും. എന്നാൽ അത് സന്മാർഗത്തിൽ നിന്നും ശൂന്യമായിരിക്കും. അവരുടെ ഉലമാക്കൾ ആകാശത്തിനു കീഴിൽ ഉള്ളവരിൽ വെച്ച് ഏറ്റവും ദുഷ്ടന്മാരായിരിക്കും. ഫിത്നകൾ അവരിൽ നിന്ന് ഉൽഭവിക്കുകയും അവ അവരിലേക്ക് തന്നെ മടങ്ങുകയും ചെയ്യും.
(ബൈഹഖി - മിശ്ക്കാത്ത്)

യുഗശബ്ദം

# റസൂൽ തിരുമേനി (സ) യും യുദ്ധവും



**വാഗ്ദത്ത മസീഹ്**

നമ്മുടെ നബിനായകർ (സ) തിരുമേനി മക്കയിൽ അവിശ്വാസികളുടെ കയ്യാലും അതിന്നു ശേഷവും പീഡനങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവിടുന്ന് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്നു കൊല്ലക്കാലവും നാനാതരങ്ങളായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതാനുഭവങ്ങളുടെയും കാലമായിരുന്നു. അതോർക്കുമ്പോൾ തന്നെ ആരുടെയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി (സ) വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഖാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുമുണ്ടായി. അവിടുന്നുതന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങിനെയെങ്കിലും നിഗ്രഹിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കുക തന്നെ ചെയ്തു.... ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർകടക്കുകയും നിരപരാധികളുടെ വധം അവർക്ക് ശിക്ഷ നൽകേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചുവരികയും ചെയ്തപ്പോൾ ആത്മരക്ഷാർത്ഥം പ്രതിരോധപരമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നൽകി.

***മസീഹ് ഹിന്ദുസ്ഥാൻ മെ***

**മുഖക്കുറിപ്പ്**

# ജിഹാദിന്റെ നിഷ്ഫലത

മുസ്ലിം ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ മുഴങ്ങി കേൾക്കുന്ന പദമാണ് ജിഹാദ്. 'വിശുദ്ധയുദ്ധം' എന്ന അർത്ഥത്തിലാണ് അതിന്റെ ആരവമുയരുന്നത്. മുസ്ലിംകൾക്കെതിരെയുള്ള കടുത്ത അക്രമണങ്ങൾക്കുള്ള പ്രതിരോധം എന്ന അർത്ഥത്തിൽ ജിഹാദ് ചെയ്യുന്നത് മനസ്സിലാക്കാം. പക്ഷേ ഇസ്ലാം മതപ്രചാരണത്തിനും സംസ്ഥാപനത്തിനും ജിഹാദ് ഒഴിച്ചുകൂടാനാവാത്ത ആയുധമാണെന്ന് വിശ്വസിക്കുന്ന രാഷ്ട്രീയ ഇസ്ലാമിന്റെ വാക്താക്കളാണ് ജിഹാദിനെ കുപ്രസിദ്ധമാക്കി തീർത്തിരിക്കുന്നത്. ഫാസിസവും കമ്മ്യൂണിസവും പോലെ സമരോത്സുകമാണ് ഇസ്ലാം എന്നാണ് അവരുടെ പക്ഷം. ഇതിനോട് വിയോജിച്ചുകൊണ്ട് ആത്മീയതയിലധിഷ്ഠിതമായ ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് ഇസ്ലാം എന്നും ഇസ്ലാം എന്ന പദത്തിന്റെ വാക്കർത്ഥം ശാന്തി എന്നാണെന്നും പ്രവർത്തന മാർഗ്ഗം അഹിംസയുടേതാണെന്നും പറയുന്നവരെ ഒറ്റുകാരും വഞ്ചകരും ഭീരുക്കളുമായാണ് ജിഹാദി ഇസ്ലാമിസ്റ്റുകൾ വിശേഷിപ്പിക്കുന്നത്. പക്ഷേ അക്രമിക്കുന്ന പാശ്ചാത്യ ശക്തികൾക്കെതിരെ സായുധ സമരം നടത്തുന്ന ജിഹാദികളുടെ ഒരൊറ്റ സമരവും വിജയിച്ചതായി കാണുന്നില്ല. സമുദായത്തിന് അത് വരുത്തി വെക്കുന്ന നഷ്ടം തിട്ടപ്പെടുത്താൻ സാധ്യമല്ലാത്തവിധം കനത്തതാണ്. ജിഹാദികൾ ഏറ്റവും കൂടുതൽ വാഴ്ത്തി പറഞ്ഞ ജിഹാദാണല്ലോ അഫ്ഗാൻ ജിഹാദ്. അഫ്ഗാനിസ്ഥാനിലെ റഷ്യൻ അധിനിവേശത്തിനെതിരെ പരസ്പരം ഭിന്നിച്ചു നിന്ന 7 മുസ്ലിം കക്ഷികൾ ഒരുമിച്ചു നിന്നായിരുന്നു പോരാടിയത്. വാസ്തവത്തിൽ 1985 മുതൽ ഗൊർബച്ചോവ് റഷ്യയിൽ നടപ്പാക്കിയ കമ്മ്യൂണിസ്റ്റ് പിന്നോട്ടടിയുടെ ഭാഗമായിട്ടായിരുന്നു ചെമ്പട അഫ്ഗാനിസ്ഥാനിൽ നിന്നും പിൻമാറിയത്. 1989ൽ സോവ്യറ്റ് സൈന്യം അഫ്ഗാനിസ്ഥാനിൽ നിന്ന് പിൻവാങ്ങിയതിന് ശേഷം മുസ്ലിം കക്ഷികൾ പരസ്പരം നടത്തിയ അതിരൂക്ഷമായ ജിഹാദിൽ പതിനായിരക്കണക്കിനാളുകളാണ് മരിച്ചത്. അവസാനം റഷ്യക്ക് പകരം അമേരിക്കൻ അടിമത്വത്തിൽ അഫ്ഗാനിസ്ഥാൻ അമരുകയായിരുന്നു. അഫ്ഗാൻ ജിഹാദ് സത്യമാർഗ്ഗത്തിലുള്ളതാണെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ളവരെ അല്ലാഹു സഹായിക്കുമെന്ന് ഖുർആൻ പറഞ്ഞതാണല്ലോ. *'അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും അവർ അല്ലാഹുവിന്റെ സംഘമത്രെ (ഹിസ്ബുല്ലാഹ്) അറിയുക അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ (58:24).* എന്നാൽ ജിഹാദിന്റെ ഈ ദാരുണമായ പരിണാമം അഫ്ഗാൻ ജിഹാദിനെ ആധുനിക ലോകത്തെ ഒരു ട്രാജഡിയാക്കി മാറ്റുന്നു. വിപരീതാവസ്ഥയിലും ആത്മസംയമനവും സഹനവും പാലിച്ചാണ് ഇസ്ലാം മതത്തിന്ന് വിജയമുണ്ടായത് എന്ന യാഥാർത്ഥ്യം ഇവർ വിസ്മരിക്കുന്നു. അത് വികാര വിക്ഷുബ്ധമായ ജിഹാദികളുടെ അഹിംസാ സമരത്തേക്കാൾ പ്രയാസകരവും ശ്രേഷ്ഠവുമാണ്.

ജിഹാദ് എന്ന പദത്തിന് 'വിശുദ്ധ യുദ്ധം' എന്ന അർത്ഥമില്ല. വിശുദ്ധ യുദ്ധത്തിന് അറബിയിൽ 'ഹർബ് മുഖദിസ്' എന്നാണ് പറയുക. കഠിനമായി പരിശ്രമിക്കുക എന്ന് അർത്ഥമുള്ള 'ജഹദ' എന്ന മൂലപദത്തിൽ നിന്നാണ് ജിഹാദ് നിഷ്പന്നമായത്. പണ്ഡിതന്മാർ നടത്തുന്ന വൈജ്ഞാനിക ഗവേഷണങ്ങൾക്ക് അറബിഭാഷയിൽ 'ഇജ്തിഹാദ്' എന്ന് പറയുന്നു. 'ജഹദ' എന്ന പദത്തിൽ നിന്നാണ് 'ഇജ്തിഹാദ്' രൂപം കൊണ്ടത്. 'ജിഹാദിന്' സായുധ സമരം, വിശുദ്ധയുദ്ധം എന്നെല്ലാമുള്ള അർത്ഥങ്ങൾ അതിന്റെ വളരെ വിദൂരമായ വിവക്ഷകൾ മാത്രമാണ്. മതം എന്നത് ആത്മീയ പ്രധാനമായിരിക്കെ ആത്മാവിന്റെ ദുരകൾക്കെതിരെ ചെയ്യുന്ന സമരമാണ് 'ജിഹാദ്'.

മറ്റൊരു പ്രധാനകാര്യം മസീഹ് ആഗതനായാൽ യുദ്ധം നിർത്തുമെന്ന് റസൂൽ തിരുമേനി അരുൾ ചെയ്യുന്നു. *'ഏതൊരുവന്റെ കയ്യിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണെ സത്യം നീതിമാനും വിധികർത്താവുമായി ഇബ്നു മറിയം നിങ്ങളിൽ ഇറങ്ങുന്ന കാലം വരും. അദ്ദേഹം കുരിശു മുറിക്കുകയും പന്നിയെ കൊല്ലുകയും യുദ്ധം നിറുത്തുകയും ചെയ്യും. (ബുഖാരി)* ആഗതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) അരുളുകയുണ്ടായി.

"ചുരുക്കത്തിൽ ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമ്മിക നിലവാരം തന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാധ്യമല്ലാതെ വന്നു............. എന്നാൽ ഇസ്ലാമിന്റെ ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ചയും എല്ലാം വിശുദ്ധ ഖുർആന്റേയും വിശ്വസനീയമായ ഹദീസുകളുടെയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ളതത്രെ". (മസീഹ് ഹിന്ദുസ്ഥാൻ മെ) l

ലേഖനം

# മതത്തിൽ ബലാൽക്കാരമില്ല

**ഹദ്റത്ത് അഹ്മദ് (അ)**

ഇക്കാലത്ത് അമുസ്ലിംഭരണാധിപന്മാർ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നതു പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാനകർമാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതുമുസ്ലിംകളെ അവർ കൊന്നുകളയുന്നില്ല. അവരെ തുറങ്കിലടച്ചു ഭേദ്യംചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർക്കെതിരെ ഇസ്ലാമിന്റെ വാൾ എന്തിനു ചുഴറ്റപ്പെടണം? മതകാര്യത്തിൽ ബലപ്രയോഗത്തെ ഇസ്ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും, കഴിയുന്നേടത്തോളം ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്കയാണെങ്കിൽ, മതധർമം പരത്താനായി ഇസ്ലാം വാൾ ചുഴറ്റിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഖുർആനും ഹദീസുകളും വിശ്വാസ്യങ്ങളായ ഇസ്ലാമിക ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതു. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ടു തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്നു എനിയ്ക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം 'ലാ ഇക് റാഹ ഫിദ്ദീൻ' "മതത്തിൽ ബലാൽക്കാരമില്ല" - അതായതു, മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല - എന്നു വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കെ, ആ ഇസ്ലാംധർമത്തെപ്പറ്റി ബലപ്രയോഗത്തിന്റെ മതമെന്നു പറയാമോ? പരിശുദ്ധ മക്കായിൽ പതിമൂന്നുകൊല്ലക്കാലം തിന്മയെ തിന്മ കൊണ്ടു നേരിടരുതെന്നും ക്ഷമയും സഹനവും കൈക്കൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചു കൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്ലാംധർമത്തെ വേരോടെ നശിപ്പിക്കാനായി സകല ശക്തികളും ഒന്നിച്ചുചേർന്നു ശ്രമിച്ചപ്പോൾ, 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചുമറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബലപ്രയോഗത്തിന്റെ പാഠം നൽകിയിരുന്നെങ്കിൽ നമ്മുടെ നബിനായകർ (സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാഘട്ടങ്ങളിൽ ആത്മാർത്ഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജ്ജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബിനായകർ (സ) തിരുമേനിയുടെയും സഹാബാക്കളുടെയും ആത്മാർത്ഥത ഇവിടെ എടുത്തുപറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്തതരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർത്ഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയത്തിൽ നിന്നും മനസ്സിൽനിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർത്ഥതയും അവർ പരിശുദ്ധ നബിയുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ, ഇസ്ലാമിൽ ബലപ്രയോഗത്തിന്നു ഒരു സ്ഥാനവുമില്ല.

മൂന്നുതരത്തിലുള്ള യുദ്ധത്തിന് മാത്രമെ ഇസ്ലാം അനുവാദം നല്കുന്നുള്ളൂ:

1. പ്രതിരോധപരം - എന്നുവച്ചാൽ, ആത്മരക്ഷയ്ക്കു വേണ്ടിയുള്ള യുദ്ധം.

2. പ്രതിക്രിയാപരം - എന്നുവച്ചാൽ, ചോരക്ക് ചോര എന്ന നിലയിൽ ശിക്ഷാരൂപത്തിലുള്ള യുദ്ധം.

3. പ്രമോചനപരം - എന്നുവച്ചാൽ, ഇസ്ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകരമർദ്ദകഭരണാധികാരികളിൽനിന്നു മോചനം

*(ശേഷം 11-ാം പേജിൽ)*

ഖുത്വ്ബ

# കാർട്ടൂൺ: അഹ്മദികൾക്കെതിരെ അപവാദം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**(3-03-2006ന് ചെയ്ത ജുമുഅ ഖുത്വ്ബയുടെ വിവർത്തന സംഗ്രഹം)**

**കാ**ർട്ടൂൺ പ്രശ്നത്തിൽ എല്ലാവിഭാഗത്തിൽപ്പെട്ട മുസ്ലിംകളുടേയും വികാരം വ്രണപ്പെട്ടിരിക്കുകയാണ്. റസൂൽ തിരുമേനി (സ) യോടുള്ള സ്നേഹത്തിനു മുന്നിൽ ജീവൻ ത്യജിക്കുവാൻ വരെ മുസ്ലിംകൾ തയ്യാറാണ്. ബന്ദുകളും ഹർത്താലുകളും ജാഥകളും നടത്തുന്ന മുസ്ലിം ലോകം അവരുടെ രോഷ പ്രകടനത്തിന്റെ മൂർദ്ധന്യാവസ്ഥയിലാണ്. ഈ സന്ദർഭത്തിലാണ് ലണ്ടനിൽ നിന്നും പുറപ്പെടുന്നതും പാക്കിസ്ഥാനിൽ എഡിഷനുള്ളതുമായ ജംഗ് എന്ന പത്രം അഹ്മദിയ്യാ ജമാഅത്തിനെ കാർട്ടൂൺ വിവാദവുമായി ബന്ധപ്പെടുത്തി അതിനീചമായ ഒരു വ്യാജറിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വെള്ളിയാഴ്ച ജുമാ ദിവസത്തിന്റെ തലേന്ന് വ്യാഴാഴ്ച്ചയാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. അഹ്മദികൾക്കെതിരെ ജനങ്ങളെ ഇളക്കി വിടാനുള്ള ലക്ഷ്യം വെച്ച് കൊണ്ടാണ് ഈ റിപ്പോർട്ട് എന്ന് വ്യക്തം. ഡോ: ജാവേദ് ഖമർ എന്നയാളാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തത്. റിപ്പോർട്ട് ഇങ്ങനെയാണ്. 'തന്റെ പേരും ഉദ്യോഗവും മറ്റു വിവരങ്ങളും രഹസ്യമാക്കിവെക്കണമെന്ന നിബന്ധനയോടെ കാർട്ടൂൺ പ്രശ്നത്തിൽ സംസാരിച്ചു കൊണ്ട് ഒരു ഡാനിഷ് ഉദ്യോഗസ്ഥൻ ജംഗ് പ്രതിനിധിനിയോട് പറഞ്ഞ രൂപത്തിലാണ് വാർത്ത പ്രസിദ്ധീകരിച്ചത്. 2005 സെപ്തംബറിൽ ഖാദിയാനികളുടെ വാർഷിക സമ്മേളനം ഡന്മാർക്കിൽ നടന്നുവെന്നും ആ അവസരത്തിൽ ഡാനിഷ് മന്ത്രിയുമായി ഖാദിയാനി സംഘം നടത്തിയ കൂടിക്കാഴ്ച വേളയിൽ അവരുടെ നബി മിർസാഗുലാം അഹ്മദ് ജിഹാദ് ദുർബലപ്പെടുത്തുകയും ഇസ്ലാമികാദ്ധ്യാപനങ്ങളെ മാറ്റുകയും ചെയ്തുവെന്നും അതുകൊണ്ട് മുഹമ്മദിന്റെ അദ്ധ്യാപനങ്ങളുടെ കാലഘട്ടവും അവസാനിച്ചുവെന്നും (നഊദുബില്ലാഹ്) ഡാനിഷ് ഉദ്യോഗസ്ഥനോട് ഖാദിയാനികൾ പറഞ്ഞു. ഖാദിയാനികളുടെ അഭിപ്രായ പ്രകാരം മുഹമ്മദ് (സ)ന്റെ അനുയായികൾ സഊദി അറേബ്യയിൽ മാത്രമാണ് ഉള്ളത്. ജംഗ് പത്രം റിപ്പോർട്ട് തുടരുന്നു: 'ഈ കൂടിക്കാഴ്ചക്ക് ശേഷമാണ് ഡാനിഷ് പത്രത്തിൽ സപ്തംബർ 30ന് 12 കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടത്. ഇതിന്റെ യഥാർത്ഥ ലക്ഷ്യം മുസ്ലിംകളുടെ ജിഹാദ് എന്ന വിഷയത്തിൽ ആക്രമണം നടത്തുക എന്നതാണ്. സഊദി അറേബ്യയൊഴികെ മറ്റൊരു രാജ്യവും കാർട്ടൂണിനെതിരെ പ്രതികരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഞങ്ങൾക്കുണ്ടായ ധാരണയും ഇത് ശരിവെക്കുന്നുവെന്നും ഡാനിഷ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഖാദിയാനികളുമായി നടത്തിയ കൂടിക്കാഴ്ചയുടെ ടേപ്പും വീഡിയോയും തങ്ങളുടെ പ്രതിനിധിയെ കാണിച്ചുവെന്നും ജംഗ് പത്രം റിപ്പോർട്ട് ചെയ്യുന്നു.

കളവിന് കാലില്ലല്ലോ. തികച്ചും കള്ളമായ റിപ്പോർട്ടാണ് ഡോ. ജാവേദ് ഖമർ എന്നയാൾ എഴുതിവിട്ടിരിക്കുന്നത്. ജംഗ് പത്രത്തിന്റെ ഡാനിഷ് പ്രതിനിധിയാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് റിപ്പോർട്ട് അന്വേഷണത്തിൽ അയാൾ ഇറ്റലിയിലാണ് താമസിക്കുന്നതെന്നറിഞ്ഞു. ഡന്മാർക്കിൽ നിന്ന് പത്രവാർത്തകളയക്കാൻ ഇയാൾക്ക് യാതൊരു അധികാരമോ അനുവാദമോ ഇല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റിപ്പോർട്ടിൽ പറയുന്നത് പോലെ അഹ്മദിയത്തിന്റെ 2005 വാർഷിക സമ്മേളനം ഡന്മാർക്കിൽ നടന്നിട്ടില്ല. 2005 സെപ്തംബറിൽ ഞാൻ സ്വീഡനിൽ പോയപ്പോൾ സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ ഒന്നിച്ചുള്ള ഒരു സമ്മേളനം നടന്നിരുന്നു. ഡന്മാർക്കിൽ ഞാൻ പോയപ്പോൾ ഒരു ഹോട്ടലിലെ സ്വീകരണ മുറിയിൽ വെച്ച് ഒരു റിസപ്ഷനാണ് സംഘടിപ്പിച്ചത്. പത്രപ്രധിനിധികളും, മറ്റു ഉന്നത ഉദ്യോഗസ്ഥന്മാരും, ബുദ്ധിജീവികളും, പൗരപ്രമുഖരും, ഡന്മാർക്കിലെ ഒരു മഹിളാ മന്ത്രിയും അവിടെ സന്നിഹിതരായിരുന്നു. അവിടെ വിശുദ്ധഖുർആന്റെയും, റസൂൽ തിരുമേനി (സ) ഹദീസിന്റെയും, വാഗ്ദത്ത് മസീഹിന്റെയും അദ്ധ്യാപനങ്ങളുടേയും അടിസ്ഥാനത്തിൽ ഇസ്ലാമിന്റെ ശാന്തി സമ്പൂർണ്ണമായ

സാരസർവ്വസ്വവും ലാഇലാഹാ ഇല്ല ല്ലാഹു മുഹമ്മദുർറസുലുല്ലാഹ് (അല്ലാഹു അല്ലാതെ ആരാധനക്കർ ഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി (സ) അവന്റെ ദൂതനാകുന്നു) എന്നാകുന്നു. അവിടുന്ന് ഖാത്തമു ന്നബിയ്യീനും ഖയ്റുൽ മുർസലീനു മാണ്. റസൂൽ തിരുമേനി (സ) മുഖേ ന മാത്രമേ മനുഷ്യന് സത്യപാത കൈവരിച്ച് ദൈവത്തെ പ്രാപിക്കാൻ സാധ്യമാകൂ ഇതാണ് ഞങ്ങളുടെ വിശ്വാസം. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

“നേരായ മാർഗ്ഗം ഇസ്ലാംമതം മാത്രമാണ്. ആകാശത്തിന് കീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവും മാത്രമേയുള്ളൂ. അതായത് ഹദ്റത്ത് റസൂൽ തിരുമേനിയും വിശുദ്ധ ഖുർആനും. അദ്ദേഹം സകലനബിമാരേക്കാളും ഉന്നതനും ശ്രേഷ്ഠനുമാണ്. എല്ലാ റസൂൽമാരേ ക്കാളും തികവുറ്റവനും പരിപൂർണമാ ണ്. അവിടുത്തെ പാഠങ്ങൾ കൊണ്ട് മാത്രമേ അന്ധകാരം അകലുകയും വെളിച്ചം ലഭിക്കുകയും ചെയ്യുക. യഥാർത്ഥമായും ലഭിക്കേണ്ടതും അവിടുന്ന് മുഖേനയാണ്. സത്യം പ്രകടിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ നബി ഒരു മുജദ്ദിദെ അഅ്സം (ഏറ്റ വും വലിയ പരിഷ്ക്കർത്താവ്) ആണ്. കളഞ്ഞുപോയ സത്യത്തെ പുനഃപ്രതിഷ്ഠിക്കുന്നതിൽ മുഹമ്മദ് നബി (സ) ക്കല്ലാതെ മറ്റൊരു നബി ക്കും യാതൊരു സ്ഥാനവുമില്ല.’ ധാർ മ്മികമായ ഗുണങ്ങൾ അദ്ദേഹം പഠി പ്പിച്ചു. മൃഗതുല്യം ജീവിച്ചിരുന്ന വരെ മനുഷ്യരാക്കി മനുഷ്യരിൽ നിന്നും ജ്ഞാനികളുണ്ടായി. ജ്ഞാനിക ളിൽ നിന്നും ദൈവവുമായി ബന്ധ മുള്ള ആത്മീയ ജ്ഞാനികളെ സൃ ഷ്ടിച്ചു. ദൈവവഴിയിൽ ആടുകളെ പോലെ അറുക്കപ്പെട്ടിട്ടും ഉറുമ്പുകളെ പോലെ ചവിട്ടിമെതിക്കപ്പെട്ടിട്ടും അവർ ഈമാൻ ഉപേക്ഷിച്ചില്ല. ജമാ ലിയ്യ ജലാലിയ്യ, സിഫത്തുകൾ അവി ടുത്തെ ന്യായപ്രമാണം ആവഹിക്കു ന്നു. ഈ ഗുണ പ്രകടനത്തിന്നാണ് മുഹമ്മദ്, അഹ്മദ് എന്നീ അഭിധാന

പാഠങ്ങൾ ഞാൻ വിവരിക്കുകയുണ്ടാ യി. ഡന്മാർ ക്കിലെ എല്ലാ ദൃശ്യ വാർത്താ മാധ്യമങ്ങളും അത് പ്രസി ദ്ധീകരിക്കുകയുണ്ടായി. രഹസ്യമാ യിട്ട് യാതൊരു കൂടിക്കാഴ്ച്ചയും നട ന്നിട്ടില്ല. എല്ലാം പത്ര പ്രതിനിധിക ളുടെ മുമ്പിൽ വെ ച്ചുള്ള പൊതു പരി പാടിയായിരുന്നു. ആ സന്ദർഭത്തിൽ മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും അംഗീകരിക്കുകയോ ഇഷ്ടപ്പെടു കയോ ചെയ്യാത്ത വളരെ ചുരുക്കം ആളുകളുടെ ഭീകര വാദ പ്രവർത്ത നത്തെപറ്റിയും പറഞ്ഞിട്ടുണ്ടാകാം. ഏതായാലും നാം പറയാത്ത കാര്യ ങ്ങൾ പറഞ്ഞുവെന്നാണ് ജംഗ് പത്രം റിപ്പോർട്ട് ചെയ്യുന്നത്. ഈ പരിപാ ടിയുടെ ഇംഗ്ലീഷ് ഡാനിഷ്, ഉറുദുഭാ ഷകളിലുള്ള റിക്കാർഡ് ചെയ്ത വീഡിയോ ടേപ്പും ഉണ്ട് എന്നവർ പറ യുന്നു. എങ്കിൽ അത് അവർ ഹാജ രാക്കട്ടെ. ‘ലഅ് നത്തുള്ളാഹി അലൽ കാദിബീൻ’ ‘കളവ് പറയുന്ന വരുടെ മേൽ അല്ലാഹുവിന്റ ശാപം’ എന്ന് മാത്രമാണ് അവരെക്കുറിച്ച് പറ യാനുള്ളത്. അഹ്മദിയ്യാ ജമാഅത്തി നെതിരെ ഇത്തരം കള്ള പ്രചരണ ങ്ങൾ ഇതിന് മുമ്പും നടന്നിട്ടുണ്ട്. അപ്പോഴെല്ലാം അല്ലാഹുവിന്റെ പക്ക ൽ നിന്ന് പരാജയത്തിന്റെ മുഖമാണ് അവർ ദർശിച്ചത്. വാസ്തവത്തിൽ ഡന്മാർക്കിലെ കാർട്ടൂണിനെതിരെ ആദ്യമായി പ്രതികരിച്ചതും ഫലപ്ര ദമായി അതിനെതിരെ പ്രതിക രിച്ചതും അഹ്മദിയ്യാ ജമാഅത്താണ്.

കാർട്ടൂൺ വിവാദത്തോടനുബ ന്ധിച്ച് ഡന്മാർക്ക് സ്വദേശിയായ ഒരഹ്മദിമാന്യൻ അബ്ദുസ്സലാം മെഡ്സൺ സാഹിബിന്റെ സുദീർഘ മായ ഒരു ഇന്റർവ്യൂ പത്രങ്ങളിൽ വരു കയുണ്ടായി. അതിൽ കാർട്ടൂൺ വിവാദത്തെപ്പറ്റി തങ്ങളുടെ പ്രതി ഷേധവും ആശങ്കയും അറിയിക്കാൻ വന്ന മുസ്ലിം രാജ്യങ്ങളിലെ അംബാ സർമാരെ ഡാനിഷ് പ്രധാനമന്ത്രി കാണാൻ കൂട്ടാക്കത്തത് അങ്ങേയറ്റം അപലപനീയമാന്നെും പറയുകയു ണ്ടായി. മുസ്ലിംകൾക്ക് റസൂൽ തിരുമേനി (സ) യോടുള്ള അത്യഗാ

ധമായ സ്നേഹത്തെപ്പറ്റി യൂറോ പ്യൻമാർക്കറിയില്ലെന്ന് റസൂൽ തിരു മേനിയുടെ (സ) നേർക്കുണ്ടാകുന്ന ഏതൊരു ചെറിയ നിന്ദയേയും അവർ ക്ക് സഹിക്കാൻ സാധ്യമല്ലെന്നും അദ്ദേഹം പറഞ്ഞു. ജില്ലന്റ് പോസ്റ്റ ൺ എന്ന ഈ പത്രം ഹീനമായ ഈ കാർട്ടൂൺ പ്രസിദ്ധീകരിച്ചത് കടുത്ത അപരാധമാണെന്നും മെഡ് സൺ സാഹിബ് തന്റെ ഇന്റർവ്യൂവിൽ വ്യക്തമാക്കിയതാണ്. മതനി ന്ദക്ക് ഡന്മാർക്കിൽ നിയമമുണ്ട്. അതിന്റെ ആവശ്യമില്ല എന്നായിരുന്നു ഞാൻ ആദ്യം കരുതിയിരുന്നത്. ഇത്തരം ഹീനമായ ആക്രമണമുണ്ടാകുമ്പോൾ ഈ നിയമം ആവശ്യമുണ്ട് എന്ന് തോന്നിപ്പോവുന്നു. റസൂൽ തിരുമേനി (സ) യെ അധിക്ഷേപിച്ചവർക്ക് ദൈവിക ശിക്ഷ ഉണ്ടാവുമെന്നും മെഡ്സൺ സാഹിബ് ആ ഇന്റർവ്യൂ വിൽ വ്യക്തമാക്കി.

ഹദ്റത്ത് അഹ്മദ് (അ) മുഹ മ്മദ് നബി (സ) യേക്കാൾ വലിയ സ്ഥാനിയാണെന്ന് വാദിച്ചു എന്നു പറയുന്നത് എത്ര ഘോരമായ കളവാ ണ്? ഫിത്നയുണ്ടാക്കുക എന്നല്ലാ തെ മറ്റൊന്നും ഇവരുടെ ലക്ഷ്യമല്ല. ഒരഹ്മദിക്കും വാഗ്ദത്ത മസീഹ് (അ) ന്റെ സ്ഥാനം റസൂൽ തിരുമേ നിക്ക് (സ) മുകളിലാണെന്ന് ധരി ക്കാൻ സാധ്യമല്ല. വാസ്തവത്തിൽ വാഗ്ദത്ത മസീഹിന്റെ (അ) അവ സ്ഥയെന്താണ്? തന്റെ എല്ലാ അസ്തി ത്വവും മുഹമ്മദ് നബി (സ) യിൽ ലയിപ്പിച്ച റസൂൽ തിരുമേനിയുടെ വിനീത ദാസനായിരുന്നു അദ്ദേഹം. അദ്ദേഹം എഴുതി.

ഉസ് നൂർ പർഫിദാഹും
ഉസ്ക്കാഹി മേ ഹുവാഹും
വൊഹേ മേയ്ചീസ് കിയാഹും
ബസ് ഫൈസല യഹീഹെ
‘ആ ദിവ്യ ദീപ്തിക്കു മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛ
നത്രെ
മതി മതി വിധിയിതു തന്നെ
യല്ലേ!

നമ്മുടെ അദ്ധ്യാപനങ്ങളുടെ

ണ്. ഇക്കാലത്ത് വാളെടുത്ത് ജിഹാദ് പാടില്ലെന്നാണ് അഹ്മദികളുടെ നിലപാട്. പണ്ട് ദീനിനു നേരെ വാളുമായി വന്നവരെ വാളുകൊണ്ടു തന്നെ തടയേണ്ടിവന്നു. എന്നാൽ ദീനിപരമായ കാര്യങ്ങൾ നടത്തുവാൻ ശത്രുക്കൾ വാൾ പ്രയോഗിക്കാത്ത ഇക്കാലത്ത് നാമെന്തിന് വാളെടുക്കണം? പള്ളികളിൽ ബാങ്ക് തടയുന്നത് ആരാണ്? ഇപ്പറയുന്ന കൂട്ടർ തന്നെയാണ്. ഇസ്‌ലാമിന്റെ ശത്രുക്കൾ നിർവ്വഹിച്ച ആ കൃത്യം അഹ്മദികൾക്കെതിരെ പാകിസ്താനിൽ നിർവ്വഹിക്കുന്നത് ഈ ഉലമാക്കൾതന്നെയാണ്. എന്നിട്ടും നാം മൗനം പാലിക്കുന്നു. ബുഖാരിയിൽ 'കിതാബുൽ അംബിയാഅ്' എന്ന അദ്ധ്യായത്തിൽ ഈസാ നബിയുടെ ഇറക്കം എന്ന ശീർഷകത്തിൽ വാഗ്ദത്ത മസീഹിനെക്കുറിച്ച് വ്യക്തമായ പ്രതിപാദനമുണ്ട് 'യളഉൽ ഹറബ്' 'വാഗ്ദത്ത മഹ്ദി യുദ്ധം ചെയ്യില്ല എന്നാണതി'ന്റെ അർത്ഥം. 'അസനുൽ കതുബ്' എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്ന സഹീഹ് ബുഖാരിയുടെ നിഷേധമല്ലേ മുസ്‌ലിംകളുടെ ഈ വിശ്വാസം. ഇന്ന് മുസ്‌ലിംകൾ നടത്തുന്ന ഭീകരാക്രമണങ്ങൾ ഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ജിഹാദല്ല. നിരപരാധികളെ ആക്രമിക്കുന്ന പരിപാടി ഭീകര പ്രവർത്തനമാണ്. ഇസ്‌ലാമിക ജിഹാദുമായി അതിനു ബന്ധമില്ല. നബി (സ) സന്ദേശം ലോകത്ത് പ്രചരിപ്പിക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ് യഥാർത്ഥ ജിഹാദ് ചെയ്യുന്നവർ അവർ അഹ്മദികളുമാണ്.

ഞങ്ങൾക്കെതിരെ ഗുരുതരമായ ആരോപണം ഉന്നയിച്ച പാകിസ്താനി പത്രപ്രവർത്തകന്റെ ഈ കള്ള പ്രചാരണം ഞങ്ങൾ ഇവിടംകൊണ്ട് അവസാനിപ്പിക്കില്ല. നിയമമാർഗ്ഗത്തിൽ ഇത്തരം കള്ള പ്രചാരണങ്ങൾക്കെതിരെ ഞങ്ങൾ പരാതി ബോധിപ്പിക്കും. ഒരു കാര്യം ഓർക്കുക. മുഴുലോകവും ഒന്നിച്ചുകൊണ്ട് നമ്മെ നശിപ്പിക്കാൻ ശ്രമിച്ചാലും നമ്മെ നശിപ്പിക്കാനാവില്ല. കാരണം അല്ലാഹു നമ്മോടൊപ്പമാണ്. ( 

അറിവും മനസ്സും ജീവനും ഇന്ദ്രിയാശകളും ഭയവും സ്നേഹവും ആദരവും സൗന്ദര്യവും ഭൗതികവും ആത്മീയവുമായ സകല അനുഗ്രഹങ്ങളുമാണ്. അല്ലാഹു അത് പരിപൂർണ്ണ മനുഷ്യന് പ്രദാനം ചെയ്യുന്നു. ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും മികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗ്ഗദർശിയുമായ ആ നിരക്ഷര പ്രവാചകൻ, അതെ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫ (സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്.'

തങ്ങളുടെ വ്യക്തിപരമായ നേട്ടത്തിന് വേണ്ടി മാത്രമാണ് മുല്ലമാർ തിരുനബി (സ) യോട് സ്നേഹം നടിക്കുന്നത്. വാഗ്ദത്ത മസീഹ് ഉദീരണം ചെയ്തത് പോലെ പ്രകൃഷ്ടമായ വചനങ്ങളിൽ അവരുടെ സാഹിത്യങ്ങളിൽ ഇത്തരം സ്തുതി വചനങ്ങൾ കാണിച്ചു തരുവാൻ സാധ്യമാണോ? ആ മഹാത്മാവിനെയാണ് നിങ്ങൾ കള്ളവാദിയെന്ന് പറയുന്നത് (നഊ ദുബില്ലാഹ്) ഹദ്റത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു.

'ഞാൻ സത്യമായും പറയുന്നു. മാളങ്ങളിൽ വസിക്കുന്ന പാമ്പുകളുമായും വനങ്ങളിൽ കഴിയുന്ന ചെന്നായ്ക്കളുമായും നമുക്ക് സന്ധിചെയ്യാൻ കഴിയും? എന്നാൽ നമ്മുടെ പ്രിയപ്പെട്ട നബിയുടെ മേൽ എനിക്കെന്റെ മാതാപിതാക്കളെക്കാൾ പ്രിയങ്കരനായ നബി (സ) യുടെ മേൽ അവിശുദ്ധമായ ആക്രമം നടത്തുന്നവരുമായി എങ്ങനെ സന്ധിചെയ്യാൻ കഴിയും." ഇതായിരുന്നു ഹദ്റത്ത് അഹ്മദിന്റെ നിലപാട്. എന്നിട്ടും റസൂൽ തിരുമേനി (സ) ക്കെതിരെ കാർട്ടൂൺ വരച്ചതിനു പിന്നിൽ അഹ്മദികളാണെന്ന് പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ.

റസൂൽ തിരുമേനി (സ) യെ അഹ്മദികൾ അംഗീകരിക്കുന്നില്ല എന്നു പ്രചരിപ്പിക്കുന്ന ഇക്കൂട്ടർ ഉന്നയിക്കുന്ന മറ്റൊരു ആരോപണം ജിഹാദ് കാലഹരണപ്പെടുത്തി എന്നാ ങ്ങൾ അദ്ദേഹത്തിനു നൽകപ്പെട്ടത്.

റസൂൽ തിരുമേനി (സ) യും വിശുദ്ധഖുർആനും മാത്രമേ നിലനില്ക്കുന്നുള്ളൂ. ഹദ്റത്ത് അഹ്മദിനെപ്പറ്റി 'നബി', 'റസൂൽ' എന്നീ പദങ്ങൾ കാണുന്നത് ധാരാളം വെളിപാടുകൾ ലഭിക്കുന്നയാൾ എന്ന അർത്ഥത്തിൽ മാത്രമാണ്. പുതിയ ശരീഅത്തുമായി വന്ന നബി എന്ന അർത്ഥത്തിലല്ല. ഈയ്യൊരു സത്യത്തിനെതിരെ പ്രചാരണം നടത്തുകയാണ് എതിരാളികൾ ചെയ്യുന്നത്. ജുഗുപ്സാവഹമായ ഇത്തരം കുൽസിത പ്രവൃത്തികൾ അവർ ചെയ്തുവരുന്ന പ്രവൃത്തിയാണ്. ഹദ്റത്ത് അഹ്മദ് (അ) റസൂൽ തിരുമേനി (സ) യെക്കുറിച്ച് വീണ്ടും എഴുതുന്നു:

'മനുഷ്യരിൽ ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ യാതൊരു വസ്തുകളിലും അതുണ്ടായിരുന്നില്ല. അത് മനുഷ്യരിൽ മാത്രമേയുള്ളൂ. പരിപൂർണനായ മനുഷ്യനിൽ എന്നു വെച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തമവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അത് വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ് മനുഷ്യന്നാണ് നൽകപ്പെട്ടത്. അപ്രകാരം തന്നെ ഒരളവിലും പല നിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ. അമാനത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശം പരിപൂർണ്ണനായ മനുഷ്യനിൽ നൽകപ്പെട്ട ആ എല്ലാ കഴിവുകളിലും ബുദ്ധിയും

ലേഖനം

# സമാധാനം: മതങ്ങൾ ആത്മപരിശോധന നടത്തട്ടെ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ക്രിസ്ത്യാനികളുമായുള്ള കുരിശുയുദ്ധത്തിൽ മരിച്ചതിനേക്കാൾ കൂടുതൽ മുസ്‌ലിംകൾ മുസ്‌ലിംകൾ തമ്മിലുള്ള കലാപങ്ങളിൽ മരിച്ചിട്ടുണ്ട്.**

താഴെ കാണുന്ന പ്രഖ്യാപനത്തിലൂടെ മതാന്തര സഹവർത്തിത്വത്തെക്കുറിച്ച് ഇസ്‌ലാം ഒരടികൂടി മുന്നോട്ടു വെക്കുന്നു.

1. ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. (5:3)

മതപരമായ വൈരം നിമിത്തം മുസ്‌ലിംകളെ ആക്രമിച്ച ശത്രുക്കളോടു പോലും അനീതി പ്രവർത്തിക്കാൻ ഖുർആൻ അനുവദിക്കുന്നില്ല.

മുസ്‌ലിംകളോടു ശത്രുതയിൽ പങ്കാളിത്വം വഹിക്കാത്ത അവിശ്വാസികളായവരെക്കുറിച്ചുള്ള സമീപനമെന്താണെന്ന് നോക്കാം. അവരെ പരാമർശിച്ചുകൊണ്ട് ഖുർആൻ പറയുന്നു.

'നിങ്ങൾക്കും, അവരിൽ നിന്ന് നിങ്ങളേതൊരു കൂട്ടരുമായി ശത്രുതയിൽ വർത്തിക്കുന്നുണ്ടോ അവർക്കും തമ്മിൽ അല്ലാഹു സ്നേഹമുണ്ടാക്കിയെന്നു വരാം. അല്ലാഹു സർവ്വശക്തനാണ്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോടു വിരോധിക്കുന്നില്ല. തീർച്ചയായും നീതിപാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (60:8,9)

പരസ്പരമുള്ള വിയോജിപ്പുകളെ പറ്റി പറഞ്ഞ് കലഹങ്ങളുണ്ടാക്കുന്നതിന് പകരം മനുഷ്യ സമൂഹത്തിന് ഉപകാര പ്രദമായ പൊതു പരിപാടികൾ ആവിഷ്ക്കരിക്കാനാണ് താഴെ പറയുന്ന വചനം ഊന്നിപ്പറയുന്നത്.

'പറയുക ഓ, ഗ്രന്ഥാനുസാരികളേ (കുറഞ്ഞ പക്ഷം) ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് അല്ലാഹു വല്ലാതെ (ഏകദൈവം) നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്ത്വത്തിലേക്ക്) വരിക. എന്നിട്ട് അവർ പിന്തിരിഞ്ഞു കളയുന്നുവെങ്കിൽ പറയുക. ഞങ്ങൾ (ദൈവത്തോട്) അനുസരണം പുലർത്തുന്നവരാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക.' (3:65)

മനുഷ്യപ്രവർത്തനത്തിന്റെ സമസ്ത മേഖലകളിലും സമാധാനം പ്രദാനം ചെയ്യുന്നതിൽ പ്രബല മതങ്ങളുടെ പങ്കിനെക്കുറിച്ച് പരിശോധിക്കുന്നതിന് മുമ്പായി തങ്ങളുടെ അനുയായികൾക്കിടയിലുള്ള വിവിധ വിഭാഗങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കാൻ മതങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് വിമർശനാത്മകമായി പരിശോധിക്കുക എന്നത് വളരെ നിർണ്ണായകമാണ്. അതുപോലെ ഇത:പര്യന്തം മതങ്ങൾക്കകത്തെ വിഭാഗങ്ങൾ തമ്മിൽ സമാധാനത്തോടെ സഹവർത്തിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോ എന്നും വിലയിരുത്തേണ്ടതുണ്ട്.

വർദ്ധിച്ചുവരുന്ന ഭൗതികതയുടെ അതിപ്രസരം കാരണം സമൂഹം മൊത്തത്തിൽ ആത്മീയതയിൽ നിന്നും ശാരീരികവും ഇന്ദ്രിയപരവുമായ ഇച്ഛകളിലേക്ക് വഴിമാറുന്ന അവസ്ഥ വിലയിരുത്തുമ്പോൾ മതം അപ്രധാനമായതും പരിത്യജിക്കേണ്ടതുമാണെന്ന വിശ്വാസത്തിലേക്ക് ഒരാൾ ആനയിക്കപ്പെടുന്നു.

അത്തരത്തിൽ ഒരു നിഗമനത്തിലെത്തുന്നതിനോട് ഞാൻ ഖേദ

പൂർവ്വം വിയോജിക്കുന്നു. കാരണം നാം നമ്മുടെ മതപരമായ സമീപനം ബാഹ്യമായും ആഭ്യന്തരമായും പരിഷ്ക്കരിക്കാത്ത കാലത്തോളം ലോക സമാധാനമെന്ന ലക്ഷ്യത്തിലേക്കുള്ള യത്നത്തിൽ ക്രിയാത്മകം എന്നതിനേക്കാൾ നിഷേധാത്മകമായ പങ്കു വഹിച്ചുകൊണ്ട് മതത്തിന്റെ ഇടപെടൽ തുടരുകയായിരിക്കും ഫലം. മതം സമാധാനം സ്ഥാപിക്കുന്നതിൽ പ്രബലമായ ഒരു പങ്ക് വഹിക്കേണ്ടതുണ്ട്. വിവിധ മത വിഭാഗങ്ങൾ തമ്മിലും, മതങ്ങൾ തമ്മിലുമുള്ള തെറ്റിദ്ധാരണകൾ നീക്കേണ്ടതുണ്ട്, മനുഷ്യനിൽ അത് അന്തസ്സ് പകരണം, ജീവിക്കുക ജീവിക്കാൻ അനുവദിക്കുക എന്ന തത്വം മതങ്ങൾ പ്രയുക്തമാക്കേണ്ടതാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, സമകാലീന ലോകത്ത് സമാധാനം സംസ്ഥാപിക്കുന്നതിൽ മതം വളരെ നിസ്സാരമായ ഒരു പങ്കാണ് വഹിക്കുന്നത്. മാത്രമല്ല അരാജകത്വവും രക്തച്ചൊരിച്ചിലും സൃഷ്ടിക്കുകയും നിതാന്തമായ ദുരിതങ്ങളും യാതനകൾക്കും കാരണമാകുന്ന ശക്തമായ ഒരു ധാരയായി മതം ഇപ്പോഴും നിലകൊള്ളുകയും ചെയ്യുന്നു. അതിന്റെ അളവ് എത്രയാണെന്ന് ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ല. ഈയൊരു സജീവമായ പ്രശ്നത്തെ അഭിമുഖീകരിക്കാതെയോ അതിന്റെ പിഴവുകൾ തിരുത്താതെയോ ലോക സമാധാനം സാക്ഷാൽകരിക്കാൻ സാധ്യമല്ല.

മതത്തിനകത്ത് തന്നെ ആഭ്യന്തരമായി മതവികാരങ്ങൾ അതിശക്തമായി ഉത്തേജിപ്പിക്കപ്പെട്ടേക്കാം. മതത്തിനകത്തുള്ള ഒരു വിഭാഗത്തിന് അത് യാതനകളും ദുരിതങ്ങളും വിതക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇതെല്ലാം വന്നു ഭവിക്കുന്നത് ആ മതത്തിലെ ന്യൂനപക്ഷീയരായ ഒരു വിഭാഗങ്ങളിലാണ്.

സമാധാനത്തിന്റെ മതമായ ഇസ്‌ലാം അതിന്റെ ചരിത്രത്തിലുടനീളം സന്തം വിശ്വാസത്തിൽ തന്നെയുള്ള നിരപരാധികളായവരുടെ സമാധാന ജീവിതം തകർത്തുകളഞ്ഞ വൃത്തികെട്ടതും നിന്ദാകരവുമായ കഥകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. അങ്ങനെ സമാധാന ജീവിതം തകർക്കപ്പെട്ടവരാകട്ടെ തീർച്ചയായും ഇസ്‌ലാം മതവിശ്വാസികൾ തന്നെ. എന്നാൽ പ്രസ്തുത മത വിഭാഗം മറ്റുള്ളവരുടെ വഴിയിലും ശൈലിയിലുമുള്ളവരല്ല എന്നു മാത്രം. വാസ്തവത്തിൽ ഇസ്‌ലാമിക ചരിത്രം പരിശോധിക്കുമ്പോൾ അണുമണി തൂക്കം സംശയത്തിനിടയില്ലാത്തവിധം മുസ്‌ലിംകളെ തന്നെ അത് പീഡിപ്പിച്ചിരുന്നുവെന്ന് നമുക്ക് തെളിയിക്കാനാവും. കുരിശു യുദ്ധക്കാരോട് മുസ്‌ലിംകൾ വിശുദ്ധ യുദ്ധം നടത്തിയിട്ടുണ്ട്. അതിൽ മരിച്ചൊടുങ്ങിയവരേക്കാൾ എത്രയോ മടങ്ങ് അധികം മുസ്‌ലിംകളെ മുസ്‌ലിംകൾ തന്നെ കഴിഞ്ഞ പതിനാല് സംവത്സരക്കാലത്തിനിടയിൽ കൊന്നൊടുക്കിയിട്ടുണ്ട്.

അദ്ധ്യായം അടഞ്ഞുപോയിട്ടില്ല. പാകിസ്താനിൽ അഹ്മദികൾക്കെതിരെ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. അതുപോലെ വർഷങ്ങൾക്ക് മുമ്പ് കെട്ടടങ്ങിയ ഹീനമായ ശിയാ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും ഇപ്പോൾ പാകിസ്താനിൽ ഇടക്കിടെ പൊട്ടിപ്പുറപ്പെടുന്നു. ഇത് ശ്രദ്ധയർഹിക്കുന്ന ഒന്നാണ്.

ക്രിസ്തു മതത്തിൽ ക്രിസ്ത്യാനികൾക്കെതിരെ ക്രിസ്ത്യാനികൾ തന്നെ നടത്തിയ പീഡനങ്ങൾ യൂറോപ്യൻ അമേരിക്കൻ ചരിത്രത്തിൽ കുഴിച്ചുമൂടപ്പെട്ട വിദൂരമായ ഒന്നാണ്. പക്ഷേ അയർലണ്ടിൽ ഇപ്പോൾ കാണുന്ന മത-സാമൂഹിക സംഘർഷങ്ങളുടെ പഠനങ്ങൾ മറ്റൊന്നാണ് സൂചിപ്പിക്കുന്നത്. ലോകത്തില മറ്റു ഭാഗങ്ങളിൽ ക്രിസ്തുമതത്തിലും സ്ഫോടനാത്മകമായ സംഘർഷങ്ങളുടെ അപകട സാദ്ധ്യതയുണ്ട്. ഇപ്പോൾ അത് മറ്റു സംഘർഷങ്ങളും പകയുമായിട്ടാണ് നിലകൊള്ളുന്നത്.

മതാന്തര ബന്ധങ്ങളിൽ ഇന്ത്യയിലെ ഹിന്ദു, മുസ്‌ലിം കലാപങ്ങൾ, നൈജീരിയയിലെ മുസ്‌ലിം ക്രൈസ്തവ സംഘർഷങ്ങൾ, മദ്ധ്യപൗരസ്ത്യ ദേശത്തിലെ മുസ്‌ലിം യഹൂദ സംഘട്ടനകൾ അങ്ങനെ എല്ലായിടത്തും സംഘർഷങ്ങളുണ്ട്. സാമ്പത്തികവും രാഷ്ട്രീയവുമായ അടിയൊഴുക്കുകളുള്ള യഹൂദ ക്രൈസ്തവ ബന്ധം സ്ഫോടനാത്മകമായ അഗ്നിപർവ്വതത്തിന്നടിയിലെ ഉറങ്ങിക്കിടക്കുന്ന അപകടം പോലെ നേരിയ ലക്ഷണങ്ങൾ പ്രകടമാക്കി മതലോകത്ത് പതിയിരിക്കുന്നുണ്ട്.

**(തുടരും)**

l

---

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

പ്രാപിക്കാനുള്ള സ്വാതന്ത്ര്യസമരം.

ആരെയെങ്കിലും ബലംപ്രയോഗിച്ചും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും മാർഗംകൂട്ടാനുള്ള നിർദ്ദേശം തന്നെ ഇസ്‌ലാമിൽ ഇല്ലാത്ത നിലക്ക് രക്തദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവത്തെ കുറിച്ചുള്ള പ്രതീക്ഷ നിരർത്ഥകമാണെന്നു വ്യക്തമാണല്ലൊ. ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് വിപരീതമായി ജനങ്ങളെ മുസ്‌ലിംകളാക്കാൻ വാളുപയോഗിക്കുന്ന ഒരാൾ പ്രത്യക്ഷപ്പെടുകയെന്നത് ഒരിക്കലും സംഭവ്യമല്ല. ഇത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമോ മനുഷ്യന്റെ ധാരണാശക്തിക്കതീതമായിട്ടുള്ള പ്രശ്നമോ അല്ല. സ്വാർത്ഥതാൽപര്യങ്ങൾ കാരണം, വിഡ്ഢികൾ ഒരുപക്ഷെ അങ്ങനെയെല്ലാം വിശ്വസിച്ചെന്നുവരാം. മഹ്ദിഇമാം യുദ്ധംചെയ് തു തങ്ങൾക്കു വഹിക്കാൻ കഴിയാത്തയത്ര മുതലുകൾ നേടിക്കൊടുക്കുമെന്നാവും ഈ മൗലവിമാർ പുല ർത്തിപ്പോരുന്ന ധാരണ! ഇക്കാലത്തെ മൗലവിമാരെല്ലാം വളരെ ദരിദ്ര രാണല്ലോ! അവരെല്ലാം മഹ്ദി ഇമാമിന്റെ വരവും കാത്തിരിപ്പാണ്! തങ്ങളുടെ സ്വാർത്ഥപരമായ ആഗ്രഹങ്ങളെല്ലാം മഹ്ദി വെളിപ്പെടുന്നതോടെ നിറവേറ്റപ്പെടുമെന്ന വിചാരത്തിൽ പാവങ്ങൾ രാവും പകലും തള്ളിനീക്കുന്നു.

***മസീഹ് ഹിന്ദുസ്ഥാൻ മെ***

## ലേഖനം

# അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദി ജൂബിലി

മുഹമ്മദ് ഉമർ, ചീഫ് മുബല്ലിഗ് - കേരള

### 2008-ൽ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള വ്യാപകമായ ആഘോഷ പരിപാടികളെപ്പറ്റി

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1889 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ അസ്തിവാരമിട്ടു. അതോടൊപ്പം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നവരിൽ നിന്നും 'ഫബായിഊഹു' എന്ന നബിവചന മനുസരിച്ച് ബൈഅത്ത് വാങ്ങാനും ആരംഭിച്ചു. 1890 ൽ ഹദ്റത്ത് നബി കരീം (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ദൈവിക നിർദ്ദേശപ്രകാരം അല്ലാഹു തന്നെ വാഗ്ദത്ത മഹ്ദി മസീഹായി നിയോഗിച്ചിരിക്കുന്നുവെന്നു അദ്ദേഹം വാദിച്ചു.

അദ്ദേഹം അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു.

“സഹീഹ് ബുഖാരിയിലും സഹീഹ് മുസ്ലിമിലും ഇതര സഹീഹായ ഹദീസുകളിലും രേഖപ്പെട്ടു കിടക്കുന്നതനുസരിച്ച് വാഗ്ദത്ത മഹ്ദി മസീഹാണ് താനെന്ന് ഏതൊരുവന്റെ സുശക്ത കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ആണയിട്ടു പറയുന്നു. അല്ലാഹു മതിയായ സാക്ഷിയാകുന്നു.” (മൽഫൂസാത്ത് വാല്യം 1. പേജ് 313)

“എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവും ആയ ദിവ്യവെളിപാടുകൾ മൂലം അവന്റെ ഭാഗത്ത് നിന്നുള്ള വാഗ്ദത്തമഹ്ദിയും മസീഹും ആന്തരീകവും ബാഹ്യവും ആയ ഭിന്നിപ്പുകൾക്ക് തീർപ്പ് കല്പിക്കുന്ന ആളുമാണ് ഞാൻ എന്ന് അറിയിക്കപ്പെട്ടിരിക്കുന്നു.

***(അർബയിൻ; നമ്പ് 1. പേജ് 4)***

അല്ലാഹു തന്റെ ദൂതനെയും പ്രവാചകനെയും അയക്കുന്നത് ലോകത്ത് ഒരാത്മീയ പരിവർത്തനം നടത്തുന്നതിനായിട്ടാണ്. അതിനായി ബാഹ്യമായ രീതിയിലും ഒരു സുശക്തമായ സംവിധാനത്തിന്റെയും ആവശ്യകതയുണ്ട്. പ്രവാചകന്മാരും മനുഷ്യരായിരിക്കുന്നത് കൊണ്ട് അവരുടെ ആയുസ്സും പരിമിതമാണ്. അതുകൊണ്ട് അല്ലാഹു പ്രവാചകന്മാർ മുഖേന തന്റെ ഉദ്ദേശ്യ സാഫല്യത്തിനായി ബീജാവാപം ചെയ്യുകയും അതിനെ പുഷ്ക്കലമാക്കുന്നതിനും പച്ചപിടിപ്പിക്കുകയും ചെയ്യുന്നതിന്നായി പ്രവാചകന്മാരുടെ വിയോഗാനന്തരം അവരുടെ ജമാഅത്തിലുള്ള സാത്വികരും ദൈവഭക്തരുമായ അംഗങ്ങൾ ആ പ്രവാചകന്മാരുടെ പ്രതിനിധികളായി ഒന്നിനു പുറകെ മറ്റൊന്നായി തെരഞ്ഞെടുക്കപ്പെടുന്നു. ഈ പ്രതിനിധികൾ ഇസ്ലാമിക സാങ്കേതിക പ്രയോഗമനുസരിച്ച് 'ഖലീഫ' എന്നു പറയപ്പെടുന്നു. ഈ സംവിധാനം പണ്ടു കാലം മുതൽക്കേ തന്നെ ഓരോ പ്രവാചകനു ശേഷവും നിലനിന്നു വന്നുകൊണ്ടിരിക്കുന്നു. ഉദാഹരണമായി ഹദ്റത്ത് മൂസാനബി (അ) ക്കുശേഷം യോശയാവും ഹദ്റത്ത് ഈസാനബിക്ക് ശേഷം പത്രോസും പ്രസ്തുത പ്രവാചകന്മാരുടെ ഖലീഫമാരായി തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അതേ പ്രകാരം ഹദ്റത്ത് മുഹമ്മദു നബി (സ.അ) ക്കുശേഷം ഹദ്റത്ത് അബൂബക്കർ (റ) തിരുമേനി(സ)യുടെ ഒന്നാമത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. ഹദ്റത്ത് വാഗ്ദത്ത മസീഹിനുശേഷവും ഈ ദൈവിക സംവിധാനം തുട ർന്നു നടന്നുവന്നുകൊണ്ടിരിക്കുന്നു.

ഇതുസംബന്ധിച്ച് ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) തന്റെ 'അൽവസിയ്യത്ത്' എന്ന ഗ്രന്ഥത്തിൽ അരുൾ ചെയ്യുന്നു.

“ഞാൻ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ ഒരു പ്രതീകമാണ്. എനിക്കുശേഷം ചില വ്യക്തികൾ രണ്ടാം ശക്തി പ്രഭാവത്തിന്റെ പ്രതീകങ്ങളായിരിക്കും. നിങ്ങൾക്കായി ദ്വിതീയ ശക്തി പ്രഭാവവും കാണേണ്ടതാവശ്യമാണ്. അതു വരുന്നത് നിങ്ങൾക്കു വളരെ ഉത്തമമായിരിക്കും. കാരണം, അത് ശാശ്വതമായ ഒരേർപ്പാടാണ്.

ഇത് പുനരുത്ഥാന നാൾ വരെ അവസാനിച്ചു പോകാത്ത ഒന്നാണ്."

അതിനുശേഷം അദ്ദേഹം തന്റെ ജമാഅത്തിനെ ഇപ്രകാരം ഉപദേശിച്ചു.

ജമാഅത്തിലെ പരിശുദ്ധ മനസ്സുകളുള്ള മഹാന്മാരായവർ എന്റെ നാമത്തിൽ എനിക്കുശേഷം ജനങ്ങളിൽ നിന്നും ബൈഅത്ത് വാങ്ങേണ്ടതാണ്. (അൽവസിയത്ത്)

ഹദ്റത്ത് വാഗ്ദത്ത മഹ്ദിമസീഹിന്റെ വിയോഗം 1908 മെയ് 26-ാം തീയതി ഉണ്ടാവുകയും പിറ്റേന്ന് 1908 മെയ് 27-ാം തീയതി ഖാദിയാനിൽ സമ്മേളിച്ച ഖാദിയാനിലുള്ളവരും പുറത്തുള്ളവരുമായ പ്രധാനികളായവർ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ.അ) നെ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ പ്രഥമ ഖലീഫയായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ തൃക്കരങ്ങളിൽ ബൈഅത്ത് ചെയ്യുകയുമുണ്ടായി. ഈ തെരഞ്ഞെടുപ്പിലും ബൈഅത്തിലും സദർ അഞ്ചുമൻ അഹ്മദിയ്യയുടെ എല്ലാ അംഗങ്ങളും വാഗ്ദത്ത മസീഹിന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളും അപ്പോൾ സന്നിഹിതരായിരുന്ന അഹ്മദി സഹോദരന്മാരും പങ്കെടുത്തിരുന്നു.

ബൈഅത്തിനുശേഷം അദ്ദേഹം ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ മയ്യിത്ത് നമസ്കാരം അനുഷ്ഠിക്കുകയുണ്ടായി.

ബൈഅത്ത് വാങ്ങുന്നതിനുമുമ്പെ അവിടെ സന്നിഹിതരായവരോടു ഇപ്രകാരം അദ്ദേഹം അഭിസംബോധനം ചെയ്തു.

"നിങ്ങൾ എനിക്ക് ബൈഅത്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 'ബൈഅത്ത്' എന്നാൽ തന്നെ വിൽക്കുക എന്നതിന്റെ പേരാണെന്നു കേട്ടുകൊള്ളുക. ഒരിക്കൽ ഹദ്റത്ത് (വാഗ്ദത്ത മസീഹ്) എന്നോടു സ്വന്തം നാടിനെക്കുറിച്ചുള്ള ചിന്ത കൂടിയുണ്ടാകരുതെന്നു ഒരു സൂചനയെന്നോണം അരുൾ ചെയ്തിരുന്നു. അതിനുശേഷം എന്റെ എല്ലാ അന്തസ്സും എന്റെ എല്ലാ ചിന്തയും അദ്ദേഹവുമായി ബന്ധപ്പെട്ടു കിടന്നു. ഞാൻ ഒരിക്കലും നാടിനെക്കുറിച്ച് ചിന്തിച്ചുപോലുമില്ല. അതുകൊണ്ട് ബൈഅത്ത് ചെയ്യുക എന്നത് ഒരു പ്രയാസകരമായ കാര്യമാണ്. ഒരാൾ മറ്റൊരാൾക്കുവേണ്ടി തന്റെ സ്വാതന്ത്ര്യവും ഉന്നത നേട്ടങ്ങളും ഉപേക്ഷിക്കുന്നു. കാരണം, അല്ലാഹു തന്റെ ദാസന്റെ പേര് അബ്ദു എന്നാണു വെച്ചിരിക്കുന്നത്. 'ഉബൂദിയത്തി' (അതായത് ദാസത്വം) ന്റെ ഭാരം തന്റെ സത്തക്കായി വളരെ പ്രയാസപ്പെട്ടാണ് വഹിക്കുന്നത്. ആരും തന്നെ മറ്റൊരാൾക്കുവേണ്ടി എന്തിനു ഭാരം വഹിക്കേണം. പ്രകൃതികളുടെ ഭിന്നതകളിൽ ദൃഷ്ടിപായിച്ചാൽ ഏകത്വത്തെ സംജാതമാക്കുവാൻ വളരെയധികം ധൈര്യത്തിന്റെ ആവശ്യമുണ്ടെന്നു മനസ്സിലാകുന്നു. ഹദ്റത്ത് സാഹിബിന്റെ പ്രവർത്തനങ്ങൾ കണ്ടു അത്ഭുതപ്പെടാറുണ്ട്. ഒന്നാമതായി ഒരു രോഗി, അതോടൊപ്പം ഇത്രമാത്രം ഭാരിച്ച ജോലികൾ, പദ്യ ഗദ്യരചനകൾ, ഗ്രന്ഥരചന, ഇതര പ്രവർത്തനങ്ങൾ.-ഇവിടെ യാണെങ്കിൽ ഞാൻ ഹദ്റത്ത് സാഹിബിന്റെ വയസ്സിനോടടുത്തു നിൽക്കുന്നു. അവിടെയാണെങ്കിൽ ദൈവികസഹായങ്ങളും അവന്റെ പിന്തുണയും ഇവിടെ എന്റെ അവസ്ഥയാണെങ്കിൽ പറയാനില്ലാത്തതും. അതുകൊണ്ട് അല്ലാഹു,

ഫഅസ്ബഹത്തും ബിനിഅ്
മത്തിഹി ഇഖ്വാനാ

എന്നരുൾ ചെയ്തിരിക്കുന്നത്. എല്ലാം തന്നെ അല്ലാഹുവിന്റെ കാരുണ്യവും ആയി ബന്ധപ്പെട്ടാണ് കിടക്കുന്നത്"

കാലത്തിന്റെ ഖലീഫയോടുണ്ടായിരിക്കേണ്ടുന്ന അനുസരണ ബോധത്തെക്കുറിച്ച് അദ്ദേഹം വീണ്ടും അരുൾ ചെയ്യുന്നു.

നിങ്ങളുടെ സ്വഭാവഗുണങ്ങളുടെ ദിശ ഏത് ഭാഗത്തായിരുന്നാലും നിങ്ങൾക്ക് എന്റെ കല്പനകളെ പ്രാവർത്തികമാക്കാതെ നിവൃത്തിയില്ല. ഈ കാര്യം നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഞാനീ ഭാരം മനമില്ലാമനസ്സോടെ വഹിക്കുകയാണ്. ബൈഅത്തിന്റെ പത്തു നിബന്ധനകൾ അതേ പോലെ നിലനിൽക്കുന്നു. അവയിൽ പ്രത്യേകിച്ച് ഖുർആൻ പഠനം, സക്കാത്തിന്റെ സംവിധാനം, ഉപദേശകന്മാരെ (മുബല്ലീഗിങ്ങളെ) ഏർപ്പെടുത്തുക എന്നീ കാര്യങ്ങളോടൊപ്പം അതത് സമയത്ത് അല്ലാഹു എന്റെ ഹൃദയത്തിൽ ഇട്ടു തരുന്ന കാര്യങ്ങൾ അതിൽ പങ്കുചേർക്കുന്നതായിരിക്കും. അതേ പ്രകാരം മതപരമായ പഠനം, ദീനി മദ്രസ്സയിലെ അദ്ധ്യാപനം എന്നിവ എന്റെ ഇച്ഛയും ഇഷ്ടവും അനുസരിച്ചായിരിക്കും നടപ്പിൽ വരുത്തുക. ഞാൻ ഈ ഭാരം അല്ലാഹുവിനായി വേണ്ടി മാത്രം വഹിക്കുകയാണ്. അവൻ അരുൾ ചെയ്യുന്നു. വൽതകുൻമിൻക്കും ........ അതായത് നന്മയിലേക്കു ക്ഷണിക്കുന്ന ഒരു കൂട്ടർ നിങ്ങളിൽ നിന്നുമുണ്ടാകണം - ഒരു കാര്യം ഓർക്കുക. എല്ലാ നന്മകളും ഐക്യതയിലാണധിഷ്ഠിതമായിട്ടുള്ളത്. ആർക്കാണോ ഒരു തലവൻ ഇല്ലാത്തത് അവർ മൃതമായവരായിരിക്കും."

ഇസ്‌ലാമിന്റെ ആഗോള വിജയത്തിനായുള്ള ഭഗീരഥയത്നം തുടർന്നു നടത്തുന്നതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ വിയോഗത്തിനുശേഷം 1914 ൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) രണ്ടാം ഖലീഫയായും അദ്ദേഹത്തിനു ശേഷം 1965 ൽ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ) മൂന്നാം ഖലീഫയായും 1982 ൽ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) നാലാം ഖലീഫയായും സ്ഥാനാരോഹണം ചെയ്യപ്പെട്ടു. 2003 ൽ അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു തആല) അഞ്ചാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. ഇവരൊക്കെ ദ്വിതീയ ദിവ്യശക്തിപ്രഭാവത്തിന്റെ പ്രതീകങ്ങളായിരുന്നു. അതെ, ഈ മഹാന്മാരായ ഖലീഫമാരെല്ലാരും തന്നെ "എനിക്ക് ശേഷം ചില വ്യക്തികൾ രണ്ടാമത്തെ ദിവ്യശക്തി പ്രഭാവത്തിന്റെ പ്രകടനങ്ങൾ

അതായത് പ്രതീകങ്ങൾ ആയിരിക്കുമെന്ന വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിന്റെ സാക്ഷാൽക്കാരങ്ങളാണ്.

ഈ ദ്വീതിയ ശക്തി പ്രഭാവത്തിന്റെ പുലർച്ചെ 1908 മെയ് 27-ാം തീയതി ഉണ്ടായി. 2008 ൽ അല്ലാഹുവിന്റെ ഈ അമൂല്യാനുഗ്രഹം പുലർന്ന് നൂറുവർഷങ്ങൾ തികയുകയാണ്. ഈ മഹത്തായ ദൈവികാനുഗ്രഹാശിസ്സുകൾ ആഗോളാടിസ്ഥാനത്തിൽ അഹ്മദികൾ ആസ്വദിച്ചുവരികയാണ്. ഇതിനുള്ള കൃതജ്ഞതാ പ്രകടനമെന്നോണം 2008 ൽ ആഗോള തലത്തിൽ അഹ്മദിയാ ഖിലാഫത്തിന്റെ ശതാബ്ദി ജൂബിലി കൊണ്ടാടുവാൻ നിർദ്ദേശിക്കപ്പെടുകയും അതിനായി വിപുലമായ ഒരു പദ്ധതി ആവിഷ്കരിക്കപ്പെടുകയുമുണ്ടായി.

ഈ പദ്ധതിക്ക് മഹത്തായ രണ്ടു ഉദ്ദേശ്യ ലക്ഷ്യങ്ങളാണുള്ളത്.

ഒന്ന്. ദൈവികമായ ഈ അമൂല്യാനുഗ്രഹം അതായത് ഖിലാഫത്ത് കാരണം അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൃതജ്ഞത പ്രകടിപ്പിക്കുക.

രണ്ട്. ഖിലാഫത്തിന്റെ ആവശ്യകത, അതിന്റെ പ്രാധാന്യം അതിന്റെ അനുഗ്രഹം എന്നിവയെക്കുറിച്ച് ലോകരെ ഉദ്ബോധിപ്പിക്കുക. പ്രത്യേകിച്ചു ജമാഅത്തിലെ ഭാവി തലമുറക്ക് ഇവയെക്കുറിച്ച് ബോധവൽക്കരണം നടത്തുക. അവരിൽ ഖിലാഫത്തുമായുള്ള യഥാർത്ഥ ബന്ധം ഊട്ടിയുറുപ്പിക്കുക. ഈ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് താഴെപ്പറയുന്ന പദ്ധതിക്ക് അനുവാദം നൽകിയിരിക്കുന്നു.

(1) ഹുസൂർ തിരുമനസ്സ് 2005 മെയ് 27-ാം തീയതി അടുത്ത മൂന്നു വർഷങ്ങളിൽ ചെയ്യേണ്ടുന്ന പ്രാർത്ഥനകളെയും ആരാധനാനുഷ്ഠാനങ്ങളെയും കുറിച്ച് നിർദ്ദേശിക്കുകയുണ്ടായി. അതായത്.

(a) ഓരോ മാസവും അവസാനത്തെ ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം നഫൽ (ഐച്ഛികമായ) നോമ്പനുഷ്ഠിക്കുക.

(b) ദിവസവും ഇശാ നമസ്കാരത്തിനുശേഷം ഫജ്റിനു മുമ്പെ അല്ലെങ്കിൽ ളുഹർ നമസ്കാരത്തിനു ശേഷം രണ്ടു റക്ക് അത്ത് നഫൽ നമസ്കാരം അനുഷ്ഠിക്കുക.

(c) ദിവസവും ഏഴുപ്രാവശ്യം അർത്ഥമറിഞ്ഞുകൊണ്ട് സൂറ:ഫാത്തിഹ ഓതുക

ദിവസവും കുറഞ്ഞപക്ഷം പതിനൊന്നു പ്രാവശ്യം താഴെപ്പറയുന്ന ദുആ ഓതുക

റബ്ബനാ അഫ്രിഗ് അലൈനാ സബ്റൻ വഥബ്ബിത് അഖ്ദാമനാ വൻസുർനാ അലൽ ഖൗമിൽ കാഫിരിൻ (2:251) അതായത്, ഞങ്ങളുടെ നാഥാ! നീ ഞങ്ങൾക്കു സഹനശക്തി ചൊരിഞ്ഞു തരികയും, ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കുകും ചെയ്യേണമേ!

(e) ദിവസവും കുറഞ്ഞത് 33 പ്രാവശ്യവും താഴെപ്പറയുന്ന ദുആ ഓതുക

റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദൈത്തനാ വഹബ് ലനാ മിൻലദുൻക്ക റഹ്മത്തൻ ഇന്നക്ക അൻ ത്തൽ വഹ്ഹാബ് (3:9) അതായത് ഞങ്ങളുടെ നാഥാ. നീ ഞങ്ങളെ നേർവഴിയിൽ ആക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹ ദാതാവ്.

(f) ദിവസവും കുറഞ്ഞത് 11 പ്രാവശ്യം അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്കമിൻ ശുരൂരിഹിം എന്ന് ഓതുക. അതായത്, അല്ലാഹുവേ ഞങ്ങൾ നിന്നെ ഇവരുടെ (ശത്രുക്കളുടെ) നെഞ്ചകങ്ങൾക്ക് മുന്നേ വെക്കുന്നു. (അതായത് നിന്നെക്കുറിച്ചുള്ള ഭയം ഇവരുടെ ഹൃദയങ്ങളിൽ നിറക്കേണമേ) അവരുടെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങൾ നിന്നെ അഭയം തേടുന്നു.

(G) ദിവസവും കുറഞ്ഞത് 33 പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്യുക.

അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻ കുല്ലി ദൻബിൻ വ അതുബു തുലൈഹി.

ഞാനെന്റെ നാഥനോടു എന്റെ എല്ലാ പാപത്തിൽ നിന്നും പൊറുക്കലിനെത്തേടുകയും അവനിലേക്ക് തൊബാ ചെയ്യുകയും ചെയ്യുന്നു.

(h) ദിവസവും കുറഞ്ഞത് 33 പ്രാവശ്യം തസ്ബീഹ് ചെയ്യുക. അതായത്

സുബ്ഹാനല്ലാഹി വബിഹംദിഹി

സുബ്ഹാനല്ലാഹിൽ അളീം

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലിമുഹമ്മദിൻ

അല്ലാഹുപരിശുദ്ധനാണ്. അവന്റെ സ്തുതിയോടൊപ്പം. മഹാനായ അല്ലാഹുപരിശുദ്ധനാകുന്നു. അല്ലാഹുവേ! നീ മുഹമ്മദിന്റെ മേലും മുഹമ്മദിന്റെ കുടുംബത്തിന്റെ മേലും കരുണ ചൊരിയേണമേ!

(i) താഴെപ്പറയുന്ന സ്വലാത്ത് ദിവസവും കുറഞ്ഞത് 33 പ്രാവശ്യം ഓതുക

അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലൈത്ത അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ ഇന്നക്കഹമീദുൻ മജീദ്.

അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാബാറക്ക്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹിമ ഇന്നക്ക ഹമീദുൻ മജീദ്.

അല്ലാഹുവേ! നീ ഇബ്രാഹിം നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും കാരുണ്യം ചൊരിഞ്ഞത് പോലെ മുഹമ്മദു നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും കാരുണ്യം ചൊരിയേണമേ. തീർച്ചയായും നീ സ്തുത്യർഹനും മഹാനുമാണ്. അല്ലാഹുവേ! നീ ഇബ്രാഹിം നബിയെയും അദ്ദേഹത്തിന്റെ കുടുംബത്തേയും അനുഗ്രഹിച്ചിരുന്നതുപോലെ മുഹമ്മദു നബിയെയും അദ്ദേഹത്തിന്റെ കുടുംബത്തേയും അനുഗ്രഹിക്കേണമേ! നീ തീർച്ചയായും സ്തുത്യർഹനും മഹത്വമുടയവനുമാ

കുന്നു.

ഇതാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ 2008 മെയ് വരെ അനുഷ്ഠിക്കേണമെന്നു നിർദ്ദേശിച്ച ആത്മീയ പരിപാടി.

5. വസിയ്യത്തിന്റെ സംവിധാനത്തിൽ അധികമധികം അഹ്മദികളെ പങ്കെടുപ്പിക്കുക. ഇതു സംബന്ധിച്ച് ഹുസൂർ തിരുമനസ്സ് തന്റെ ആഗ്രഹം ഇപ്രകാരം പ്രകടിപ്പിക്കുന്നു.

"ഖിലാഫത്ത് സ്ഥാപിതമായി 100 വർഷം തികയുന്ന 2008 ൽ ലോകത്ത് ഓരോ നാട്ടിലും 'ചന്ദ'ാദായകരായ അഹ്മദികളിൽ കുറഞ്ഞത് 50 ശതമാനം പേർ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ മഹത്തായ (വസിയ്യത്ത്) സംവിധാനത്തിൽ ചേർന്നവരായിരിക്കണം എന്നതാണെന്റെ ആഗ്രഹം. അവർ തങ്ങളുടെ ആത്മീയത വർദ്ധിപ്പിക്കുകയും ത്യാഗത്തിന്റെ ഉദാത്തമായ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യേണ്ടതാണ്. ഇത് ഖിലാഫത്ത് സ്ഥാപിതമായി 100 വർഷക്കാലം പൂർത്തിയാക്കുമ്പോൾ അല്ലാഹുവിനോടുള്ള കൃതജ്ഞതാ സൂചകമായി ജമാഅത്തിന്റെ ഭാഗത്തുനിന്ന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്ന ഒരു നിസ്സാര മായ കാണിക്ക ആയിരിക്കക്കുന്നതാണ്."

6. നൂർഫൗണ്ടേഷൻ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ സ്മാരകാർത്ഥം നൂർഫൗണ്ടേഷൻ എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിച്ചിരിക്കുന്നു. ഇതിന്റെ കീഴിൽ ആറ് സഹീഹായ ഹദീസു ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിക്കുന്നതായിരിക്കും.

7. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ ആദ്യമായി ബൈഅത്ത് വാങ്ങിയ സ്ഥലത്ത് ഒരു സ്മാരക ചിഹ്നം ഏർപ്പെടുത്തുന്നതായിരിക്കും. ആർക്കിടെക്റ്റർമാർ ഹുസൂറിന്റെ നിർദ്ദേശങ്ങളനുസരിച്ച് ഉചിതമായ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുന്നതായിരിക്കും. ശതാബ്ദി ആഘോഷവുമായി അനുബന്ധിച്ച് ഓരോ നാട്ടിലും ഉള്ള ജമാഅത്തുകൾ തങ്ങളുടെ കഴിവുകളനുസരിച്ച് മസ്ജിദുകൾ, പ്രചാരണ കേന്ദ്രങ്ങൾ, സ്കൂൾ, ആശുപത്രി എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

8. ഖാദിയാനിലും റബ്വയിലും ഉള്ള 'ബിഹശ്ത്തിമഖ്ബറ' യുടെ വിപുലീകരണം.

9. ഈ കാലപരിധിയിൽ പ്രാദേശികവും ദേശിയവും ആയ തലത്തിൽ ഖിലാഫത്ത് യോഗങ്ങൾ സംഘടിപ്പിക്കുക. വാർഷിക സമ്മേളനങ്ങൾ നടത്തപ്പെടുന്ന നാടുകളിൽ ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കു പ്രാധാന്യം നൽകുക. ഈ സമ്മേളനങ്ങളിൽ നാട്ടിലെ ഉന്നത വ്യക്തികളെയും സ്കോളർമാരെയും സാംസ്കാരിക നായകന്മാരെയും ക്ഷണിച്ചു അവരുടെ പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള അവസരം നൽകുക

10. ഓരോ നാട്ടിലും 1989 ൽ നടത്തിയത് പോലുള്ള പ്രദർശനങ്ങൾക്ക് ഏർപ്പാടു ചെയ്യുക. അവയുടെ ചാർട്ടുകളിൽ ഖിലാഫത്ത് സംവിധാനം മൂലം ആഗോളാടിസ്ഥാനത്തിൽ ഉണ്ടായ നേട്ടങ്ങളെ വ്യക്തമാക്കുക.

11. ഇതുവരെ വിശുദ്ധ ഖുർആൻ 57 ലോകഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഖിലാഫത്ത് ജൂബിലിക്ക് മുമ്പെ 2007 ൽ 13 ഭാഷകളിൽ കൂടി വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ച് 70 വരെ എത്തിക്കുവാൻ ശ്രമിക്കുക.

12. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഇതുവരെ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങളുടെ പരിഭാഷകൾ ഇപ്പോൾ സ്റ്റോക്കില്ലെങ്കിൽ അവ പുന: പ്രസിദ്ധീകരണം ചെയ്യുക.

13. ഇപ്പോൾ തർജ്ജമ നടന്നുകൊണ്ടിരിക്കുന്ന വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ 2007 നകം പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുക.

14. 2007നുള്ളിൽ വാഗ്ദത്ത മസീഹിന്റെയും ഖലീഫമാരുടെയും ഗ്രന്ഥങ്ങളുടെ പുന:പ്രസിദ്ധീകരണം. പ്രസിദ്ധീകരണരംഗത്ത് ഇതുപോലുള്ള ധാരാളം പദ്ധതികൾ ഈ മൂന്ന് വർഷങ്ങൾക്കകം നടപ്പിൽ വരുത്തുന്നതായിരിക്കും.

15. 2008 ൽ ഓരോ നാട്ടിലുമുള്ള ഖുദ്ദാമുൽ അഹ്മദിയ്യാ വിപുലമായ രീതിയിൽ വഖാറെ അമൽ (ശ്രമദാനം) ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.

16. വൃദ്ധന്മാരുടെയും രോഗികളുടെയും ശുശ്രൂഷാർത്ഥം വിവിധ സ്ഥലങ്ങളിൽ മെഡിക്കൽ കേമ്പുകൾ സംഘടിപ്പിക്കുക.

17. 2008 ൽ നടക്കുന്ന മസീഹ് മൗഊദ്, മുസ്ലിഹ് മൗഊദു മതാചാര്യർ ദിനങ്ങളിൽ നടത്തപ്പെടുന്ന യോഗങ്ങളിലും ഇതര സമ്മേളനങ്ങളിലും ഖിലാഫത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യം നൽകുക.

18. ശാഖാ സംഘടനകളുടെ പ്രോഗ്രാമുകളിൽ Quiz, General Knowledge ഖിലാഫത്ത് എന്നീ വിഷയങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.

വിവിധ കായിക മത്സരങ്ങൾ ഏർപ്പെടുത്തുക.

19. ജമാഅത്തിന്റെ കീഴിൽ പ്രസിദ്ധീകൃതമാകുന്ന പത്രമാസികകൾ 2008 ൽ ഖിലാഫത്ത് വിശേഷാൽ പ്രതികൾ പ്രസിദ്ധീകരിക്കുക.

20. ബഡ്ജറ്റ്

ഈ ശതാബ്ദി ആഘോഷങ്ങൾക്കായുണ്ടാകുന്ന സുപ്രധാന ചിലവുകൾ അടുത്ത മൂന്നുവർഷങ്ങളിൽ ഒന്നിച്ച് സ്വരൂപിക്കപ്പെടുന്നതായിരിക്കും. അതായത് ഓരോ നാടും തങ്ങളുടെ ബഡ്ജറ്റിന്റ 10 ശതമാനം വരുന്ന സംഖ്യ ഇതിനായി പ്രത്യേകമാക്കേണ്ടതാണ്. അതായത് 2005 -2006, 2006-2007, 2007-2008 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ നിന്നും മിച്ചം വരുന്ന സംഖ്യയിൽ നിന്നും സംഭാവനകളിൽ നിന്നും ഈ ചെലവു ചെയ്യപ്പെടുന്നതാണ്.

ഇന്ത്യക്കായി മേൽപറഞ്ഞ മൂന്നു വർഷങ്ങളിൽ 60 ലക്ഷം ഉറുപ്പികയിലധികം സ്വരൂപിക്കാനുള്ള ടാർഗറ്റാണ് നിശ്ചയിച്ചിരിക്കുന്നതു അതിനുള്ള അനുവാദം ഹുസൂർ തിരുമനസ്സിൽ നിന്നും ലഭിച്ചിരിക്കുന്നു.

ജനാബ് നാസിർ സാഹിബ് അഅ്‌ലാ യുടെ നിർദ്ദേശ പ്രകാരം ഇന്ത്യയിലെ അഹ്മദീ സഹോദരന്മാർ ഈ മൂന്നു വർഷങ്ങളിൽ ഖിലാഫത്ത് ജൂബിലി ഫണ്ടിലേക്ക് അധികമധികം വാഗ്ദാനങ്ങൾ എഴുതിക്കുകയും ഓരോ മാസവും കൃത്യമായി വാഗ്ദത്ത സംഖ്യയുടെ വിഹിതം അടച്ചു തീർക്കുകയും ചെയ്യേണ്ടതാണ്.

ഓരോ വർഷത്തെയും ബഡ്ജറ്റു ക്രമീകരിക്കുന്നത് ആ വർഷത്തെ ആവശ്യങ്ങൾക്കനുസൃതമായിട്ടാണ്. അതുകൊണ്ടു ബഡ്ജറ്റിൽ നിന്നും മിച്ചം വരുന്ന സംഖ്യകൊണ്ട് ജൂബിലിആഘോഷവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പുർത്തിയാക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് മാർച്ച് 2008നകം നമുക്കു 60 ലക്ഷം രൂപ സ്വരൂപിക്കേണ്ടതാവശ്യമാണ്.

ഇതുകൂടാതെ ഹുസൂർ തിരുമനസ്സിന്റെ തിരുസന്നിധിയിൽ ആഗോള അഹ്മദിയാജമാഅത്തിന്റെ വകയായി ഖിലാഫത്ത് ശതാബ്ദിയോടനുബന്ധിച്ച് ശുക്റാന (കൃതജ്ഞതാ പ്രകടനം) എന്നോണം ഒരു സംഖ്യ ഉപഹാരമായി സമർപ്പിക്കണമെന്ന് സെൻട്രൽ ജൂബിലി കമ്മിറ്റി അഭിപ്രായപ്പെടുകയും ഹുസൂർ തിരുമനസ്സ് അതിന്നനുവാദം നൽകുകയും ചെയ്തിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് II മുസ്‌ലിഹ് മൗഊദിന്റെ

അനുവാദത്തോടുകൂടി 1937 ൽ ഖാദിയാനിൽ സമ്മേളിച്ച ജൽസാസാലാ നയിൽ ഹദ്റത്ത് ചൗധരി മുഹമ്മദു സഫറുല്ലാഖാൻ സാഹിബ് ഒരഭിപ്രായം വെച്ചിരുന്നു. അതായത് ദ്വിതിയഖിലാഫത്ത് സ്ഥാപിതമായി 25 വർഷം തികയുന്ന 1939 ൽ അല്ലാഹുവിനുള്ള നന്ദിസൂചകമായി അഹ്മദിയ്യാ ജമാഅത്ത് ഹുസൂർ തിരുമനസ്സി(റ)ന്റെ തിരുസന്നിധിയിൽ 3 ലക്ഷം ഉറുപ്പിക ഉപഹാരമായി സമർപ്പിക്കുക എന്നതാണ് ആ അഭിപ്രായം. ഇതിൽ താൻ ഒരു ലക്ഷം ഉറുപ്പിക നൽകുന്നതാണെന്നും ബാക്കി 2 ലക്ഷം ഉറുപ്പിക ജമാഅത്ത് സ്വരുപിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതനുസരിച്ച് 1939 ഡിസംബർ 28-ാം തീയതി ഖിലാഫത്ത് ജൂബിലിയുടെ ജൽസയിൽ ഹദ്റത്ത് ചൗധരി സാഹിബ് 2,70,000/- യുടെ ഒരു ചെക്ക് ഹദ്റത്ത് മുസ്‌ലിഹ് മൗഊദു ഖലീഫത്തുൽ മസിഹിനു അദ്ദേഹത്തിന്റെ അഭിഷ്ടമനുസരിച്ച് ചെലവു ചെയ്യുവാൻ സമർപ്പിക്കുകയുണ്ടായി.

ഇപ്പോൾ ഖിലാഫത്തു ശതാബ്ദി യാഘോഷ കേന്ദ്രകമ്മറ്റി ഇതുപോലുള്ള ഒരു ഉപഹാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V ന്റെ സന്നിധിയിൽ സമർപ്പിക്കുവാനുള്ള അനുവാദം ചോദിക്കുകയും ഹുസൂർ സദയം അനുവാദം നൽകുകയും ചെയ്തിരിക്കുന്നു.

ആഗോള അഹ്മദിയ്യാ ഖിലാഫത്ത് ജൂബിലി കേന്ദ്ര സമിതി ഇതിനായി 10 ലക്ഷം പൗണ്ട് സ്റ്റർലിംഗ് സ്വരൂപിക്കുവാനുള്ള ടാർഗറ്റ് വെക്കുകയുണ്ടായി. ജമാഅത്തുകളുടെ സൗകര്യമനുസരിച്ച് മൂന്നു വർഷങ്ങളിൽ സമമായി ഈ സംഖ്യ പിരിക്കപ്പെടുന്നതാണ്. ഹുസൂറിന്റെ അംഗീകാരത്തോടുകൂടി ഈ ഫണ്ടിന്റെ പേര് ഖിലാഫത്ത് അഹ്മദിയ്യാ ശതാബ്ദി ജൂബിലി 2008 ശുക്റാനാ ഫണ്ടു എന്നു വെച്ചിരിക്കുന്നു. ഇന്ത്യയിലെ ജമാഅത്തുകളുടെ ഭാഗത്തു നിന്ന് ഈ ശുക്റാനാ ഫണ്ടിന്നായി 30 ലക്ഷം ഉറുപ്പികയുടെ വാഗ്ദാനമാണ് ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് സഹോദരീ സഹോദരന്മാർ ഹുസൂർ തിരുമനസ്സിന്റെ തിരുസന്നിധിയിൽ നന്ദിസൂചകമായി ഈ ശുക്റാനാ ഫണ്ടിലും കൈയ്യയച്ച് സംഭാവന നൽകണമെന്ന് ബഹു. നാസിർ സാഹിബ് അഅ്‌ലാ (ഖാദിയാൻ) നിർദ്ദേശിക്കുന്നു. അങ്ങനെ 2008 മാർച്ചിനകം ഇന്ത്യയിലെ ജമാഅത്തുകൾക്ക് തങ്ങളുടെ സാമ്പത്തിക ബഡ്ജറ്റിന്റെ ചെലവുകൾ ചുരുക്കി മിച്ചം വെക്കുകയും അധികമധികം സംഭാവനകൾ ചെയ്തുകൊണ്ടു 2008 മാർച്ചിന്നകം 90 ലക്ഷം ഉറുപ്പിക സ്വരൂപിക്കുകയും ചെയ്യേണ്ടതാണെന്നു അദ്ദേഹം നിർദ്ദേശിക്കുന്നു.

അല്ലാഹു എല്ലാ സഹോദരീസഹോദരന്മാർക്കും ഈ അനുഗൃഹീത സംരംഭത്തിൽ ഭാഗഭാക്കാകുവാനും അങ്ങനെ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹങ്ങൾക്ക് വളരെ എളിയ തോതിൽ നന്ദി രേഖപ്പെടുത്താനുമുള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

*(അവലംബം: ഖിലാഫത്ത് അഹ്മദിയ്യാ ശതാബ്ദി ജൂബിലി കമ്മിറ്റി പ്രസിദ്ധീകരിച്ച ഖിലാഫത്ത് അഹ്മദിയ്യാ ശതാബ്ദി ജൂബിലി 2008 എന്ന വിജ്ഞാപനം)*

## വരാനിരിക്കുന്ന വൻവിപത്തുകൾ

ഹദ്റത്ത് അബൂബക്കർ (റ) യിൽ നിന്നും നിവേദനം: 'നിശ്ചയം ചില വൻ വിപത്തുകൾ വരാനിരിക്കുന്നു. അതിവിടെയാണ് സംഭവിക്കുക. അന്ന് ഇരിക്കുന്നവൻ നടക്കുന്നവനെക്കാൾ ഉത്തമനായിരിക്കും. നടക്കുന്നവൻ ഓടുന്നവനെക്കാൾ ഉത്തമനും അപ്പോൾ ഒട്ടകം ഉള്ളവൻ അവയെയും ആടുകൾ ഉള്ളവൻ ആടുകളെയും മേച്ചുകൊള്ളട്ടെ. ഭൂമിയുള്ളവർ അതിൽ കൃഷി ചെയ്തു ജീവിച്ചുകൊള്ളട്ടെ'. ഒരാൾ ചോദിച്ചു: 'ദൈവദൂതരേ, ഒട്ടകമോ, ആടുകളോ, കൃഷിയോ ഇല്ലാത്തവർ എന്താണ് ചെയ്യേണ്ടത്' പ്രവാചകൻ പ്രതിവചിച്ചു: 'അവൻ വാളെടുത്തു കല്ലിൽ ഉരസി മൂർച്ച നശിപ്പിച്ചു ഓടി രക്ഷപ്രാപിച്ചുകൊള്ളട്ടെ.' അനന്തരം അവിടുന്ന് 'നാഥാ, ഈ സന്ദേശം എത്തിച്ചില്ലേ' എന്ന് മൂന്ന് തവണ ആവർത്തിച്ചു. അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തി ഒരാൾ ചോദിച്ചു. ദൈവദൂതരേ, രണ്ടാലൊരു കക്ഷി എന്നെ ബലമായിച്ചേർത്തതിനാൽ വാളോ അമ്പോ ഏറ്റു ഞാൻ കൊല്ലപ്പെട്ടാൽ എന്റെ സ്ഥിതി എന്തായിരിക്കും. അവിടുന്ന് അരുൾ ചെയ്തു. 'നിന്റെയും അവന്റെയും പാപം അവൻ തന്നെ വഹിച്ചു നരകവകാശിയായിത്തീരും. (മുസ്‌ലിം)

ലേഖനം

# മരണാനന്തര ജീവിതം: ഒരു വിശകലനം

എസ്. മുഹമ്മദ് സലിം

**മരണാനന്തരജീവിതത്തെപറ്റി ചില സൂചനകൾ മാത്രമാണ് ഖുർആൻ നൽകുന്നത്. ഈ സൂചനകളുടെ അടിസ്ഥാനത്തിൽ സ്വർഗ്ഗ നരകങ്ങളെക്കുറിച്ചുള്ള വിവരണം**

"നിങ്ങൾ വിചാരിക്കുന്നുവോ നിങ്ങളെ നാം സൃഷ്ടിച്ചത് സുനിശ്ചിതമായ ഉദ്ദേശമില്ലാതെയാണെന്ന് നിങ്ങൾ എന്നിലേക്ക് തിരിച്ചയക്കപ്പെടുക തന്നെ ചെയ്യും. മഹത്തായ പരമാധികാരത്തിന്റെ നാഥനായ അല്ലാഹുവിനാണ് എല്ലാ സ്തുതിയും. അവനല്ലാതെ വേറെ ദൈവമില്ല. പ്രോജ്വലിക്കുന്ന സിംഹാസനത്തിന്റെ നാഥനാണവൻ". (231-116, 117)

ഇസ്ലാം മരണാനന്തര ജീവിതത്തെ യഥാർത്ഥ ജീവിതമായും ഈ ലോക ജീവിതം വെറും കളിയും ചിരിയും അടങ്ങിയ യഥാർത്ഥ ജീവിതത്തിന്റെ പ്രാരംഭകാവസ്ഥയായും കാണുന്നു.

### മരണം പുതിയ ജീവിതത്തിലേക്കുള്ള പ്രവേശന കവാടം

നാം ഇഛിച്ചാലും ഇല്ലെങ്കിലും മരണം നമ്മെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. മരണത്തിനുശേഷം മനുഷ്യന്റെ അസ്തിത്വത്തിനും എന്ത് പ്രസക്തിയായിരിക്കും. യുഗാന്തരങ്ങളിലൂടെ സഞ്ചരിച്ച മനുഷ്യ സമൂഹത്തിന്റെ ആശയമണ്ഡലത്തിൽ മരണാനന്തര ജീവിതത്തെപറ്റി പലവിധ ചിന്താധാരകളും സിദ്ധാന്തങ്ങളും ഇടം പിടിച്ചിട്ടുണ്ട്. പലരും യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കാറില്ല. മറ്റു ചിലർ അദൃശ്യ യഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതെ നിരീശ്വരവാദികളോ ഭൗതികവാദികളോ ആയിത്തീരുന്നു. ഒരു നിരീശ്വരവാദിയുടെ മസ്തിഷ്കം അയാളെ ഉപദേശിക്കുന്നത് മരണം ജീവിതത്തിന്റെ അന്ത്യമാണെന്നാണ്. എല്ലാറ്റിന്റെയും പര്യവസാനം ആകുന്നു. അവിടുന്നങ്ങോട്ടു ഒന്നുമില്ല. മത വിശ്വാസികളെ സംബന്ധിച്ചിടത്തോളം മരണാനന്തര ജീവിതം മത വിശ്വാസത്തിന്റെ കാതലായ മേഖലയാണ്. ഈ മതങ്ങളെ നമുക്ക് രണ്ടായി തിരിക്കാവുന്നതാണ്.

1. ചിലർ വിശ്വസിക്കുന്നത് മനുഷ്യാസ്തിത്വത്തിന് ഒരു തരത്തിലുള്ള പര്യവസാനവുമില്ലാത്തതാണ്. ഉദാഹരണമായി ഹിന്ദുമതത്തിൽ ഇവിടുത്തെ മനുഷ്യജീവിതം മുമ്പുള്ള നമ്മുടെ ജീവിതത്തിന്റെ പുനർജന്മമാണ്. മുൻ കഴിഞ്ഞ ജീവിതത്തിലെ കർമ്മങ്ങൾക്കുള്ള പ്രതിഫലത്തിന്റേയോ ശിക്ഷയുടെയോ അടിസ്ഥാനത്തിലാണ് നമ്മുടെ ഇപ്പോഴത്തെ ജീവിതം. മരണത്തിന് ശേഷം കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടെ തന്നെ മനുഷ്യൻ പുനർജന്മമെടുക്കുന്നു എന്നാണ് ഹിന്ദുമതം പറയുന്നത്.

2. ഇസ്ലാം ഉൾപ്പെടെയുള്ള മറ്റു മതങ്ങൾ മരണാനന്തര ജീവിതത്തെ കാണുന്നത് പ്രത്യേക അസ്തിത്വത്തോടുകൂടിയുള്ള ജീവിതമായിട്ടാണ്. ഈ അസ്തിത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ മതവിശ്വാസികൾ വ്യത്യസ്ത അഭിപ്രായം വെച്ചു പുലർത്തുന്നവരാണ്.

### മരണാനന്തര ജീവിതത്തിന്റെ ശാസ്ത്രീയത

ശാസ്ത്രം മരണാനന്തര ജീവിതത്തെക്കുറിച്ച് എന്തു വിശകലനമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്? ആധുനിക മനുഷ്യൻ ജ്ഞാന ദൃഢീകരണത്തിന് ശാസ്ത്രത്തിന്റെ ഭാഗത്തേക്ക് തിരിയുന്നവനാണ്. എന്നാൽ മരണാനന്തര ജീവിതത്തിന്റെ സമസ്യക്കുത്തരം നൽകാൻ ശാസ്ത്രത്തിന് സാധ്യമല്ല. മരണത്തിനുശേഷം ആരും ഈ ലോകത്തേക്ക് തിരിച്ചുവന്നിട്ടില്ലല്ലോ. എങ്കിലും ശാസ്ത്രത്തിന് തത്വ ചിന്താപരമായ ചില നിഗമനങ്ങളിലെത്തിച്ചേരാൻ നമ്മെ സഹായിക്കാൻ സാധിക്കും. എന്നാൽ മരണാനന്തര ജീവി തം ഉണ്ടായിരിക്കണമെന്ന ഒരു നിഗമനത്തിലെത്തുവാൻ മാത്രമെ അവ നമ്മെ സഹായിക്കുകയുള്ളൂ. മരണാനന്തര ജീവിതമെന്ന പ്രഹേളികയുടെ യാഥാർത്ഥ്യങ്ങളെ പുറത്തു കൊണ്ടുവരുവാൻ താല്പര്യജനകമായ പല പഠനങ്ങളും ലോകത്തു നടന്നിട്ടുണ്ട് നിഗമനാത്മകമായി മരണത്തിനുശേഷം ഒരു ജീവിതമുണ്ടെന്ന് ബോ ദ്ധ്യപ്പെടുത്താൻ അവ നമ്മെ സഹായിക്കുന്ന

താണ്.

### മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സർവ്വെ

ശാസ്ത്രീയവും ബുദ്ധിപരവും മതപരവുമായ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ എത്രമാത്രം ജനങ്ങൾ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നുവെന്നു മനസ്സിലാക്കുന്നത് രസകരമായിരിക്കും. ഇന്റർനാഷണൽ സോഷ്യൽ സർവ്വെ പ്രോഗ്രാം 1998 ൽ നടത്തിയ ഒരു പഠനത്തിൽ മരണാനന്തര ജീവിതത്തിൽ ഏറ്റവും അധികം വിശ്വസിക്കുന്നവർ ഫിലിപ്പിൻസുകാരാണെന്ന് കണ്ടെത്തിയിരിക്കുന്നു. (87%). യുനൈറ്റഡ് സ്റ്റെയിറ്റ് ഓഫ് അമേരിക്കയിൽ 80% വും കാനഡയിൽ 70% ആയിരുന്നു. പ്രബലമായ മുസ്‌ലിം രാജ്യങ്ങളെ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. തീർച്ചയായും മുസ്‌ലിം സമൂഹമായിരിക്കും മരണാനന്തര ജീവിതത്തിൽ ഗാഢമായി വിശ്വസിക്കുന്നവർ.

മരണത്തിനുശേഷം ഒരു ജീവിതം ഉണ്ടെങ്കിൽ എങ്ങനെയാണ് നാം അതിനെ അഭിമുഖീകരിക്കേണ്ടത്. മരണത്തിനുശേഷം ആരും തന്നെ ഈ ലോകത്തേക്ക് തിരിച്ചുവന്ന് അവിടത്തെ കാര്യങ്ങൾ നാമുമായി പങ്കുവെയ്ക്കാത്തിടത്തോളം മറ്റു ഉപാധികളിലൂടെ ആ രഹസ്യം നമുക്ക് അറിയാൻ സാധ്യമല്ല. ഒരാളുടെ സ്വപ്ന ദർശനത്തെ ഒരു പരിധിവരെ നമുക്ക് ആശ്രയിക്കാവുന്നതാണ്. മനുഷ്യനുണ്ടാകുന്ന സ്വപ്നങ്ങളാണ് ഈ സമസ്യകൾക്ക് ഉത്തരം നൽകുന്നത്.

വിശുദ്ധ ഖുർആനിൽ അല്ലാഹു അവിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ടു പറയുന്നതു നോക്കുക. *"അവിശ്വാസികൾ എനിക്കു പകരക്കാരെ സൃഷ്ടിക്കുന്നു. സ്വന്തം സൃഷ്ടിപ്പിനെ അവർ വിസ്മരിക്കുകയും ചെയ്യുന്നു. മരിച്ചു മണ്ണായിത്തീർന്ന മനുഷ്യന്റെ അസ്ഥികളെ ആരാണ് പുനരുജ്ജീവിപ്പിക്കുക? ആരാണോ അവനെ ആരംഭത്തിൽ സൃഷ്ടിച്ചത് അവൻ തന്നെ. അവനെ പുനർജനിപ്പിക്കുന്നത്. എല്ലാ സൃഷ്ടിപ്പിനെക്കുറിച്ചും അവൻ നന്നായി അറിയുന്നവനാണ്"* (36-78-80). മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെവീക്ഷണം വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഖാദിയാനിയുടെ വിഖ്യാത ഉപന്യാസമായ ഇസ്‌ലാം മതതത്വജ്ഞാനത്തിലും, മറ്റു ഗ്രന്ഥങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാരുടെ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും വിവരിച്ചിട്ടുണ്ട്.

### മരണാനന്തര ജീവിതത്തിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം

മരണാനന്തര ജീവിതത്തിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇസ്‌ലാം നിർദ്ദേശിച്ചതുപോലെ മറ്റു മതങ്ങളൊന്നും തന്നെ ഊന്നിപ്പറഞ്ഞിട്ടില്ല. മരണാനന്തര ജീവിത സങ്കല്പത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ മുന്നൂറ്റിഅമ്പതിൽ പ്രാവശ്യം പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിലും അന്ത്യനാളിലും ഉള്ള വിശ്വാസത്തെക്കുറിച്ചു പതിനാറു സ്ഥലങ്ങളിൽ മാത്രമെ പരാമർശിക്കപ്പെട്ടിട്ടുള്ളൂ. ഉദാഹരണമായി *'ഈ ഉപദേശം നിങ്ങളിൽ നിന്നുള്ള അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ളതാണ്'.* (2/231). മരണാനന്തര ജീവിതത്തിന്റെ അവസ്ഥയും സ്വഭാവവും എങ്ങിനെയായിരിക്കുമെന്നതിനെക്കുറിച്ചും ഇസ്‌ലാം ധാരാളം പ്രകാശം വീശിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ സൂചനപ്രകാരം ഇഹലോക ജീവിതം പരലോക ജീവിതത്തിന്റെ ഒരു ചെറിയ പരിഛേദം മാത്രമാണ്.

മരണം പരലോക ജീവിതത്തിലേക്കുള്ള ഒരു പ്രവേശന കവാടം മാത്രമാണ്. ജീവിതത്തിന്റെ അന്ത്യമല്ല, മരണം. ഇഹലോക ജീവിതത്തിന്റെയും പരലോക ജീവിതത്തിന്റെയും സ്ഥിതി മാറ്റമാണ് മരണം.

പരലോകത്തിലെ ജീവിതം ഇഹലോക ജീവിതത്തിന്റെ ഒരു പ്രതിബിംബം മാത്രമാണ്. മറ്റൊരർത്ഥത്തിൽ നാം നമ്മുടെ പരലോക ജീവിതം പടുത്തുയർത്തുന്നത് നാം ഇഹലോക ജീവിതത്തിൽ എങ്ങനെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

മുകളിൽ ഉദ്ധരിച്ച വീക്ഷണങ്ങൾ ഗ്രഹിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്.

മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ്?

ഇഹലോക ജീവിതത്തിനുശേഷം ഏതെല്ലാം ഘട്ടങ്ങൾ നാം തരണം ചെയ്യുന്നു?

സ്വർഗ്ഗവും നരകവും എന്താകുന്നു? അവ രണ്ടും അനന്തമാണോ?

മുകളിൽ കൊടുത്ത പ്രശ്നങ്ങൾക്കുള്ള വിശദീകരണം നൽകാൻ ശ്രമിക്കാം.

### മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം

ഇസ്‌ലാമിൽ പരലോക ജീവിതം അല്ലാഹുവിന്റെ പ്രവിശാലമായ പദ്ധതിയുടെ അവിഭാജ്യ ഘടകമാണ്. അവൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് മഹത്തായ ഒരു ലക്ഷ്യ സാക്ഷാത്ക്കാരത്തിനായാണ്. മനോഹരമായ ആ ലക്ഷ്യം അനുധാവനം ചെയ്യാനും അങ്ങനെ അല്ലാഹുവിന്റെ ഇഷ്ട ദാസനായിത്തീരുകയും അല്ലാഹുവിന്റെ മഹത്തായ ഗുണങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്താനും വേണ്ടിയാണ്. അപ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ പ്രവിശാലമായ പദ്ധതിയുടെ കേന്ദ്ര ബിന്ദുവായിത്തീരുന്നു. ഇസ്‌ലാമിക വീക്ഷണ പ്രകാരം മനുഷ്യാത്മാവ് പുതിയ മാനവും രൂപവും ശരീരവും സ്വീകരിച്ചു പുതിയ ലോകത്തിൽ അതിന്റെ ജൈത്രയാത്ര തുടരുന്നു. മരണത്തോടുകൂടിത്തന്നെ ആത്മാവിന്റെ അന്ത്യം സംഭവിക്കുമെന്നുള്ളത് അല്ലാഹുവിന്റെ മഹത്തായ പദ്ധതിക്കും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും എതിരായിട്ടുള്ള ഒരു സിദ്ധാന്തമാണ്. മനുഷ്യാത്മാവ് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാകാതെ നശിപ്പിക്കപ്പെടുമെന്ന സിദ്ധാന്തം ദൈവിക

പദ്ധതിയുടെ പരാജയമായിരിക്കുമല്ലോ? അങ്ങനെ സംഭവിക്കുന്നതല്ല. മനുഷ്യ സൃഷ്ടിപ്പിന്റെ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാവുക തന്നെ ചെയ്യും. വിശുദ്ധ ഖുർആൻ ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. *“നിങ്ങളെ ഒരു ഉദ്ദേശ്യലക്ഷ്യവുമില്ലാതെ സൃഷ്ടിച്ചതാണെന്നും നിങ്ങൾ നമ്മുടെ അടുക്കലേക്ക് തിരിച്ചയക്കപ്പെടില്ലെന്നും ധരിച്ചുവോ?”* (23/116)

## മരണത്തിനു ശേഷമുള്ള സുപ്രധാനമായ മൂന്നു ഘട്ടങ്ങൾ

മരണത്തിനുശേഷം മൂന്നു ഘട്ടങ്ങൾ നമുക്കു അഭിമുഖീകരിക്കേണ്ടി വരുന്നു. ഒന്നാമത്തേത് ഖബറിലെ അവസ്ഥയാണ്. ഈ അവസ്ഥ ഗർഭസ്ഥശിശുമാതാവിന്റെ ഗർഭാശയത്തിൽ നിലകൊള്ളുന്നതിനോട് ഉപമിക്കാവുന്നതാണ്. ഈ ഘട്ടത്തിൽ മനുഷ്യാത്മാവ് നിരവധി പരിവർത്തനങ്ങൾക്ക് വിധേയമാക്കപ്പെടുന്നു. പുതിയ ശക്തികളും കഴിവുകളും വളർന്നു വികസിക്കാൻ തുടങ്ങുന്നു. മരണത്തിനുശേഷം മനുഷ്യാത്മാവ് വേറെ ഒരു ശരീരത്തിന്റെ ആത്മാവായി മാറുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യാത്മാവു പുതിയൊരു ജന്മം അനുഭവിക്കുന്നു. രണ്ടാമത്തെ ഘട്ടം ഒരു കുഞ്ഞിന്റെ ജനനത്തോടു സാമ്യമുള്ളതാണ്. ഈ അവസ്ഥയിൽ ആത്മാവ് പരലോക ജീവിതത്തിന്റെ അനുഭവങ്ങൾ ആസ്വദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇത് അപൂർണ്ണമായ അവസ്ഥയാണ്. എപ്രകാരമെന്നാൽ ഒരു കുഞ്ഞിന്റെ അവസ്ഥയ്ക്ക് സാമ്യമുള്ളതായി കണക്കാക്കാം. അവസാന ഘട്ടം പ്രായപൂർത്തിയായ ഒരു യുവാവുമായി താരതമ്യപ്പെടുത്താം. ഈ അവസ്ഥയിൽ മനുഷ്യാത്മാവ് പുതിയ ജീവിതത്തിന്റെ എല്ലാ യാഥാർത്ഥ്യങ്ങളേയും ആസ്വാദനങ്ങളേയും ഒരുമിച്ചറിയാൻ പര്യാപ്തമായിരിക്കും. ഈ അവസ്ഥയിലാണ് ആത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ പ്രവേശിപ്പിക്കുന്നത്.

## സ്വർഗ്ഗനഗരങ്ങളുടെ സ്വഭാവം

സ്വർഗ്ഗീയ ജീവിതമെന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് പരമമായ ആനന്ദം പ്രദാനം ചെയ്യുന്ന അവസ്ഥക്കാണ്. വിശുദ്ധഖുർആൻ നമ്മോടു പറയുന്നു. തീർച്ചയായും സുകൃതവാന്മാർ വിജയികളാകുന്നു. അവർ മതിലുകളാൽ ചുറ്റപ്പെട്ട ആരാമങ്ങളിൽ നിവസിക്കുന്നവരാണ്. അവിടെ മുന്തിരിച്ചാറുകളും സമപ്രായക്കാരായ തരുണീമണികളുമുണ്ട്. നിറഞ്ഞൊഴുകുന്ന പാനപാത്രങ്ങളും. അനാവശ്യമായ ഒരു പാഴ് വാക്കുകളും അവർ കേൾക്കുകയില്ല. അപ്രകാരം അസത്യങ്ങളും ഉണ്ടായിരിക്കുന്നതല്ല. നിങ്ങളുടെ നാഥനിൽ നിന്നുള്ള മഹത്തായ പ്രതിഫലം. അവരുടെ സൽക്കർമ്മങ്ങൾക്കുള്ള തത്തുല്യമായ സമ്മാനമാണിത്.

നരകത്തിലെ ജീവിതം ശിക്ഷയുടെ രൂപത്തിലുള്ളതാണ് വിശുദ്ധ ഖുർആൻ താക്കീതു ചെയ്യുന്നു. തീർച്ചയായും നരകം ദുഷ്ടന്മാരുടെ സങ്കേതമാണ്. അവർ അവിടെ യുഗങ്ങളോളം ജീവിക്കും. അവർ അവിടെ കുളിർമ അനുഭവിക്കുകയുമില്ല. തിളച്ച പാനീയമല്ലാതെ അവർ അവിടെ ആസ്വദിക്കുകയില്ല. അതുപോലെ കഠിനമായ തണുത്തുറഞ്ഞ പാനീയമല്ലാതെ അവിടെ അവർക്കു നൽകപ്പെടുകയില്ല. തീർച്ചയായും കണക്കെടുപ്പിനെ അവർ തിരിച്ചറിഞ്ഞിരുന്നില്ല. ദൈവിക ദൃഷ്ടാന്തങ്ങൾ അവർ തികച്ചും അവഗണിച്ചുകളഞ്ഞു. '

സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും യഥാർത്ഥ അവസ്ഥയെക്കുറിച്ചും ചെറുതായൊന്നു വിവരിക്കട്ടെ. വിശുദ്ധ ഖുർആൻ സ്വർഗ്ഗത്തിലേയും നരകത്തിലേയും ഒരു രേഖാ ചിത്രം അവതരിപ്പിക്കുന്നുണ്ട്. വരുവാനുള്ള ആ ജീവിതം ഇഹലോക ജീവിതവുമായി സാദൃശ്യമില്ലാത്തതാണ്. അതു തികച്ചും മനുഷ്യന്റെ ഭാവനക്ക് അതീതമാണ്. എത്രത്തോളമെന്നാൽ അവിടത്തെ ജീവിത യാഥാർത്ഥ്യങ്ങളുടെ ചെറിയ കണികപോലും വിഭാവനം ചെയ്യുവാൻ ഇവിടെ നമുക്ക് കഴിയുന്നതല്ല. വീണ്ടും വിശു ദ്ധ ഖുർആൻ പറയുന്നു. നാം നിങ്ങളെ എഴുന്നേൽപ്പിക്കുന്നതാണ്. എപ്രകാരമെന്നാൽ അതിനെക്കുറിച്ചും നിങ്ങൾക്ക് ചെറിയരൂപത്തിലുള്ള അറിവുപോലും ഇല്ലാത്ത അവസ്ഥയിൽ (56-62) വീണ്ടും വിശുദ്ധ ഖുർആൻ പറയുന്നു. ഒരാത്മാവും അറിയുന്നില്ല, അവർക്കു വേണ്ടി അല്ലാഹു അവിടെ മറച്ചുവെച്ചിരിക്കുന്ന സന്തോഷത്തെക്കുറിച്ചു അതവരുടെ കർമ്മങ്ങൾക്കുള്ള പ്രതിഫലമാണത്. (32-18)

മറ്റു മതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സ്വർഗ്ഗ നരകങ്ങളെക്കുറിച്ചുള്ള സങ്കല്പം ഇസ്ലാമിൽ വ്യതിരിക്തമാണ്. ഇസ്ലാമിക വീക്ഷണ പ്രകാരം സ്വർഗ്ഗവും നരകവും സ്ഥല കാലങ്ങളിൽ നിലനിൽക്കുന്നവയല്ല. പരിശുദ്ധ ഖുർആൻ പറയുന്നത് സ്വർഗ്ഗം മുഴു പ്രപഞ്ചത്തേയും ഉൾക്കൊള്ളുന്നുവെന്നാണ്. അങ്ങനെയാണെങ്കിൽ നരകം എവിടെയാണ്? റസൂൽ തിരുമേനി (സ) യോടും സഹാബികൾ ആരായുകയുണ്ടായി. അവ രണ്ടും ഒരേ സ്ഥലത്തു തന്നെ സ്ഥിതി ചെയ്യുന്നുവെന്നും റസൂൽ തിരുമേനി (സ) പ്രതിവചിച്ചു. എന്നാൽ നിങ്ങൾക്ക് അവയുടെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ പ്രയാസമാണ്. റസൂൽ തിരുമേനി (സ) വീണ്ടും തുടർന്നു. ഒരു സാധാരണ മനുഷ്യന്റെ ചോദ്യത്തോടാണ് റസൂൽ തിരുമേനി ഇവിടെ പ്രതിവചിച്ചത്. സ്വർഗ്ഗവും നരകവും ഒരേ അഭൗമിക സ്ഥലകാലങ്ങൾക്ക് വിധേയമാണ്. എന്നാൽ അവ രണ്ടും രണ്ടു വ്യത്യസ്ഥ മാനങ്ങളിലാണ് നിലകൊള്ളുന്നത്. അവിടെ രണ്ടും കൂട്ടിമുട്ടുകയോ കൂട്ടിക്കലരുകയോ ചെയ്യുന്നതല്ല.

## സ്വർഗ്ഗീയാനന്ദത്തിന്റെ അർത്ഥവും നരക പീഡനവും

സ്വർഗ്ഗീയാനന്ദവും നരകപീഡനവും നമുക്ക് ചില ഉദാഹരണങ്ങളിലൂടെ ഗ്രഹിക്കാവുന്നതാണ്. ഒരാൾ വിശപ്പാലും ദാഹത്താലും മരണ

ത്തോടു അടുക്കുകയാണെന്ന് കരുതുക. എന്നാൽ ആരോഗ്യവാനുമാണ്. അങ്ങനെയുള്ള ഒരാൾക്ക് ശീതികരിച്ച ഒരു മുന്തിരിക്കുല നല്കുകയാണെങ്കിൽ അയാൾ ആർത്തിയോടെ അതു ഭക്ഷിക്കുന്നതായിരിക്കും. രോഗിയായ ഒരു മനുഷ്യൻ ആസന്ന മരണാവസ്ഥയിൽ കഴിയുന്നുവെന്നിരിക്കട്ടെ ആ മനുഷ്യന്ന് രുചിയുള്ള ഒരു മുന്തിരിക്കുല സമ്മാനിക്കുകയാണെങ്കിൽ അതിനെ നിരസിക്കുക മാത്രമല്ല, മുന്തിരിക്കുലയെടുത്തു അയാൾ ദൂരെക്ക് വലിച്ചെറിയുകയും അതിനെ കഠിനമായി വെറുക്കുകയും ചെയ്യുന്നു. ആരോഗ്യമുള്ള ഒരാത്മാവ് നല്ല വസ്തുക്കൾ രുചിച്ചു പരിചയിച്ചതായിരിക്കും. അത്തരം ആത്മാക്കൾക്ക് രുചികരമായ വസ്തുക്കൾ നൽകപ്പെടുകയാണെങ്കിൽ അവ കൂടുതൽ ആനന്ദത്തോടെ അതിനെ ആസ്വദിക്കുന്നതായിരിക്കും. അതേ പ്രകാരം ആത്മീയമായ ആരോഗ്യമുള്ള മനുഷ്യൻ അല്ലാഹുവിന്റെ സാമീപ്യം അതിയായി കാംക്ഷിക്കു കയും അല്ലാഹുവിന്റെ മനോഹരമായ ഗുണവിശേഷങ്ങൾ തന്നിൽ സന്നിവേശിപ്പിക്കയും നന്മയുടെ വിളനിലമായിത്തീരുകയും ചെയ്യുന്നു. സ്വർഗ്ഗീയാരാമങ്ങളിൽ അത്തരം ആത്മാക്കൾ അല്ലാഹുവിന്റെ വിശിഷ്ട ഗുണവിശേഷങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതായി അനുഭവപ്പെടുകയും മുമ്പത്തെക്കാൾ കൂടുതൽ അല്ലാഹുവിൽ ലയിക്കുകയും ചെയ്യുന്നു. നരകത്തിൽ ഇതേ യാഥാർത്ഥ്യങ്ങൾ വിപരീതമായും അനുഭവപ്പെടുന്നു. ആരോഗ്യവാനായ ആത്മാവിന് ആനന്ദം പ്രദാനം ചെയ്തതുപോലെ നരകത്തിലെ ആത്മാവിന് പീഡനങ്ങളും വേദനകളും സഹിക്കേണ്ടിവരുന്നു. ചുരുക്കത്തിൽ സ്വർഗ്ഗത്തിലേയും നരകത്തിലേയും അനുഭവങ്ങൾ വിപരീതങ്ങളായ ആത്മീയാനുഭവങ്ങളാണ്.

## സ്വർഗ്ഗവും നരകവും അനന്തമാണോ?

സ്വർഗ്ഗത്തിലേയും നരകത്തിലേയും അനുഭവങ്ങൾ അനന്തമാണോ എന്ന ചോദ്യത്തിനുള്ള മറുപടി വിശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ സ്വർഗ്ഗം മനുഷ്യനു പ്രദാനം ചെയ്യുന്നത് അനന്തമായ ആത്മീയ പൂരോഗതിയാണ്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് പരിപൂർണ്ണത പ്രാപിക്കുന്നതിനായതുകൊണ്ട് നരക ശിക്ഷ അനന്തമല്ല. നരകം അനന്തമായിരുന്നുവെങ്കിൽ ദൈവത്തിന്റെ മനുഷ്യ സൃഷ്ടിപ്പ് പരാജയത്തിൽ കലാശിക്കുമായിരുന്നു. ഇങ്ങനെയായിരുന്നുവെങ്കിൽ നിരവധി ആത്മാക്കൾ പരിപൂർണ്ണത പ്രാപിക്കുമായിരുന്നില്ല. തീർച്ചയായും നരകം ഒരു ഇടത്താവളമാണ്. ആത്മീയ രോഗ ചികിത്സക്കുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി. അവിടെ ആത്മീയ രോഗങ്ങൾ ചികിത്സിച്ചു സുഖപ്പെടുത്തുന്നു. പ്രസ്തുത രോഗങ്ങൾ അവൻ ഭൂമിയിൽ വെച്ച് സമ്പാദിച്ചതാണ്. ഉദാഹരണത്തിനായി നേത്ര രോഗത്താൽ വിഷമിക്കുന്ന ഒരാൾക്ക് സൂര്യന്റെ വെട്ടിത്തിളങ്ങുന്ന പ്രഭ അതിയായ വേദനക്ക് കാരണമാകുന്നു. സൂര്യ തേജസ്സിന്റെ ആനന്ദം ആശ്വസിക്കുന്നതിനു പകരം അവൻ ഇരുട്ടിനെ ഇഷ്ടപ്പെടുന്നു. നരകത്തിലെ ആത്മീയ രോഗങ്ങൾ സുഖപ്പെടുന്നതോടുകൂടി അല്ലാഹുവിന്റെ കാരുണ്യം അവനെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. ഇത് അവരുടെ പുതിയ ജീവിതത്തിലെ പുരോഗതിക്ക് കാരണമായിത്തീരുന്നു. അവസാനം നരകത്തിൽ ആരും തന്നെ അവശേഷിക്കുന്നതല്ല. എല്ലാ മനുഷ്യാത്മാക്കളും അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തിൽ കീഴിൽ ഒരുമിച്ചു ചേർക്കപ്പെടുകയും അവരെ സ്വർഗ്ഗാവകാശികളാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ പരമമായ ലക്ഷ്യം.

## സ്വർഗ്ഗത്തിൽ അനന്തമായ പുരോഗതി

സ്വർഗ്ഗത്തിലെ മനുഷ്യാത്മാക്കളുടെ പുരോഗതിയെക്കുറിച്ചു വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു. സ്വർഗ്ഗീയ അവകാശികൾക്ക് ശാശ്വതമായ പുരോഗതി അല്ലാഹു പ്രദാനം ചെയ്യുന്നു. അവിടെ അവർ വിരസരോ, നിഷ്ക്രിയരോ, ഉദാസീനരോ ആയിരിക്കയില്ല. 'അവരുടെ പ്രകാശം അവരുടെ മുമ്പിൽ പ്രകാശിക്കുന്നതായിരിക്കും. അവരുടെ വലതു കൈകളിലും, അവർ പറയും ഞങ്ങളുടെ നാഥാ നീ ഞങ്ങളുടെ പ്രകാശത്തെ പൂർത്തീയാക്കിത്തരണമേ. ഞങ്ങൾക്ക് മാപ്പു ചെയ്തു തരേണമേ. തീർച്ചയായും നിനക്ക് എല്ലാ കാര്യങ്ങൾക്കും ശക്തിയുണ്ട്. ചുരുക്കത്തിൽ സ്വർഗ്ഗവാസികൾക്ക് നിരന്തരമായ പുരോഗതിയും അനുഗ്രഹവും നൽകപ്പെടുന്നു. ഓരോ പുരോഗതിയും അനുഗ്രഹവും മുമ്പത്തേക്കാൾ ഉയർന്നതായിരിക്കും. ഇത് അനന്തമായി തുടർന്നുകൊണ്ടിരിക്കുന്നതാണ്.

## ഭയത്തിന്റെയും പ്രത്യാശയുടെയും സന്ദേശം

ഇസ്ലാമിക സങ്കല്പ പ്രകാരം മരണാനന്തര ജീവിതം നമുക്ക് ഭയത്തേയും പ്രതീക്ഷയേയുമാണ് പ്രദാനം ചെയ്യുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ നാഥനെ നാം അല്ലാഹുവിൽ നിന്നു പ്രതീക്ഷിക്കുന്നു. നാം നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശം പുർത്തീകരിച്ചില്ലെങ്കിൽ അതിന്റെ അനന്തര ഫലവും നാം അനുഭവിക്കേണ്ടിവരും. ഇഹലോക ജീവിതത്തിലെ നമ്മുടെ കർമ്മങ്ങൾ ദൈവ കാരുണ്യത്തോടുകൂടി പുതിയ ജീവിതത്തിലേക്കുള്ള സമാരംഭം കുറിക്കുന്നു. വാഗ്ദാനം പാലിക്കുന്ന അല്ലാഹു നമ്മളെ അവന്റെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. അങ്ങനെ പരിപൂർണ്ണതക്കു മേൽ പരിപൂർണ്ണത പ്രാപിക്കുകയും ചെയ്യുന്നതാണ്. അത് സംഭവിക്കുകയും ചെയ്യുന്ന കാലത്തെ നമ്മുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുകയും ആത്മീയ രോഗ വിമുക്തമാക്കപ്പെടുന്നതുമായി ആശ്രയിച്ചിരിക്കും. നമ്മൾ പിശാചിന്റെ പ്രലോഭനങ്ങൾക്ക് വശംവദരായി തിന്മയുടെ ഭാഗത്തേക്ക് ചായുകയും നമ്മുടെ ആത്മാവു രോഗാതു

*(ശേഷം 26-ാം പേജിൽ)*

## ലേഖനം

# പ്രകൃതിദുരന്തങ്ങൾ നല്കുന്ന സന്ദേശം

**മഹമൂദ്, കൽക്കുളം**

### മനുഷ്യരുടെ പാപവും പ്രകൃതിദുരന്തങ്ങളും തമ്മിൽ ഒരദൃശ്യബന്ധമുണ്ട്

അടിക്കടിയുണ്ടാകുന്ന നാശങ്ങളും പ്രകൃതി ദുരന്തങ്ങളും മാനവസമൂഹത്തിന് ഒട്ടേറെ ഗുണപാഠങ്ങൾ നല്കുന്നു. പൂർവ്വ സമുദായങ്ങൾ വിവിധ തരത്തിലുള്ള ദൈവിക ശിക്ഷകൾക്ക് പാത്രീഭവിച്ചിരുന്നതായി വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്. ഭൂകമ്പം, ജലപ്രളയം, പകർച്ചവ്യാധികൾ, ചരൽക്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ശിക്ഷാ രൂപത്തിൽ അവരിൽ പതിച്ചിരുന്നതായി വി.ഖുർആൻ പരാമർശിക്കുന്നു. നാശകരങ്ങളായ ശിക്ഷകൾക്ക് പൂർവ്വകാല ജനത കുറിമാനമായത് അടിസ്ഥാനപരമായ രണ്ട് കാരണങ്ങളാലായിരുന്നു. ഒന്ന് പാപം ഗ്രസിച്ച സമൂഹങ്ങളെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ വരുന്ന പ്രവാചകന്മാരെ ദ്രോഹബുദ്ധിയോടെയുള്ള നിഷേധിക്കൽ, രണ്ടാമത്തേത് പാപങ്ങളുടെ ആധിക്യവും. പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ഈ രണ്ട് സംഗതികളാണ് ദൈവകോപം വെളിപ്പെടുത്താന്നിടയാക്കുന്നതെന്ന് വിശുദ്ധ ഖുർആനിലെ അനേകം സൂക്തങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. സന്മാർഗ വ്യതിയാനം സംഭവിച്ചവർക്ക് മാർഗദർശനം നല്കുന്നതിന്നായി ആഗതരാകുന്ന ദൈവദൂതന്മാരെ നിരാകരിക്കുകയും പാപങ്ങളിൽ തന്നെ കഴിഞ്ഞുകൂടുകയും ചെയ്യുമ്പോൾ അനിവാര്യമായും ദൈവ കോപം വെളിപ്പെടുന്നു. ഇതു സംബന്ധമായി വി..ഖുർആൻ പറയുകയാണ്: '

*'മദ്‌യനിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ (നാം അയച്ചു). അപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അന്ത്യനാളിനെ ഭയപ്പെടുക. നാശകാരികളായി നാട്ടിൽ കുഴപ്പങ്ങളൊന്നും ഉണ്ടാക്കരുത്. അപ്പോൾ അദ്ദേഹത്തെ അവർ കളവാക്കി. അതിനാൽ ഉഗ്രമായ ഭൂകമ്പം അവരെ പിടികൂടി. തൽഫലമായി, അവർ തങ്ങളുടെ വീടുകളിൽ പ്രഭാത വേളയിൽ കമിഴ്ന്നു വീണവരായിത്തീർന്നു. ആദിനെയും സമൂദിനെയും (നാം നശിപ്പിച്ചു) അവരുടെ താമസസ്ഥലങ്ങളിൽ നിന്ന് (ഈ സംഗതി) നിങ്ങൾക്ക് വ്യക്തമായിട്ടുണ്ട്. പിശാച് അവർക്ക് അവരുടെ ചെയ്തികൾ അലംകൃതമായി കാണിച്ചു കൊടുത്തു. എന്നിട്ട്, അവൻ അവരെ നേർമാർഗത്തിൽ നിന്ന് തടഞ്ഞു. വാസ്തവത്തിൽ അവർ ചിന്താ ശക്തിയുളളവരായിരുന്നു. ഖാറൂൻ, ഫിർഔൻ, ഹാമാൻ എന്നിവരെയും നാം നശിപ്പിച്ചു. വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി മൂസാ അവരുടെ അടുത്തേക്ക് ചെന്നിരുന്നു. അപ്പോൾ ആ നാട്ടിൽ അവർ അഹംഭാവം നടിച്ചു. അവർ നമ്മെ മറികടന്ന് ഓടി രക്ഷപ്പെടുന്നവരായില്ല. അപ്പോൾ ഓരോരുത്തരെയും അവരവരുടെ കുറ്റം നിമിത്തം നാം പിടിച്ചു ശിക്ഷിച്ചു. അവരിൽ ചിലരുടെ മേൽ നാം ചരൽക്കാറ്റ് അയച്ചു. അവരിൽ ചിലരെ ഘോരശബ്ദം പിടി കൂടി. അവരിൽ ചിലരെ നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അവരിൽ ചിലരെ നാം മുക്കിക്കൊന്നു. അല്ലാഹു അവരോട് ദ്രോഹം ചെയ്യുന്നവനായിരുന്നില്ല. നേരെ മറിച്ച്, അവർ തങ്ങളുടെ സ്വന്തം ആത്മാക്കളോട് സ്വയം ദ്രോഹം ചെയ്യുന്നവരായിരുന്നു". (29:37-41) " നാടുകളിൽ നിവസിക്കുന്നവർ വിശ്വസിക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അവർക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നു കൊടുക്കുമായിരുന്നു. പക്ഷെ അവർ (പ്രവാചകന്മാരെ) നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നാം അവരെ പിടിച്ചു ശിക്ഷിച്ചു". (7:97) "നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല; അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതി കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പ് നല്കുന്നതുവരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ (ഒരിക്കലും) നശിപ്പിക്കാറില്ല". (28:60)*

ഈ ദിവ്യസൂക്തങ്ങളിൽ ദൈവീകശിക്ഷാ നിയമത്തിന്റെ അടിസ്ഥാന കാരണങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ മോക്ഷവും രക്ഷയും പ്രദാനം ചെയ്യുന്ന വഴികൾ മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുന്നുണ്ട്.

പ്രവാചകന്മാർ. വിശ്വസിക്കുകയും ഭക്തിയുടെ മാർഗം തിരഞ്ഞെടുക്കുകയും ചെയ്യുന്നവർക്കുണ്ടാകുന്ന അനുഗ്രഹ ലബ്ധിയെപറ്റി അവർ സന്തോഷവാർത്ത അറിയിക്കുന്നു. അതോടൊപ്പം നിഷേധത്തിന്റെയും പാപപങ്കിലമായ ജീവിതത്തിന്റെയും തിക്തഫലത്തെകുറിച്ച് അവർ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. പ്രവാചകന്മാർ, തങ്ങളുടെ പ്രബോധന കർമ്മങ്ങളിൽ സുവാർത്തയുടെയും മുന്നറിയിപ്പിന്റെയും രീതികൾ അവലംബിച്ചിരുന്നതായി കാണാൻ കഴിയും. ഉദാഹരണത്തിന്, നൂഹ്നബി (അ) തന്റെ ജനതയെ ഇപ്രകാരം ഉപദേശിച്ചു:

*"എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ മുന്നറിയിപ്പ് നല്കുന്നവനാകുന്നു. നിങ്ങൾ അല്ലഹുവിനെ ആരാധിക്കുക, അവനെ അനുസരിക്കുക, എന്നെ അനുസരിക്കുക........... നിങ്ങൾ നിങ്ങളുടെ നാഥനോട് പാപമോചനത്തിനു പ്രാർത്ഥിക്കുക. നിസ്സംശയം അവൻ സർവ്വഥാ പൊറുക്കുന്നവനാണ്. അപ്രകാരം ചെയ്യുന്നതായാൽ ധാരാളം മഴപൊഴിയുന്ന മേഘങ്ങളെ അവൻ നിങ്ങൾക്കയച്ചുതരും. സമ്പത്തുകൊണ്ടും സന്തതികൾകൊണ്ടും അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങളും അരുവികളും നല്കുകുയും ചെയ്യും" (സൂറാ-നൂഹ്)*

സുവാർത്തയോടൊപ്പം ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കുക എന്നതും നബിമാരിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദിവ്യമായ കർത്തവ്യമാകുന്നു. 'നബഅ' എന്ന വാക്കിൽ നിന്നും നിഷ്പന്നമായ 'നബി' എന്ന പദത്തിന് മുന്നറിയിപ്പ് നല്കുന്ന ആൾ എന്നാണർത്ഥം. ഭയപ്പെടുത്തുന്നവൻ, താക്കീതുകാരൻ എന്ന അർത്ഥത്തിൽ 'മുൻദിർ' എന്ന പദവും ദൈവദൂതന്മാർക്കു വേണ്ടി വി.ഖുർആനിൽ പ്രയുക്തമായിട്ടുണ്ട്. ചുരുക്കത്തിൽ നിഷേധിച്ചവർക്കുണ്ടായ നാശത്തിന്റെയും വിശ്വസിച്ചവർ രക്ഷപ്രാപിച്ചതിന്റെയും വ്യക്തമായ ചിത്രം വി.ഖുർആൻ വരച്ചുകാട്ടിയിട്ടുള്ളതിനാൽ, ഈ ദൈവിക നിയമം തന്നെയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് കാണാൻ കഴിയും.

**പ്രവാചകന്മാർ, തങ്ങളുടെ പ്രബോധന കർമ്മങ്ങളിൽ സുവാർത്തയുടെയും മുന്നറിയിപ്പിന്റെയും രീതികൾ അവലംബിച്ചിരുന്നതായി കാണാൻ കഴിയും.**

## ആപത്തുകളുടെ മുന്നറിയിപ്പും പ്രതിവിധി നിർദ്ദേശങ്ങളും

ഇക്കാലത്ത് ജനങ്ങളെ സൽപന്ഥാവിലേക്ക് നയിക്കുന്നതിന് വേണ്ടി ആഗതരായ വാഗ്ദത്ത മഹ്ദീമസീഹ് (അ) മനുഷ്യ സൃഷ്ടിപ്പിന്റെ യാഥാർത്ഥ ലക്ഷ്യമായ ദൈവസായൂജ്യം സംസിദ്ധമാകുന്നതിനുള്ള മാർഗങ്ങൾ ലോകസമക്ഷം തുറന്നു കാണിക്കുകയുണ്ടായി. പ്രസ്തുത മാർഗങ്ങളിലൂടെ ചരിക്കുന്നതുമൂലമാണ് മനുഷ്യന് ആത്യന്തികമായ മുക്തിയും വിജയവും ലഭിക്കുമാറാകുന്നത്. എന്നാൽ ആ പുണ്യാത്മാവിനെ നിശിതമായി എതിർക്കുകയും അവഗണിച്ചു തള്ളുകയും ചെയ്തുകൊണ്ട് മുക്തി മാർഗത്തിൽ നിന്ന് പുറം തിരിഞ്ഞു നിൽക്കാനാണ് ഭൂരിഭാഗമാളുകളും ധൃഷ്ടരായത്. ദൈവിക മുന്നറിയിപ്പുകളെ അവർ ലാഘവത്തോടെ കാണുകയും ചെയ്യുന്നു. ദൈവം അറിയിച്ചതനുസരിച്ച് വാഗ്ദത്ത മഹ്ദീമസീഹ് (അ) ഇപ്രകാരം വിളംബരപ്പെടുത്തി: "ആപത്തുകളെ സംബന്ധിച്ച് എനിക്ക് അറിവ് നല്കപ്പെട്ടിരിക്കുന്നു. അതിപ്രകാരമാണ്: 'ലോകത്തിന്റെ നാനാഭാഗങ്ങളിലും മരണ നാശം വിതക്കുന്നതാണ്. ഭയാനകമായ ഭൂകമ്പങ്ങൾ സംഭവിക്കും. അത് അന്ത്യനാളിന്റെ മാതൃകയായിരിക്കും. ഭൂമി കീഴ്മേൽ മറിക്കപ്പെടും. ജനസഞ്ചയങ്ങളുടെ ജീവിതം ദുസ്സഹമായി തീരും. എന്നാൽ പശ്ചാത്തപിക്കുകയും, പാപങ്ങളിൽ നിന്ന് വിമുക്തരാവുകയും ചെയ്യുന്നവരുടെ മേൽ അല്ലാഹു കരുണചൊരിയുന്നതാണ്. എല്ലാ പ്രവാചകന്മാരും ഈ കാലഘട്ടത്തെകുറിച്ച് ദീർഘദർശനം ചെയ്തിട്ടുണ്ട്. അതുപോലെയെല്ലാം സംഭവിക്കേണ്ടത് അത്യാവശ്യമാകുന്നു. എന്നാൽ ആരാണോ ഹൃദയശുദ്ധിയോടു കൂടി അല്ലാഹുവിന്റെ തൃപ്തികരമായ പന്ഥാവിലൂടെ ചരിക്കുന്നത് അവർക്ക് ഒരു വിധത്തിലുള്ള ഭയവും ദു:ഖവും ഉണ്ടാകുന്നതല്ല. അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

*"നീ എന്റെ അടുക്കൽ നിന്നുള്ള ഒരു താക്കീതുകാരനാകുന്നു. കുറ്റവാളികളെയും സജ്ജനങ്ങളെയും വേർതിരിക്കുന്നതിന് വേണ്ടിയാണ് നാം നിന്നെ അയച്ചിരിക്കുന്നത്".* വീണ്ടും പറഞ്ഞു: *"ലോക ത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ ലോകർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യതയെ ശക്തിമത്തായ ആക്രമണങ്ങളോടു കൂടി വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്".......... തീർച്ചയായും ആകാശം ചിലത് വെളിപ്പെടുത്തും. ഭൂമിയും ചിലത് പുറത്തുകൊണ്ടു വരും. എന്നാൽ അല്ലാഹുവിനെ ഭയപ്പെടുന്നവർ സുരക്ഷിതരായിരിക്കും. ധാരാളം അപകടങ്ങൾ സംഭവിക്കുമെന്നും പല ആപത്തുകളും ഭൂമിയിൽ ഇറങ്ങുമെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. ഇതിൽ ചിലത് എന്റെ ജീവിതകാലത്തും ചിലത് എന്റെ കാലശേഷവും*

*വെളിപ്പെടുന്നതാണ്.........അല്ലാഹു എന്നെ അറിയിച്ചു: "നിനക്ക് വേണ്ടി നാം അടയാളങ്ങൾ കാണിക്കുന്നതാണ്. കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കും. നാം അവയെ നിലം പരിശാക്കികൊണ്ടിരിക്കുകയും ചെയ്യുന്നതാണ്". "ഭൂകമ്പം വന്നു. അതികഠിനമായിവന്നു. ഭൂമിയെ അടിമേൽ മറിച്ചു". അതായത് ഒരു കഠിന തരമായ ഭൂകമ്പം ഉണ്ടാകുന്നതാണ്. ഭൂമിയെ അഥവാ ഭൂമിയുടെ ചില ഭാഗങ്ങളെ ലൂത്തിന്റെ കാലത്ത് ഉണ്ടായതു പ്പോലെ കീഴ് മേൽ മറിക്കുന്നതാണ്". വീണ്ടും അല്ലാഹു പറഞ്ഞു: ''ഞാൻ രഹസ്യമായി സൈന്യങ്ങളോടൊപ്പം വരുന്നതാണ്". ആ ദിവസത്തെകുറിച്ച് ഒരാൾക്കും അറിവുണ്ടാകുന്നതല്ല. ലൂത്തിന്റെ നാട് കീഴ്മേൽ മറിക്കപ്പെടുംവരെ അതുസംബന്ധിച്ച് ആരും അറിഞ്ഞിരുന്നില്ലല്ലോ. എല്ലാവരും തിന്നുകുടിച്ച് സുഖലോലുപരായി കഴിയുമ്പോഴാണ് ത്വരിതഗതിയിൽ ഭൂമി അടിമേൽ മറിക്കപ്പെട്ടത്. ഇവിടെയും അങ്ങനെ തന്നെ സംഭവിക്കുമെന്ന് അല്ലാഹു പറയുന്നു. കാരണം പാപങ്ങൾ അതിരു കവിയുകയും മനുഷ്യൻ ഭൗതികതയെ പരിധിക്കപ്പുറം സ്നേഹിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവമാർഗ്ഗം നിന്ദാദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു".* (അൽവസിയ്യത്ത്) ആപത്തിനെ സംബന്ധിച്ചുള്ള ഉപര്യുദ്ധ്യത മുന്നറിയിപ്പുകളിൽ രക്ഷക്കുള്ള പ്രതിവിധികളും അടങ്ങിയിട്ടുണ്ട്. ദൈവദൂതനെ സ്വീകരിക്കുകയും പാവന ജീവിതം നയിക്കുകയുമാണ് അതിനുള്ള പോംവഴി.

## തെളിഞ്ഞു കഴിഞ്ഞ യാഥാർത്ഥ്യങ്ങൾ

ദൈവ നിയുക്തനായ സത്യാത്മാവിന്റെ ആഹ്വാനത്തിനുത്തരം നല്കിയവർ അത്ഭുതകരമായി രക്ഷിക്കപ്പെടുകയും അതിനെ തിരസ്കരിച്ചവർ നാശത്തിനിരയാവുകയും ചെയ്ത സംഭവം ഒരു ദൃഷ്ടാന്തമെന്നോണം ദൈവം ഇക്കാലത്തും വെളിപ്പെടുത്തി കാണിച്ചിട്ടുണ്ട്. മുമ്പേ നടന്നുവരുന്ന ദൈവിക നിയമത്തിന് അഥവാ സത്യദൂതനും അനുചരവൃന്ദവും രക്ഷിക്കപ്പെടുന്നതാണെന്ന ദിവ്യ നിയമത്തിന് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലെന്ന് ഇതിലൂടെ സ്ഥാപിക്കപ്പെടുകയും ചെയ്തു. അതായത്, വാഗ്ദത്തമസീഹ് (അ) ഇന്ത്യയിലെ പലഭാഗങ്ങളിലും പഞ്ചാബ് പ്രവശ്യയിൽ പ്രത്യേകിച്ചും സംഭവിക്കാനിരിക്കുന്ന പ്ലേഗ് എന്ന മഹാമാരിയെ കുറിച്ച് മുൻകൂട്ടി അറിയിക്കുകയും എന്നാൽ *"നിന്റെ ഭവനത്തിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്"* എന്ന ദിവ്യവെളിപാട് തനിക്ക് ലഭിച്ചിരിക്കുന്നതിനാൽ, തന്റെ ഭവനം ഒരു രക്ഷാദുർഗമായി നിലകൊള്ളുകയും ചെയ്യുന്നതാണെന്ന് പ്രഖ്യാപിച്ചു. 1898-ൽ ഒരു വിജ്ഞാപനത്തിലൂടെ ഇതു സംബന്ധിച്ച് തനിക്ക് ലഭിച്ച ദിവ്യദർശനം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. *'പഞ്ചാബിൽ പലേടത്തും വിരൂപവും വൃത്തി ഹീനവുമായ കറുത്ത വൃക്ഷങ്ങൾ നടുന്നതായും, ആ വൃക്ഷങ്ങൾ നടുന്നവരോട്, എന്താണീ മരങ്ങൾ എന്ന് ചോദിച്ചതിന്, ഈ പ്രദേശങ്ങളിൽ വ്യാപിക്കാനിരിക്കുന്ന പ്ലേഗ് രോഗത്തിന്റെ ചെടികളാണിതെന്ന് പ്രത്യുത്തരം നല്കിയതായും ഈ മഹാമാരിയിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ പറഞ്ഞു തന്നുകൊണ്ട് അദ്ദേഹം വിവരിക്കുന്നു: " എന്നെ കൈകൊളളുന്നവൻ, എന്നെ അയച്ചവനെ കൈകൊള്ളുന്നു. അല്ലയോ ജനങ്ങളേ, സ്വയം ശുദ്ധരാകുവീൻ; അശുദ്ധിയിൽ നിന്നാണ് പ്ലേഗുണ്ടാകുന്നത്. നിങ്ങൾ ശാരീരികമായും, ധാർമ്മികമായും, സാമൂഹികമായും, ആത്മീയമായും സംശുദ്ധിനേടുവിൻ. അങ്ങനെ ദൈവവും മനുഷ്യനും തമ്മിൽ ശരിയായൊരു രഞ്ജിപ്പുണ്ടായിത്തീരട്ടെ"* (അയ്യാമുസ്സുൽഹ്). പഞ്ചാബിൽ പ്ലേഗ് രോഗലക്ഷണമൊന്നുമില്ലാത്ത വേളയിൽ നല്കിയമുന്നറിയിപ്പും രക്ഷാനിർദ്ദേശവും കേട്ടപ്പോൾ പലരും പരിഹസിക്കുകയാണുണ്ടായത്. എന്നാൽ പിന്നീട് ഇന്ത്യയിലുണ്ടായ പ്ലേഗ് മരണങ്ങളുടെ കണക്കുകളും അതിന് വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്തമസീഹ്(അ) ചെയ്ത പ്രവചനങ്ങളും പരിശോധിക്കുന്നവർക്ക് ദൈവത്തിന്റെ ദൃഷ്ടാന്തം കാണുവാൻ പ്രയാസമുണ്ടാവില്ല. ഇന്ത്യാരാജ്യത്ത് അന്നുവരെ ഉണ്ടായിട്ടില്ലാത്തത്രയും ഭീതിദമായ മരണമായിരുന്നു പ്ലേഗ് രോഗം മുഖേനയുണ്ടായത്. പഞ്ചാബിലെ പകുതിയോളം പേർ പ്ലേഗ് രോഗത്തിന്നിരയായി. 1896 മുതൽ 1906 ഏപ്രിൽ വരെയുള്ള ഇന്ത്യാഗവർമ്മെണ്ടിന്റെ കണക്കുപ്രകാരം മുപ്പത്തിയെട്ടുലക്ഷത്തി അറുപത്തെണ്ണായിരത്തി നൂറ്റി ഇരുപത്തിനാല് (38,68,124) പേർ പ്ലേഗ് മുഖേന കൊല്ലപ്പെട്ടു. ഗവൺമെന്റ് തലത്തിൽ പ്രതിരോധ കുത്തിവെപ്പിനുള്ള ഏർപ്പാട് ചെയ്തതിനെ വാഗ്ദത്ത മസീഹ് (അ) പ്രകീർത്തിക്കുകയും ഇതു സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കുന്ന മറ്റെല്ലാ നടപടികൾക്കും പൂർണ്ണ സഹായസഹകരണങ്ങൾ നല്കുവാൻ തന്റെ അനുയായികളോട് നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ, ഇതൊരു ദൈവീകദൃഷ്ടാന്തമായി പരിണമിക്കുമെന്നതിനാൽ, തന്റെ ശിഷ്യരിലാർക്കും പ്രതിരോധകുത്തിവെപ്പ് ആവശ്യമില്ലെന്നും അദ്ദേഹം വിളംബരപ്പെടുത്തിയിരുന്നു. *'തന്റെ ഭവനത്തിലുള്ളവരെല്ലാം സുരക്ഷിതരായിരിക്കു'*മെന്ന പ്രവചനമനുസരിച്ച് വാഗ്ദത്തമസീഹിന്റെ ശിഷ്യരിൽ പലരും ദാറുൽമസീഹിൽ (മസീഹിന്റെ ഭവനം) കുടുംബസമേതം വന്ന് താമസിച്ചു. ഒടുവിൽ, മസീഹിന്റെ ഭവനം ഒരു രക്ഷാസങ്കേതമായി മാറുകതന്നെ ചെയ്തു. അതേ സമയം അദ്ദേഹത്തിന്റെ ശത്രുക്കളിൽ പലപ്രമുഖന്മാരും ഈ രോഗത്തിന്നിരയായി മരണപ്പെടുകയാണുണ്ടായത്! ദൈവത്തിന്റെ സഹായഹസ്തങ്ങൾ, തന്റെ പ്രിയ ദൂതനും അനുചരർക്കും വേണ്ടി എത്ര അത്ഭുതകരമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ഈ സംഭവത്തിൽ നിന്നും സുവിദിതമാകുന്നുണ്ട്.

l

## ലേഖനം

# സമാധാനവും ജിഹാദും ഇസ്‌ലാമിൽ

**മൗലാനാ അത്താഉൽ മുജീബ് റാശിദ്**

**'സമാധാനം' എന്ന് അർത്ഥമുള്ള ഇസ്‌ലാം മതത്തിൽ ജിഹാദ് എന്ന പദം സ്വന്തം ആത്മാവിന്റേയും ജനങ്ങളുടേയും സമുദ്ധാരണത്തിനുള്ള കഠിനയത്നം എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. 'യുദ്ധം' എന്നത് 'ജിഹാദി'ന്റെ ഏറ്റവും അസംഭവ്യവും വിദൂരവുമായ അർത്ഥമാണ്.**

ഇസ്‌ലാമിനെ ശാന്തിയുടെ മതമാക്കുന്നതെന്താണ്? ഇസ്‌ലാം എന്ന പേരു തന്നെ അതുല്യമാണ് 'സമാധാനം' എന്ന് അക്ഷരാർത്ഥമുള്ള ഒരു പദം കൊണ്ട് ഒരു മതം നാമകരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നതു തന്നെ മതചരിത്രത്തിൽ ആദ്യമാണ്. ഇസ്‌ലാം എന്ന പദത്തിന് രണ്ടർത്ഥങ്ങളാണുളളത്. ഒന്നാമത്തെ അർത്ഥം അല്ലാഹുവിന്റെ ഇച്ഛക്കും ആജ്ഞക്കും കീഴ് വണങ്ങുക എന്നതാണ്. രണ്ടാമത്തെ അർത്ഥം സമാധാനം എന്നാണ്. അതിലുപരി, ഇസ്‌ലാം സർവ്വശക്തനായ അല്ലാഹുവിനാൽ സ്ഥാപിതമായതാണ്. അല്ലാഹുവിന് നിരവധി ഗുണങ്ങളുണ്ട്. അവയിലൊന്ന് "അസ്സലാം" എന്നാണ്, അതായത് സമാധാനം നൽകുന്നവൻ.

ഇസ്‌ലാമിൽ വിശ്വസിക്കുന്ന ഒരാളെ മുസ്‌ലിം എന്ന് വിളിക്കുന്നു. മുസ്‌ലിമിന്റെ നിർവ്വചനം "സ്വയം സമാധാനത്തിൽ നിലകൊള്ളുന്നവനും സമൂഹത്തിൽ സമാധാനം ഉണ്ടാക്കുന്നവനും" എന്നാണ്. കൂടുതൽ മനോഹരമായ ഒരു നിർവ്വചനമാണ് ഇസ്‌ലാം മത സ്ഥാപകരായ മുഹമ്മദ് മുസ്തഫ (സ) തിരുമേനി നല്കിയിരിക്കുന്നത്.

'ഏതൊരു വ്യക്തിയുടെ കരങ്ങളിൽ നിന്നും നാവിൽ നിന്നും എല്ലാ ആളുകളും സുരക്ഷിതരാണോ അവനാണ് മുസ്‌ലിം, (ബുഖാരി)

ആർക്കും ഒരു വിധത്തിലുള്ള ഉപദ്രവത്തിനും കാരണക്കാരനാവാത്ത വ്യക്തിയെ മാത്രമേ സത്യത്തിൽ മുസ്‌ലിം എന്ന് വിളിക്കാനൊക്കൂ.

മറ്റു ചില വസ്തുതകളും ശ്രദ്ധാർഹമാണ്. മുസ്‌ലിംകൾ അഭിവാദനം ചെയ്യുന്നത് "അസ്സലാമു അലൈക്കും" എന്നു പറഞ്ഞു കൊണ്ടാണ്, അതായത് താങ്കളുടെമേൽ സമാധാനം ഉണ്ടാവട്ടെ എന്ന്. ഇത് മുസ്‌ലിംകളും അമുസ്‌ലിംകളുമായ എല്ലാവരുമായും പങ്കുവെയ്ക്കേണ്ടതാണ്. ഇസ്‌ലാം രൂപം കൊണ്ട മക്ക അറിയപ്പെടുന്നത് 'ബലദുൽഅമീൻ' അതായത് 'സമാധാനത്തിന്റെ പട്ടണം' എന്നാണ്. നബി തിരുമേനി (സ) ക്ക് വിശുദ്ധ ഖുർആൻ വെളിപാടായിറക്കിയത് 'റൂഹുൽ അമീൻ' എന്നറിയപ്പെടുന്ന മാലാഖ മുഖേനയാണ് അതായത് "സമാധാനത്തിന്റെ മാലാഖ." നബി തിരുമേനി (സ) പ്രവാചകത്വം അവകാശപ്പെടുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തിന് നല്കിയ ഓമനപ്പേര് അൽ-അമീൻ അഥവാ വിശ്വസ്തൻ അല്ലെങ്കിൽ ഭൂമിയിലെ ഏറ്റവും സമാധാനചിത്തനായ ആൾ എന്നാണ്.

### വിശ്വാസകാര്യത്തിൽ ബലപ്രയോഗം ഇല്ല

എല്ലാ ജനതക്കുമായി എല്ലാ കാലത്തേക്കുമായി ഇസ്‌ലാം തുറന്ന ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ടെന്ന കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി പ്രസ്താവിക്കുന്നു

"മതത്തിൽ യാതൊരു ബലപ്ര

യോഗവുമില്ല” (വി.ഖു 2:257)

ഈ സൂക്തത്തിൽ അതിനുള്ള കാരണവും വിവരിക്കുന്നു.

തീർച്ചയായും, സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു (2:257)

നിങ്ങളുടെ പക്ഷത്ത് ബുദ്ധിയും യുക്തിയും ഉള്ളപ്പോൾ, മറ്റുള്ളവരെ ആകർഷിക്കുന്ന മനോഹരമായ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നിങ്ങളുടെ കൈവശമുള്ളപ്പോൾ ബലപ്രയോഗത്തിന്റെയും സ്പർദ്ധയുടെയും ആവശ്യമില്ല. ആരെയെങ്കിലും മതപരിവർത്തനം ചെയ്യിക്കാൻ ബലപ്രയോഗം നടത്തുന്നതിന് ഇസ്‌ലാം അനുവദിക്കുന്നില്ല. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു”.

പറയുക, ‘ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ’ ( വി.ഖു:18:30) മതം തിരഞ്ഞെടുക്കാനും, കൈക്കൊള്ളാനും, പ്രചരിപ്പിക്കാനും പ്രവൃത്തി പഥത്തിൽ വരുത്താനുമുള്ള സ്വാതന്ത്യം ഇസ്‌ലാം ഉറപ്പു നൽകുകയും അതിനെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. വിശ്വസിക്കുന്ന ആൾക്ക് അതിനനുസൃതമായ പ്രതിഫലം നൽകപ്പെടുന്നു. വിശ്വസിക്കാത്ത ഒരാളെ വിശ്വസിപ്പിക്കാൻ നിർബന്ധം ചെലുത്തുകയുമില്ല.

## മത പരിത്യാഗം

ആദ്യം ഇസ്‌ലാമിൽ പ്രവേശിക്കുകയും പിന്നീട് ഇസ്‌ലാമിൽ നിന്ന് പുറത്തുപോകയും ചെയ്യുന്ന മതപരിത്യാഗിക്ക് വധശിക്ഷ നൽകണമെന്ന് വിശ്വസിക്കുന്ന ചില മുസ്‌ലിംകൾ നിർഭാഗ്യവശാൽ ഉണ്ട്. എന്നാൽ ഇസ്‌ലാമിനെ പരിത്യജിക്കുന്ന ആൾക്ക് ഇസ്‌ലാമികാദ്ധ്യാപനപ്രകാരം ഐഹിക ലോകത്ത് ശിക്ഷയില്ല. അയാൾക്ക് എന്തെങ്കിലും ശിക്ഷ ഉണ്ടെങ്കിൽ അത് അല്ലാഹുവാണ് നല്കേണ്ടത്, മനുഷ്യനല്ല. മതപരിവർത്തന സ്വാതന്ത്ര്യവും മതപരിത്യാഗ സ്വാതന്ത്ര്യവും താഴെപറയുന്ന പ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്നു. “മത കാര്യത്തിൽ ബലപ്രയോഗം ഇല്ല”.

അത് ഒരു ഏകദിശാ സ്വാതന്ത്ര്യമല്ല. അതായത്, ഇസ്‌ലാമിലേക്ക് പ്രവേശിക്കാം, പക്ഷേ ഇസ്‌ലാം ഉപേക്ഷിക്കാൻ പാടില്ല, എന്നില്ല.

## മനുഷ്യസമത്വം

ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് സംശയമെന്യേ തെളിയിക്കുന്ന മറ്റു ചില അദ്ധ്യാപനങ്ങൾ ഉണ്ട്. അവയിൽ പ്രമുഖമായ ഒന്ന് മനുഷ്യസമത്വത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ വീക്ഷണമാണ്. ജനനം, കുടുംബം, ജാതി, വർഗ്ഗം എന്നിവ മൂലം ഒരു പ്രത്യേക അവകാശം ഇസ്‌ലാം വകവെച്ചുകൊടുക്കുന്നില്ല. ഭാഷ, രാഷ്ട്രം, വർഗ്ഗം എന്നിവ കാരണമായി ഇസ്‌ലാമിൽ മനുഷ്യർക്കിടയിൽ വിവേചനമില്ല. മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ സൃഷ്ടികളും സേവകരുമാണെന്നും അതിനാൽ അവനു വേണ്ടിയും അവന്റെ തൃപ്തി നേടാനും മനുഷ്യർ സഹോദരഭാവേന ജീവിക്കണമെന്നുമുള്ള സത്യത്തിന്റെ പ്രായോഗിക പ്രകടനമായ ഒരു രാഷ്ട്രീയ സാമൂഹ്യ സമത്വ വ്യവസ്ഥ സ്ഥാപിക്കാനാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്.

## എല്ലാ മതങ്ങളോടും ബഹുമാനം

എല്ലാ മതസ്ഥാപകരിലും അവർക്ക് വെളിപാടായി ഇറങ്ങിയ ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ ഇസ്‌ലാം കല്പിക്കുന്നു. ഇസ്‌ലാമിന് മാത്രമുള്ള സവിശേഷമായ ബഹുമതികളിലൊന്നാണിത്. എല്ലാ പ്രമുഖ മതങ്ങളും അവയുടെ ആരംഭത്തിൽ സത്യാധിഷ്ഠിതമായിരുന്നുവെന്നും അവയിൽ ഇപ്പോഴും നിരവധി മൂല്യങ്ങൾ ഉൾക്കൊള്ളുന്നുവെന്നുമുള്ള വീക്ഷണമാണിത്. താൻ വിശ്വസിക്കുന്ന മതത്തിലല്ലാതെ മറ്റൊന്നിലും മോക്ഷത്തിന്റെ വഴിയില്ലെന്ന മനോഭാവം ഇസ്‌ലാം നിരാകരിക്കുന്നു. എല്ലാ പ്രമുഖ മതങ്ങളെയും ഇസ്‌ലാം ബഹുമാനാദരവുകളോടെയാണ് നോക്കിക്കാണുന്നത്. മറ്റു മതസ്തരുടെ ആരാധനാലയങ്ങളെ ബഹുമാനിക്കാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്. അവയുടെ സ്ഥാപകരോടും വിശുദ്ധ വ്യക്തികളോടും അഗാധമായ ബഹുമാനം കാണിക്കണം.

## സ്വാതന്ത്ര്യത്തിന്റെ തീട്ടൂരം

ഇസ്‌ലാം എല്ലാ രാഷ്ട്രങ്ങളോടും മതവിശ്വാസികളോടും സഹിഷ്ണതയോടെ സഹവസിക്കാൻ പഠിപ്പിക്കുന്ന സമാധാനത്തിന്റെ മതമാണെന്ന് വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതു സംബന്ധമായി വളരെ പ്രധാനപ്പെട്ട ഒരു ചരിത്ര രേഖ ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകർ (സ) ക്രിസ്ത്യാനികൾക്ക് നല്കിയ സ്വാതന്ത്ര്യത്തിന്റെ മഹത്തായ തീട്ടൂരമാണ്. ഇത് മനുഷ്യചരിത്രത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഒരു സ്മാരക വസ്തുവാണ്. മതസഹിഷ്ണുതയേയും സമാധാനത്തേയും സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണത്തിന്റെ ഒരു സംഗ്രഹമാണ്. അത് പ്രസ്താവിക്കുന്നു.

“താക്കീതുകാരനും സുവിശേഷവാഹകനുമായ ദൈവത്തിന്റെ പ്രവാചകൻ മുഹമ്മദ്, അബ്ദുല്ലയുടെ മകൻ എഴുതിപ്പിക്കുന്ന ഒരു പ്രമാണമാണിത്. പിന്നീടു വരുന്നവർ ഒഴിവു കഴിവു പറയാതിരിക്കാനാണിത്. ഞാനീ പ്രമാണമെഴുതിപ്പിക്കുന്നത് കിഴക്കും, പടിഞ്ഞാറുമുള്ള സമീപസ്ഥരും വിദൂരസ്ഥരുമായി ജീവിച്ചിരിക്കുന്നവരും ഭാവിയിൽ ഉണ്ടാവുന്നവരുമായ ക്രിസ്ത്യാനികൾക്ക് വേണ്ടിയാണിത്. എനിക്കറിയാവുന്നവരും എനിക്കറിയാത്തവരുമായ ക്രിസ്ത്യാനികൾക്കു വേണ്ടിയാണ്. ഇതിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതിനെ ലംഘിക്കുകയോ വികൃതമാക്കുകയോ ചെയ്യുന്ന ഓരോ മുസ്‌ലിമും ദൈവത്തിന്റെ കരാർ ലംഘിച്ചതായി ഗണിക്കപ്പെടും.

അങ്ങനെ ചെയ്യുന്ന പക്ഷം അയാൾ ദൈവിക വാഗ്ദാനത്തിന് ഏതിരുപ്രവർത്തിച്ചവനും അതുവഴി ദൈവകോപത്തിനു പാത്രമാകുന്നതുമായിരിക്കും, അവൻ ഒരു രാജാവോ ഒരു സാധാരണ പ്രജയോ ആരായാലും ശരി. പർവ്വതങ്ങളിലോ, വനങ്ങളിലോ, മരുഭൂമികളിലോ, വാസസ്ഥലങ്ങളിലോ, ആരാധനാ സ്ഥലങ്ങളിലോ എന്റെ സഹായം തേടുന്ന സന്യാസിയോടോ, യാത്രക്കാരനോടോ ഞാൻ വാഗ്ദാനം ചെയ്യുന്നു. ഞാനെന്റെ സുഹൃത്തുക്കളോടും, സഹായികളോടും എന്റെ എല്ലാ ബന്ധുക്കളോടും എന്റെ അനുയായികളോടും കൂടി അയാളുടെ ശത്രുക്കളെ തുരത്തും, എന്നിട്ടയാളെ രക്ഷിക്കും, എന്തെന്നാൽ അയാളെന്റെ കരാറിൽപ്പെട്ടവനാണ്. അയാളെ ഞാൻ ശത്രുക്കളുടെ പീഡനങ്ങളിൽ നിന്നും ദ്രോഹത്തിൽ നിന്നും അവഹേളനത്തിൽ നിന്നും പ്രതിരോധിക്കും, അയാൾ എനിക്ക് നല്കാമെന്നേറ്റിരിക്കുന്ന തലവരിക്ക് പകരമായി അവർ തങ്ങളുടെ സ്വത്തുക്കളേയും ആളുകളേയും സ്വന്തം നിലക്ക് സംരക്ഷിക്കാനാണിഷ്ടപ്പെടുന്നതെങ്കിൽ അവരെ അതിനനുവദിക്കാം. ഇക്കാര്യത്തിൽ അവർക്ക് യാതൊരുവിധ അസൗകര്യവും ഉണ്ടാക്കുന്നതല്ല.

ഒരു ബിഷപ്പിനെയും തന്റെ മന്ദിരത്തിൽ നിന്നും പുറത്താക്കുകയില്ല. സന്യാസിയെ മഠത്തിൽ നിന്നും, പുരോഹിതനെ ആരാധനാലയത്തിൽ നിന്നും നീക്കുകയില്ല. തീർത്ഥാടകനെ തീർത്ഥാടനത്തിൽ നിന്നും തടയുകയില്ല. അവരുടെ ചർച്ചുകളോ ആരാധനാ സ്ഥലങ്ങളോ ഒഴിപ്പിക്കുകയില്ല. അവരുടെ ചർച്ചിന്റെ സാധനങ്ങൾ പള്ളി നിർമ്മിക്കാനോ, മുസ്ലിം ഗൃഹങ്ങൾ നിർമ്മിക്കാനോ ഉപയോഗപ്പെടുത്തുകയില്ല. ഏതെങ്കിലും മുസ്ലിം ഇങ്ങനെ ചെയ്താൽ അയാൾ ദൈവത്തോടും അവന്റെ പ്രവാചകനോടും അനുസരണക്കേട് കാണിച്ചതായി പരിഗണിക്കപ്പെടും.. സന്യാസിമാരും ബിഷപ്പുമാരും അവർ വനങ്ങളിലോ, നദിക്കരയിലോ, കിഴക്കോ , പടിഞ്ഞാറോ, വടക്കോ, തെക്കോ, എവിടെ താമസിക്കുന്നവരായാലും തലവരി അടക്കേണ്ടതില്ല. ആദരവോടെ ഞാനവർക്ക് വാക്കു നൽകുന്നു. അവരെന്റെ വാഗ്ദാനത്തിലും കരാറിലും ആണ്. എല്ലാവിധത്തിലുള്ള അസൗകര്യങ്ങളിൽ നിന്നും അവർ സുരക്ഷിതരായിരിക്കും. അവരുടെ ചർച്ചുകളുടെ അറ്റകുറ്റപ്പണിക്കുള്ള എല്ലാ സഹായങ്ങളും നൽകപ്പെടും. ആയുധം ധരിക്കുന്നതിൽ നിന്നും അവർ മോചിതരായിരിക്കും. അവരെ മുസ്ലിംകൾ സംരക്ഷിക്കുന്നതായിരിക്കും. ഈ പ്രമാണത്തോട് വിധിന്യായ ദിനംവരെ അനുസരണക്കേട് കാണിക്കരുത്.

ഒപ്പ്, മുഹമ്മദ്, ദൈവദൂതൻ

(ഉദ്ധരണി: മക്കാത്തിബുറസൂൽ - തിരുദൂതന്റെ കത്തുകൾ ലബനാനിലെ ബെയ്റൂത്തിൽ അച്ചടിച്ചത്)

(സഹിഷ്ണതയെയും സമാധാനത്തെയും സംബന്ധിക്കുന്ന ഇസ്ലാമികാദ്ധ്യാപനങ്ങളെ ഇത്ര മനോഹരമായി സംഗ്രഹിക്കുന്ന ഒരു പ്രസ്താവന വേറെ കാണുകയില്ല)

## ജിഹാദിന്റെ വിവക്ഷ

ജിഹാദിന്റെ യഥാർത്ഥ വിവക്ഷയെന്തെന്ന് ഞാൻ വിശദീകരിക്കാം. ജിഹാദിന്റെ തെറ്റായ വ്യഖ്യാനം മുസ്ലിം സൈന്യങ്ങൾ മറ്റു രാജ്യങ്ങളെ അക്രമിച്ചു ജനങ്ങളെ ഇസ്ലാം സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തുകയെന്നതാണ്. ഒരു കയ്യിൽ വിശുദ്ധ ഖുർആനും മറുകയ്യിൽ വാളുമേന്തി ജനങ്ങൾക്ക് അന്ത്യശാസനം നല്കുന്നതുപോലെയാണ്. ഒന്നുകിൽ ഇസ്ലാം മതമാശ്ലേഷിക്കുക അല്ലെങ്കിൽ മരണം വരിക്കുക എന്നാവും അതിന്റെ അർത്ഥം. ജിഹാദിന്റെ വിവക്ഷയെ സംബന്ധിച്ച പൂർണ്ണമായ ഒരു തെറ്റിദ്ധാരണയാണിത്. സമാധാനത്തിന്റെ മതമായ ഇസ്ലാമുമായി ഇതിനൊരു ബന്ധവുമില്ല. ജിഹാ ദിന്റെ ശരിയായ വിവക്ഷ ജനങ്ങളുടെ സമൃദ്ധാരണത്തിനായുള്ള കഠിനാദ്ധ്വാനവും സമരവുമാണെന്നാണ്. ഈ ലോകത്തെ എല്ലാവർക്കും ജീവിക്കാൻ പറ്റിയ ഒരു സമാധാന ഗേഹമാക്കുകയാണതിന്റെ ഉദ്ദേശ്യം. മുസ് ലിമിന്റെ ഏററവും വലിയ ജിഹാദ് സ്വന്തം ആത്മാവിനോടുള്ള നിരന്തരമായ സമരമാണ്. തിന്മയിലേക്കുള്ള പൈശാചികമായ പ്രേരണക്കും അഹംഭാവത്തിനുമെതിരിലുള്ള സമരം. ഇതിനെതിരിൽ നിങ്ങൾ ഒരു യുദ്ധം സ്വയം നടത്തിയാൽ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ ഏറ്റവും ഉന്നതമായ ഒരു ജിഹാദ് നടത്തിയതായി പരിഗണിക്കപ്പെടും. മതപ്രബോധനത്തിനും പ്രചാരണത്തിനും വേണ്ടി നിങ്ങൾ ധനം ചെലവു ചെയ്താൽ ഇസ്ലാംമതമനുസരിച്ച് അത് ജിഹാദിന്റെ ഒരു രൂപമായിരിക്കും. ദരിദ്രരെ സഹായിക്കാൻ ദാനധർമ്മങ്ങൾ ചെയ്താൽ അതും ജിഹാദാണ്.

ആത്മരക്ഷാർത്ഥം യുദ്ധം ചെയ്യേണ്ടിവന്നാൽ അത് ജിഹാദിന്റെ താഴ്ന്ന രൂപമാണ്. ഇസ്ലാമികാദ്ധ്യാപന പ്രകാരം ശത്രുക്കൾ എത്ര തെറ്റു ചെയ്താലും അവർക്കെതിരിൽ യുദ്ധം ചെയ്യാൻ പാടില്ല. ജീവനും സ്വത്തും മാനവും നശിപ്പിക്കാനും തങ്ങൾ കൈക്കൊണ്ട മതത്തെ അടിച്ചമർത്താനും തുരത്താനും വേണ്ടി ശത്രുക്കൾ ആക്രമിച്ചാൽ മാത്രമേ മുസ്ലിംകൾക്ക് യുദ്ധം ചെയ്യാൻ അനുമതിയുള്ളൂ. ഈ ഒരവസ്ഥയിൽ മാത്രമാണ് ആത്മരക്ഷാർത്ഥം യുദ്ധം ചെയ്യാൻ മുസ്ലിംകൾക്കവകാശമുള്ളത്. ബുദ്ധിയുള്ള ഒരു മനുഷ്യനും തന്നെ ഇതിനെതിരിൽ ഒരു ചെറുവിരലനക്കുകയില്ല. ആത്മരക്ഷാർത്ഥം യുദ്ധം ചെയ്യാൻ മുസ്ലിംകൾക്ക് അവകാശമുണ്ടെങ്കിലും യുദ്ധരംഗത്തുപോലും സമാധാനം സ്ഥാപിക്കാൻ മുസ്ലിംകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് രസകരമായ കാര്യം. യുദ്ധം ഒഴിവാക്കാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തണം. ഈ ശ്രമം പരാജയപ്പെട്ടാൽ പീഡനം ഉള്ളേടത്തോളം മാത്രമേ യുദ്ധത്തിന്

അനുമതിയുള്ളൂ. ഇസ്ലാമിന്റെ ശത്രുക്കൾ ആയുധം താഴെവെച്ചാൽ മുസ്ലിംകൾ യുദ്ധത്തിൽ നിന്ന് പിന്തിരിയേണ്ടതാണ്.

## നബി തിരുമേനി (സ) യുടെ നടപടിക്രമം

ആത്മരക്ഷാർത്ഥം തന്റെ അനുയായികളെ യുദ്ധത്തിന്നയക്കുമ്പോൾ, ആയുധമേന്താൻ തങ്ങൾ നിർബന്ധിതരാണെങ്കിലും തങ്ങൾ ഇസ്ലാമിന്റെ സ്ഥാനപതികളാണെന്ന കാര്യം വിസ്മരിക്കരുതെന്ന് തന്റെ അനുയായികളെ ഉപദേശിക്കാറുണ്ടായിരുന്നു. തിരുമേനി (സ) അവർക്ക് നല്കിയ നിർദ്ദേശങ്ങൾ ഇവയായിരുന്നു:

- സ്ത്രീകളും കുട്ടികളും മതനേതാക്കന്മാരും വധിക്കപ്പെടരുത്.
- യുദ്ധത്തിൽ പങ്കെടുക്കാത്ത ആരെയും കൊല്ലുകയോ, ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുകയോ ചെയ്യരുത്.
- ആരാധനാലയങ്ങൾ ഒരിക്കലും നശിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യരുത്.
- ജനങ്ങൾ യാത്ര ചെയ്യാൻ ഉപയോഗിക്കുന്ന പാലങ്ങൾ തകർക്കരുത്.
- ഫലം കായ്ക്കുകയും ജനങ്ങൾക്ക് തണലേകുകയും ചെയ്യുന്ന വൃക്ഷങ്ങൾ മുറിക്കരുത്.

## ഉപസംഹാരം

സമാധാനവും സഹിഷ്ണതയും സ്ഥാപിക്കാൻ ഇസ്ലാമികാദ്ധ്യാപനങ്ങൾ എത്രത്തോളം സഹായകമാവുമെന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ജിഹാദിനെ സംബന്ധിച്ച മഹത്തായ ഇസ്ലാമികാദ്ധ്യാപനങ്ങൾ വളരെയധികം വികൃതമാക്കപ്പെട്ടിരിക്കുന്നു. ആത്മസംസ്ക്കരണവും, നന്മയിൽ മുന്നേറലും പൈശാചിക പ്രലോഭനങ്ങൾക്കെതിരിൽ സമരം ചെയ്യലുമാണ് ജിഹാദു മുഖേന യഥാർത്ഥത്തിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ജീവിതം മുഴുവനുമുള്ള ഈ ജിഹാദാണ് ഏറ്റവും വലിയ ജിഹാദ്. ഭൂമുഖത്തു നിന്നും മതത്തെ ഇല്ലാതാക്കാനും വിശ്വാസികളെ ഉന്മൂലനം ചെയ്യാനും ശ്രമിക്കുന്നവർക്കെതിരിൽ ആത്മരക്ഷാർത്ഥം ചെയ്യുന്ന യുദ്ധം ജിഹാദിന്റെ താഴെക്കിടയിലുള്ള രൂപമാണ്. ഇത്തരമൊരു ഘട്ടത്തിൽ പോലും, മേൽ വിവരിച്ചതുപോലെ, ഇസ്ലാം സുന്ദരവും മനുഷ്യത്വപരവുമായ അദ്ധ്യാപനങ്ങളാണ് നല്കിയിട്ടുള്ളത്.

ഇസ്ലാം സമാധാനത്തിന്റെ മതമാണ്. രക്തച്ചൊരിച്ചിലും, ഭീകരതയും, ചാവേർ ബോംബിംങ്ങും മറ്റു ഹിംസാപ്രവർത്തനങ്ങളും ഇസ്ലാമുമായി ബന്ധപ്പെടുത്തുന്നത് തികച്ചു തെറ്റും ദുരുപദിഷ്ടിതവുമാണ്. മനുഷ്യകുലത്തിന്നാകമാനം ഇസ്ലാമിന്റെ സന്ദേശം സമാധാനമാണ്. ഇസ്ലാം ഉയർത്തിപ്പിടിക്കുന്ന പതാക സമാധാനത്തിന്റെ പതാകയാണ്. ഇസ്ലാമികാദ്ധ്യാപനങ്ങൾ സ്വായത്തമാക്കുക വഴി മനുഷ്യകുലത്തിന് സമാധാനത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കാൻ സാധിക്കും. എന്റെ അവസാന വചനം, അവസാന വാക്യം, പ്രാർത്ഥന ഇതാണ്: മനുഷ്യകുലത്തിന് ശാശ്വതമായ സമാധാനം നല്കിക്കൊണ്ട്, മനോഹരമായ ഈ പ്രപഞ്ചത്തെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ

(Review of Religions, December 2002)

(വിവ: കെ.വി. ഹസ്സൻ കോയ)

*(20 -ാം പേജിൽ നിന്ന് തുടർച്ച)*

രമാവുകയും ചെയ്യുന്നുവെങ്കിൽ സ്വർഗ്ഗത്തിൽ നമ്മെ പ്രവേശിപ്പിക്കാതിരിക്കാൻ നാം തന്നെ കാരണക്കാരായിരിക്കും. സ്വർഗ്ഗത്തിൽ പരിശുദ്ധരും പൂർണ്ണ ആരോഗ്യവുമുള്ള ആത്മാക്കൾക്ക് അവിടുത്തെ ആനന്ദം നുകരുവാൻ സാദ്ധ്യമാവുകയുള്ളൂ. അല്ലാത്ത പക്ഷം നാം നരകത്തിലെ ശുശ്രൂഷകൾക്ക് വിധേയരാകാതെ സ്വർഗ്ഗ പ്രവേശനം അസാദ്ധ്യമാണ്. ഇടത്താവളമായ ഈ ആശുപത്രിയിൽ നാം എത്രകാലം കഴിയേണ്ടിവരുമെന്നത് ഇഹലോക ജീവിതത്തിലെ നമ്മുടെ കർമ്മത്തെ ആശ്രയിച്ചിരിക്കുന്നു. ആത്മാക്കളെ കഠിനമായ തിന്മകൾ കൊണ്ടു രോഗപീഡയേൽപ്പിച്ച ആളുകൾക്ക് കുറെകാലം അവിടെ കഴിയേണ്ടിവരും. കുറഞ്ഞ രൂപത്തിൽ മുറിവേൽപിച്ച ആത്മാക്കൾക്ക് ചെറിയ ഘട്ടവും.

**മരണാന്തര ജീവിതത്തിലെ പുരോഗതിക്കുള്ള പ്രാർത്ഥനയോടെ ഈ ലേഖനമവസാനിപ്പിക്കാം**

***ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് ഇഹലോകത്തിലും നന്മ പ്രധാനം ചെയ്യണമേ. അതുപോലെ പരലോകത്തിലും നരക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ. (2:202)***

***ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ, ഞങ്ങളുടെ പാപങ്ങളെ നീ ഇല്ലായ്മ ചെയ്യേണമേ. ഞങ്ങളെ നീ സത്യവിശ്വാസികളുടെ കൂടെ പ്രവേശിപ്പിക്കുകയും ചെയ്യേണമേ! (3:194)***

*അവലംബം : കാനഡ ഗസറ്റ്*

## ദജ്ജാലും 'കഹ്ഫ്' സൂറത്തും

"ദൈവദാസന്മാരേ, സ്ഥൈര്യമവലംബിക്കുക. ദജ്ജാലിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം അവിടുന്ന് നിർദ്ദേശിച്ചിരിക്കുന്നു: 'നിങ്ങൾ അവനെ കണ്ടാൽ 'കഹ്ഫ്' സൂറയുടെ ആദ്യഭാഗം പരായണം ചെയ്യുക".

***(സ്വഹീഹ് ഇബ്നുമാജ)***

## ലേഖനം

# നിസാമെ വസിയ്യത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും

ഇബ്നു. എസ്. ഹമീദ് കാവശ്ശേരി

**തന്റെ വരുമാനത്തിന്റേയും സ്വത്തിന്റേയും ചുരുങ്ങിയത് പത്തിൽ ഒരു ഭാഗം ഇസ്‌ലാമിക പ്രചാരണത്തിനും സൃഷ്ടി സേവനത്തിനുമായി വസിയ്യത്ത് ചെയ്യലാണ് നിസാമെ വസിയ്യത്ത്.**

മനുഷ്യൻ എപ്പോഴും സമാധാനവും സന്തോഷവും മാത്രം ആഗ്രഹിക്കുന്നുവെന്നത് നിസ്തർക്കമാണ്. പക്ഷേ ശാശ്വതമായ സമാധാനത്തിനും സന്തോഷത്തിനും ത്യാഗങ്ങൾ അനിവാര്യമാണെന്ന സംഗതി പലപ്പോഴും അവൻ വിസ്മരിക്കുകയാണ് ചെയ്യാറുള്ളത്. ത്യാഗത്തിലൂടെ മാത്രമെ സമാധാനവും സന്തോഷവും ഉണ്ടാവുകയുള്ളൂ എന്നത് നാം ദിനേന കാണുന്ന യാഥാർത്ഥ്യമാണ്. ഉറക്കമിളച്ചിരുന്ന് പഠിക്കുമ്പോഴും, ഗാഢമായി ഗൃഹപാഠങ്ങൾ ചെയ്യുമ്പോഴുമാണ് വിദ്യാർത്ഥിയെ വിജയം തേടിയെത്താറുള്ളത്. സമർത്ഥമായി അധ്വാനിച്ച് പണിയെടുക്കുമ്പോഴാണ് കച്ചവടക്കാരനും കൃഷിക്കാരനും സന്തോഷിക്കാനുള്ള വക കിട്ടുന്നത്.

ദൈവിക തത്വങ്ങളും, മനുഷ്യന് ഉൾക്കൊള്ളാവുന്ന, അവന് അനുഗുണമായ ദൈനം ദിന ജീവിതത്തിലെ അവന്റെ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന സംഗതികളാണ്. ദൈവിക സാമീപ്യത്തിനും ദൈവദത്തമായി ലഭിക്കേണ്ട സമാധാനത്തിനും സന്തോഷത്തിനും മനുഷ്യൻ ത്യാഗങ്ങൾ പഠിക്കണമെന്നതും നിസ്തർക്കമാണ്. മറിച്ച് നശ്വരമായ അല്പായുസായ ഭൗതിക സുഖത്തിനുവേണ്ടി അവൻ അധ്വാനിക്കുകയും, ത്യാഗം വരിക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥയെങ്കിൽ, അനശ്വരമായ സുഖാനുഭൂതികൾക്കായി അവന് തരിമ്പു വിയർക്കേണ്ടതില്ലെന്ന് പറയുന്നത് ശരിയല്ലല്ലോ?

എങ്ങനെയാണ് ആ അനശ്വര സമാധാനവും സന്തോഷവും കൈവരിക്കാൻ കഴിയുക? അതിനുള്ള മാർഗ്ഗമാണ് അല്ലാഹു പ്രവാചകനിലൂടെ ലോകത്ത് നടപ്പാക്കിയത്. അതിന് പിന്നാലെ നീങ്ങുമ്പോൾ ശാശ്വത സുഖം നമ്മെത്തേടിയെത്തുന്നു. ആ അനശ്വര സുഖത്തിന്റെ, സ്വർഗ്ഗത്തിന്റെ അത്യുന്നത വാതായനങ്ങളാണ് പ്രവാചക പ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ലോകത്തിന് മുന്നിൽ മലർക്കെ തുറന്നിട്ടത്. അതിലൂടെ സഞ്ചരിച്ച സ്വഹാബി വൃന്ദം ആ സ്വർഗത്തിന്റെ അവകാശികളായി. അവരെങ്ങനെയാണ് അതിൽ ചരിച്ചത്? വിശുദ്ധ ഖുർആൻ പറയുന്നു:

"വിശ്വാസികളിൽ നിന്ന് അവർക്ക് സ്വർഗമുണ്ട് എന്ന ഉറപ്പിൻമേൽ അല്ലാഹു അവരുടെ ജീവനും സ്വത്തും വിലക്ക് വാങ്ങിയിരിക്കുന്നു."(9:11)

ആ കച്ചവടത്തിലാണ് ആദ്യകാല മുസ്‌ലിംകൾ ഏർപ്പെട്ടത്. അവർ വിജയശ്രീലാളിതരായിത്തീർന്നതും അതിലൂടെ തന്നെ.

പക്ഷേ, കാലാന്തരേണ മുസ്‌ലിം ലോകം അവരുടെ പൂർവീകർ നടത്തിയ കച്ചവടം മറക്കുകയും, പൈതൃകമായി കിട്ടിയ സമ്പത്തിന്റെ വില മനസിലാക്കാതാവുകയും ദൈവിക ചിന്തകൾക്കും കർമങ്ങൾക്കും പകരം അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും മാറോടണക്കുകയും ചെയ്തപ്പോൾ ആ ശാശ്വത സ്വർഗത്തിന്റെ വാതായനങ്ങൾ, അവർ സ്വന്തം കൈകൾ കൊണ്ട് കൊട്ടിയടക്കുന്നവരായിത്തീരുകയാണുണ്ടായത്.

എന്നാൽ 'ഉത്കൃഷ്ട സമുദായമെ'ന്ന് അല്ലാഹു വിശേഷിപ്പിച്ച മുഹമ്മദിയ്യാ ഉമ്മത്തിനെ സമുദ്ധരിക്കാനും സച്ചരിതരായിരുന്ന പൂർവീകരുമായി ബന്ധിപ്പിക്കുവാനും 'ആഖരീനിൽ' ബനൂഫാരിസിൽ നിന്ന് ഹദ്റത്ത് അഹ്മദ് (അ) നെ അല്ലാഹു വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിച്ചു.

വാഗ്ദത്ത മസീഹിനെക്കുറിച്ച്

നബി (സ) തിരുമേനി പറഞ്ഞത്, 'യുഹ്‌യിദ്ദീന വയുഖീമുശ്ശരീഅ:' (ദീനിനെ പുനരുജ്ജീവിപ്പിക്കും. ശരീഅത്തിനെ നിലനിർത്തും) എന്നാണ്. അതിന്റെ വെളിച്ചത്തിൽ ആ മഹാത്മജൻ, സ്വർഗത്തിന്റെ വാതായനങ്ങൾ തുറക്കുവാനും ആ രാജവീഥിയിലൂടെ ജൈത്രയാത്ര നടത്താനുമുള്ള സരളമായ എന്നാൽ അത്യന്തം സൂക്ഷ്മമായ അധ്യാപനങ്ങളാണ് നൽകിയിട്ടുള്ളത്."

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

ദൈവിക നിർദ്ദേശപ്രകാരം ഹ. അഹ്മദ് (അ) 1889 മാർച്ച് 23ന് ലുധിയാനയിൽ വെച്ച് തന്റെ 40 ശിഷ്യന്മാരിൽ നിന്ന് ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ തൽസ്വരൂപത്തെ പുനഃസൃഷ്ടിക്കാനുള്ള പ്രവർത്തനത്തിന് അടിത്തറയിട്ടു. ബയ്അത്തിന് ജനങ്ങളെ ക്ഷണിച്ചുകൊണ്ട് അദ്ദേഹം വിളംബരപ്പെടുത്തിയത്, തന്നോട് ദൈവം ഒരു കപ്പലുണ്ടാക്കാൻ ആജ്ഞാപിച്ചിരിക്കുന്നുവെന്നും, ഈ ആത്മീയ നൗകയിൽ പ്രവേശിക്കുന്നവർ മാത്രമായിരിക്കും ദൈവത്തിന്റെ തിരുസവിധത്തിൽ പരിഗണനയുള്ളവരെന്നുമാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് രൂപം നൽകിക്കൊണ്ട് അന്ന് അദ്ദേഹം പറഞ്ഞു:

'ഈ വിനീതനുമായി ബയ്അത്ത് വ്യവസ്ഥിതിയിൽ പ്രവേശിച്ചിട്ടുള്ളവരോടും, ആത്മാർത്ഥയുള്ളവരോടും, ബയ്അത്തിന്റെ ഉദ്ദേശ്യം, ലൗകികതയോടുള്ള സ്നേഹം മരവിക്കണമെന്നതും തങ്ങളുടെ യജമാനരോടും പരിശുദ്ധ റസൂൽ (സ) തിരുമേനിയോടുള്ള സ്നേഹം ഹൃദയത്തിൽ അതിജയിച്ചുനിൽക്കണമെന്നതും, അന്ത്യയാത്ര അനിഷ്ടകരമായി തോന്നാതിരിക്കും വിധമുള്ള ഒരു വിച്ഛേദ അവസ്ഥ ഉണ്ടാകണമെന്നതാണെ ന്നും വെളിപ്പെടുത്തിക്കൊള്ളട്ടെ'

(ആസ്മാനീ ഫൈസല)

ഈ ഉദ്ദേശ്യ സാഫല്യത്തിനായി ആ മഹാത്മാവ് ആരംഭിച്ച ഒരു ബൃഹത് പദ്ധതിയാണ് 'അൽവസിയ്യത്ത്'.

## രണ്ട് ഒസ്യത്തുകളും ഉപദേശങ്ങളും

തന്റെ മരണം ആസന്നമാണെന്ന് മനസ്സിലാക്കിയ ഹ. അഹ്മദ് (അ) 1905 ൽ ജമാഅത്തിനോട് ചെയ്ത ഒസ്യത്തുകളും ഉപദേശങ്ങളും സുവാർത്തകളുമാണ് 'അൽവസിയ്യത്ത്' എന്ന പ്രോജ്ജ്വല ലഘുലേഖ. അതിൽ പ്രധാനമായും രണ്ട് ഒസ്യത്തുകളാന്നുണ്ടായിരുന്നത്.

1. തനിക്ക് ശേഷം ദൈവിക ഖുദ്റത്തിന്റെ പ്രാദുർഭാവങ്ങളായ ഖലീഫമാർ ഉണ്ടാകുന്നതാണ്. അപ്പോൾ അവരെ വിശ്വസിക്കുകയും അംഗീകരിക്കുകയും അനുസരിക്കുകയും വേണം.

2. ദൈവിക സാന്ത്വനത്തിന്റെ മടിത്തട്ടിൽ എന്നെന്നും നിലകൊള്ളുന്നതിനുവേണ്ടി ജീവിതം വിമലീകരിക്കുകയും തങ്ങളുടെ വരുമാനത്തിന്റെയും സ്വത്തിന്റേയും പത്തിൽ ഒന്നെങ്കിലും ദൈവിക പ്രസ്ഥാനത്തിന്റെ പുരോഗതിക്കായി സമർപ്പിക്കുകയും വേണം.

തന്റെ വേർപാടിൽ ദുഃഖിതരും ആകുലചിത്തരും ആകേണ്ടതില്ലെന്ന സാന്ത്വനവും തന്റെ വസിയ്യത്തുകളിൽ ഉറച്ചുനിൽക്കുവോളം വരാനുള്ള നാളുകൾ ശോഭനമായി ത്തുടരുമെന്ന സുവാർത്തയും അതിലുണ്ടായിരുന്നു.

## നിസാമെ വസിയ്യത്ത്

സാന്ത്വനങ്ങളും സുവാർത്തകളും ഉപദേശങ്ങളും നൽകികൊണ്ട് ആ മഹാത്മാവ് തനിക്കുണ്ടായ ഒരു ദിവ്യദർശനം വിവരിക്കുന്നുണ്ട്. അതിൽ തനിക്ക് തന്റെ ഖബറിന്റെ സ്ഥലം കാണിക്കപ്പെട്ടു എന്നും ആ പ്രദേശത്തിന് 'ബിഹിശ്തി മഖ്ബറ' (സ്വർഗ്ഗീയ ശ്മശാനം) എന്ന് നാമകരണം ചെയ്യപ്പെട്ടുവെന്നും അവിടെ മറയടക്കപ്പെടുന്ന തന്റെ ഭക്ത ശിഷ്യർ സ്വർഗ്ഗസ്ഥരായിരിക്കുമെന്നും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്.

ഉൻസില ഫീഹാ കുല്ലു റഹ്മത്തിൻ (അവിടെ എല്ലാ അനുഗ്രഹങ്ങളും ഇറക്കപ്പെട്ടിരിക്കുന്നു) എന്ന് സുവാർത്ത നൽകപ്പെട്ട പ്രസ്തുത ഖബർസ്ഥാനിൽ മറയടക്കപ്പെടുന്നതിനുള്ള നിബന്ധനകളും ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു.

"തന്റെ മരണത്തിനുശേഷം തന്റെ മുഴുവൻ സ്വത്തിന്റെയും പത്തിലൊരു ഭാഗം ഈ പ്രസ്ഥാനത്തിന്റെ നിർദ്ദേശാനുസൃതം ഇസ്‌ലാമിന്റെ പ്രചാരണത്തിനും ഖുർആനിക കൽപനകളുടെ വ്യാപനത്തിനുമായി ചെലവഴിക്കുമെന്ന് വസിയ്യത്ത് ചെയ്ത ഈ പ്രസ്ഥാനത്തിലെ അംഗം മാത്രമായിരിക്കും ഈ ഖബർസ്ഥാനിൽ മറയടക്കപ്പെടുക. സത്യസന്ധരായ ഓരോ പരിപൂർണ്ണ വിശ്വാസിക്കും ഇതിൽ കൂടുതൽ എഴുതിക്കാവുന്നതാണ്. പക്ഷെ ഇതിൽ കുറയാൻ പാടില്ല." (അൽവസിയ്യത്ത് പേജ് 22)

"സ്വത്തുക്കളില്ലാത്ത സുഹൃത്തുക്കൾ എന്നാൽ വരുമാന മാർഗ്ഗമുള്ളവരാണെങ്കിൽ അവർ തങ്ങളുടെ വരുമാനത്തിന്റെ ഏറ്റവും ചുരുങ്ങിയത് 1/10 ഭാഗം മാസംതോറും അഞ്ചുമന് നൽകേണ്ടതാണ്...... പക്ഷേ തങ്ങളുടെ മരണശേഷം 1/10 ന്റെ ഉമടസ്ഥാവകാശം അഞ്ചുമനാണെന്ന് വസിയ്യത്ത് ചെയ്യേണ്ടതാണ്." (Ibid)

ഈ ഖബർസ്ഥാനിൽ മറയ്ടക്കപ്പെടുന്നവർ മുത്തഖിയും നിഷേധിക്കപ്പെട്ട കാര്യങ്ങളെക്കൊള്ളെ വിട്ടുനിൽക്കുന്നയാളും ഒരു തരത്തിലുള്ള ശിർക്കും ബിദ്അത്തും ചെയ്യാത്ത ആളും സത്യസന്ധനും പരിശുദ്ധനുമായ മുസ്‌ലിമും ആയിരിക്കണം." (Ibid പേജ് - 23)

"യാതൊരു തരത്തിലുള്ള സ്വത്തും ഇല്ലാത്തവരും സാമ്പത്തിക സേവനം ചെയ്യാൻ നിവൃത്തിയില്ലാത്തവരുമായ സ്വാലിഹീങ്ങൾ അവർ തങ്ങളുടെ ജീവിതം ദീനിനുവേണ്ടി സമർപ്പിച്ചവരും പരിശുദ്ധരും ആണെ

ങ്കിൽ ഈ ഖബർസ്ഥാനിൽ മറയടക്കപ്പെടാവുന്നതാണ്."(Ibid 23)

ഹദ്റത്ത് മസിഹ് മൗഊദ് (അ) ഏറ്റവും ചുരുങ്ങിയ സാമ്പത്തിക ത്യാഗവും അത്യുന്നതമായ ധാർമ്മിക ഗുണങ്ങളുമാണ് നിസാമെ വസിയ്യത്തിൽ ഭാഗഭാക്കുകന്നതിന് നിശ്ചയിച്ചിട്ടുള്ളത്.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ് (അ) നിസാമെ വസിയ്യത്ത് എന്തിനാണെന്നും എങ്ങിനെയാണെന്നും വിശദീകരിച്ചിട്ടുണ്ട്. ആ മഹാത്മാവ് പറയുന്നു.

1. ഈ സാമ്പത്തിക വരുമാനം വിശ്വസ്തരും അറിവുള്ളവരുമടങ്ങിയ ഒരു അഞ്ചുമന്റെ കയ്യിലായിരിക്കണം. അവർ പരസ്പരം കൂടിയാലോചിച്ച് ഇസ്‌ലാമിന്റെ പുരോഗതിക്കും ഖുർആനിക ജ്ഞാനങ്ങളുടെയും ദീനീ ഗ്രന്ഥങ്ങളുടെയും പ്രചാരണത്തിനും ഈ പ്രസ്ഥാനത്തിന്റെ ഉപദേശികൾക്കും വേണ്ടി അതിൽ നിന്ന് മേൽപറഞ്ഞ നിർദ്ദേശാനുസരണം ചെലവഴിക്കേണ്ടതാണ്.

2. ഇസ്‌ലാമിന്റെ പ്രചാരണത്തിൽ ഉൾപ്പെടുന്ന എല്ലാ സംഗതികളും ഈ സമ്പത്തുകൊണ്ട് പൂർത്തീകരിക്കപ്പെടേണ്ടതാണ് - ഈ കാര്യങ്ങളുടെ വിശദീകരണം സന്ദർഭാനുസരണമായിരിക്കും.

3. ഈ സമ്പത്തിൽ അനാഥർക്കും അഗതികൾക്കും അവകാശമുണ്ടായിരിക്കും. അതായത് ജീവസന്ധാരണത്തിന് മതിയായ മാർഗ്ഗങ്ങളിലാത്തവർ.

4. ഇസ്‌ലാമിന്റെ പ്രചാരണത്തിനു വേണ്ടി ഇത്തരം ഒരുപാട് ധനം സ്വരുക്കൂട്ടുന്നതാണ്.....

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ നിസാമെ വസിയ്യത്തിൽ ഉൾപ്പെടുന്നതിനുള്ള നിബന്ധനകളും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിച്ചുതന്നിരിക്കുന്നു. ഈ മാർഗ്ഗത്തിൽ പാദമൂന്നുന്നത് ദൈവിക സ്നേഹവും തൃപ്തിയും സാമിപ്യവും കരസ്ഥമാക്കാനുള്ള അസുലഭ സന്ദർഭമാണ്.

### ദൈവത്തിങ്കലോളമെത്താൻ....

നശ്വരമായ സുഖഭോഗങ്ങൾ അല്ലെങ്കിൽ ജീവിതം കരുപ്പിടിപ്പിക്കാനുള്ള മോഹത്തിൽ കിടപ്പാടം വിറ്റ് മറുനാടുകളിലേക്ക് ചേക്കേറുന്നവരേയും ജോലികളിൽ കയറിക്കൂടുന്നവരേയും നാം നിത്യവും കാണാറുണ്ട്. പക്ഷേ അവരുടെ ലക്ഷ്യം പലപ്പോഴും പൂർത്തീകരിക്കപ്പെടാറില്ല എന്നതാണ് സത്യം. എങ്ങിനെയെങ്കിലും ലക്ഷ്യത്തിൽ എത്തിച്ചേർന്നവന് അത് സ്ഥായിയാണോ എന്ന കാര്യത്തിൽ യാതൊരു ഉറപ്പും ഒരു സമയത്തും കിട്ടുന്നുമില്ല. പക്ഷേ വളരെ ഉറച്ചതും തീർപ്പുള്ളതും നഷ്ടപ്പെടാത്തതുമായ ഒരു വിജയ സങ്കേതത്തിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ക്ഷണിക്കുന്നത്. ആ വിജയ സോപാനത്തിലേക്ക് കരേറുന്നതിന് നൽകേണ്ടതോ തങ്ങളുടെ സ്വത്തിന്റെ ചെറിയൊരംശവും സംശുദ്ധമായ ജീവിതവും. പക്ഷേ അതിന് ഉറച്ച വിശ്വാസവും അനിവാര്യമാണ്. ആ മഹാത്മാവ് ഒരിക്കൽ പറയുകയുണ്ടായി.

''അല്ലയോ നന്മയിലേക്കും സാത്വികതയിലേക്കും ക്ഷണിക്കപ്പെട്ടിട്ടുള്ള ജനങ്ങളേ, നിങ്ങൾ തീർച്ചയായും അറിഞ്ഞുകൊള്ളുവിൻ, ദൈവീക ആകർഷണം നിങ്ങളിലുണ്ടാവുകയും തിന്മകളുടെ അനിഷ്ടകരമായ കറകളിൽ നിന്ന് പരിശുദ്ധരാക്കപ്പെടുകയും ചെയ്യണമെങ്കിൽ നിങ്ങളുടെ ഹൃദയം യഖീൻ (ദൃഢവിശ്വാസം) കൊണ്ട് നിർഭരമാകണം. യഖീൻ ലഭിച്ചിരിക്കുന്നുവെന്ന് നിങ്ങൾ പറയുമായിരിക്കും. എന്നാൽ അറിഞ്ഞുകൊള്ളുക, നിങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. യഖീൻ നിങ്ങൾക്ക് ലഭിച്ചിട്ടേയില്ല. കാരണം അതിന്റെ അടയാളങ്ങൾ നിങ്ങളിലില്ല. അതുകൊണ്ടു തന്നെ തിന്മകളിൽ നിന്ന് നിങ്ങൾ പിൻമാറുകയോ നന്മകളിൽ പാദങ്ങൾ മുന്നോട്ടു നീക്കേണ്ടവിധം നീക്കുകയോ ചെയ്യുന്നില്ല. ദൈവത്തെ ഭയപ്പെടേണ്ടവിധം ഭയപ്പെടുന്നില്ല. സ്വയം ഒന്നുചിന്തിക്കൂ. ഒരു മാളത്തിൽ പാമ്പുണ്ടെന്ന് ഉറപ്പുള്ള ഒരാൾക്ക് എങ്ങിനെയാണ് അതിൽ കയ്യിടാൻ കഴിയുക? ഭക്ഷണത്തിൽ വിഷമുണ്ടെന്ന് പൂർണ്ണ വിശ്വാസമുള്ളയാൾക്ക് ആ ഭക്ഷണം എപ്പോഴെങ്കിലും കഴിക്കാനാകുമോ? ഒരു കാട്ടിൽ രക്ത ദാഹികളായ ആയിരക്കണക്കിന് സിംഹങ്ങളുണ്ടെന്ന് കാണുന്ന ഒരാൾ അശ്രദ്ധനായും അലംഭാവനായും ആ കാട്ടിൽ കാലുകുത്തുമോ? നിങ്ങൾക്ക് അല്ലാഹുവിലും രക്ഷാശിക്ഷയിലും ഉറച്ച വിശ്വാസമുണ്ടെങ്കിൽ പിന്നെങ്ങനെയാണ് നിങ്ങളുടെ കൈകാലുകളും കാതുകളും കണ്ണുകളും പാപം ചെയ്യാൻ ധൈര്യപ്പെടുക. (കിശ്‌ത്തീ നൂഹ്)

"ഞാൻ സത്യം സത്യമായും പറയുന്നു മസീഹിന്റെ കൈകൊണ്ട് ജീവിതം വരിച്ചവർ മരിച്ചുപോയിരിക്കുന്നു. എന്നാൽ എനിക്കു നൽകപ്പെട്ട ജീവജലം പാനം ചെയ്യുന്നവർ ഒരിക്കലും മൃത്യു വരിക്കുന്നതല്ല. എന്റെ നാവിലൂടെ നിർഗ്ഗളിക്കുന്ന ജീവദായകങ്ങളായ യുക്തിജ്ഞാനങ്ങൾ മറ്റൊരാൾക്കു പറയാൻ കഴിയുമെങ്കിൽ അറിഞ്ഞുകൊള്ളുക ഞാൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്നാൽ മൃതമാനസങ്ങൾക്ക് ജീവജലമായ ഈ യുക്തിജ്ഞാനങ്ങളും ദിവ്യജ്ഞാനങ്ങളും മറ്റൊരു ഭാഗത്തുനിന്നും നിങ്ങൾക്കു കിട്ടാനില്ലെങ്കിൽ ആകാശത്തുനിന്ന് പൊട്ടിപ്പുറപ്പെടുന്ന ഈ നീരുറവയെ നിഷേധിച്ച കുറ്റത്തിന് നിങ്ങളുടെ പക്കൽ യാതൊരു ഒഴികഴിവും ഉണ്ടായിരിക്കുന്നതല്ല." (ഇസാലെ ഔഹാം).

അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് അഹ്‌മദ് (അ) പറയുന്നത് ദൈവത്തിൽ പൂർണ്ണ വിശ്വാസമുള്ള ഒരാൾക്ക് പാപത്തിൽ മുങ്ങിത്താഴാൻ സാധ്യമല്ലെന്നതാണ്. മറ്റൊന്ന് അതിൽ നിന്ന് കരേറാനുള്ള പാശത്തിൽ മുറുകെ പിടിക്കാനും ബുദ്ധിമാൻ വിമുഖത കാണിക്കുകയി

ല്ല. വളരെ ഉറപ്പുള്ളതും ശാശ്വതവുമായ ദൈവീക സ്വർഗ്ഗത്തിലേക്കുള്ള പാശമാണ് അൽവസിയ്യത്തിലൂടെ ഹുസൂർ (അ) തന്റെ അനുയായികളുടെ മുന്നിൽ ഇട്ടുകൊടുത്തത്.

ഈ ആത്മീയ സോപാനത്തിലേക്കുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ക്ഷണത്തെ വിശദീകരിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു. ''ഈ നിസാം ഇക്കാലഘട്ടത്തിൽ ദൈവിക സാമീപ്യം ഉറപ്പുള്ളതാക്കിത്തീർക്കുന്ന പദ്ധതിയാകുന്നു. ഇതു ദീനിനു വേണ്ടി ത്യാഗങ്ങൾ ചെയ്യുന്നവർക്കുള്ള പദ്ധതിയാണ്.

## വിശുദ്ധഖുർആൻ പഠനം

അൽവസിയ്യത്തുകൊണ്ടുള്ള മറ്റൊരു സുപ്രധാന അനുഗ്രഹം വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തിന് വിശാലമായ മാർഗ്ഗങ്ങൾ തുറന്നിടപ്പെടുന്നു എന്നുള്ളതാണ്.

ഒരു സന്ദർഭത്തിൽ ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ്, ഖലിഫത്തുൽ മസിഹ് സാലിസ് (റഹ്) പറഞ്ഞു "..... ഉൻസില ഫീഹാ കുല്ലു റഹ്മത്തിൻ അതായത് ഈ ബിഹിശ്തിമഖ്ബറയിൽ അടക്കം ചെയ്യപ്പെടുന്നവർ വിശുദ്ധഖുർആന്റെ എല്ലാ അനുഗ്രഹങ്ങൾക്കും അവകാശികളായിരിക്കും. ഇതിൽ നിന്നും മനസ്സിലാകുന്നത് മൂസികളുമായി ആഴത്തിലും നിലനിൽക്കുന്നതുമായ ബന്ധം വിശുദ്ധഖുർആനുമായും അതിന്റെ പഠനം, അതിന്റെ പ്രകാശത്തിൽ പ്രഭാപൂരിതരാവൽ, അതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനമെടുക്കൽ, അതിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാവൽ, എന്നിവയുമായിട്ടുണ്ടെന്നാണ്. അതേപോലെതന്നെ വിശുദ്ധഖുർആന്റെ പ്രകാശം പരത്താനുള്ള ഉത്തരവാദിത്വവും അവർക്കുമേലാണുള്ളത്.... ചുരുക്കത്തിൽ വസിയ്യത്തിനും വസിയ്യത്ത് വ്യവസ്ഥിതിക്കും മൂസികൾക്കും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം, അതിന്റെ പഠനം, അതിന്റെ ശിക്ഷണം, എന്നിവയുമായി ആഴത്തിലുള്ളൊരു ബന്ധമുണ്ട്. അതുകൊണ്ടുതന്നെ തഅ്ലീമുൽ ഖുർആനും വഖ്ഫെ ആർസി പദ്ധതിയും മൂസികളുടെ വിഭാഗവുമായി ചേർക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു."

(ഖുത്തുബ ജുമുഅ 5.8.1966, അവ:ഖുത്തുബാത്തെ നാസിർ ഭാഗം :1 പേജ് 946)

ഈ ഖുത്തുബയിൽ ഹുസൂർ (റഹ്) ഇത്തരം കാര്യങ്ങൾ നേരാം വണ്ണം നടപ്പിലാക്കുന്നതിന് ഓരോ ജമാഅത്തിലും മൂസികളുടെ മജ്‌ലിസ് വേണമെന്നും അതിന്റെ സദ്ർ ആയിരിക്കും ജമാഅത്തിന്റെ വസിയ്യത്ത് സിക്രട്ടറി എന്നും പറഞ്ഞിരുന്നു.

മൂസികളുടെ പ്രഥമവും പ്രധാനവുമായ ഒരു ഉത്തരവാദിത്വം വിശുദ്ധ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയുമാണ്. അതിനുവേണ്ടി രണ്ടാഴ്ച മുതൽ 6 ആഴ്ച വരെ വഖഫ് ചെയ്ത് വഖ്ഫെ ആർസി പദ്ധതിയിൽ ഭാഗഭാക്കാകേണ്ടതാണ്. അതവർക്കും സമൂഹത്തിനും അനുഗ്രഹദായകമായിരിക്കും. കാരണം നബി (സ) പറഞ്ഞത്, "ഖയ്റുക്കും മൻതഅല്ലമൽ ഖുർആൻ വ അല്ലമഹു" (നിങ്ങളിൽ ഏറ്റവും ഉത്തമൻ വിശുദ്ധഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്) എന്നാണല്ലോ.

ഹദ്റത്ത് ഖലിഫത്തുൽ മസിഹ് അൽഖാമിസ് (അയദഹുല്ലാഹ്), മൂസികൾ മുഖേന വിശുദ്ധഖുർആന്റെ പ്രകാശം എല്ലാ ലോകത്തും പരക്കുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുന്നു.

## വിപ്ലവകരമായ പദ്ധതി

ഒരു കാലത്ത് കമ്യൂണിസം ലോകത്ത് തലയുയർത്തി നിന്നത് മുതലാളിയുടെയും തൊഴിലാളിയുടെയും അന്ത:ഛിദ്രങ്ങളെ മുതലെടുത്തുകൊണ്ടായിരുന്നു. അതിന്റെ മുദ്രാവാക്യം From Each according to his capacity, to each according to his needs (ഓരോരുത്തനിൽ നിന്നും കഴിവനുസരിച്ച്, ഓരോരുത്തനും ആവശ്യമനുസരിച്ച്) എന്നതാണ്. സമ്പൂർണ്ണ സമത്വമാണ് അത് ഉദ്‌ഘോഷിച്ചുകൊണ്ടിരുന്നത്. അതായത് എല്ലാവർക്കും ഒരേ കൂലിയും ഒരേ ജീവിത നിലവാരവും. ഒരിക്കലും സാധ്യമല്ലാത്ത ഈ നിരർത്ഥക വാദഗതിയുടെ സാധൂകരണത്തിനു വേണ്ടിയാണ് അതിന്റെ ആചാര്യന്മാർ ഭഗീരഥ പ്രയത്നം നടത്തിയത്. അതിന്റെ ബാക്കി പത്രമാണ് കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടേയും നേതാക്കളുടെയും സൈദ്ധാന്തിക പരാജയത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

മറ്റൊന്ന് ഭൂപ്രശ്നമാണ് ഭൂമി മുഴുവൻ സ്റ്റേറ്റിന്റേതാണെന്നും ഭൂമി സ്റ്റേറ്റിന്റേതാകയാൽ അതിന്റെ നിയന്ത്രണം സ്റ്റേറ്റിനായിരിക്കണമെന്നുമാണ് അവസാനകാലത്ത് കമ്മ്യൂണിസ്റ്റ് റഷ്യയിൽ ഉണ്ടായിരുന്ന തത്വങ്ങൾ (ഇസ്‌ലാം കാ ഇക്തിസാദി നിസാം)

അതുപോലെതന്നെ മറ്റ് ഭൗതിക തത്വശാസ്ത്രങ്ങൾ ഉയർത്തിയ ചിന്താഗതികളും കാലത്തിന്റെ കുത്തൊഴിക്കിൽ പെട്ട് തിരോഭവിച്ച അല്ലെങ്കിൽ തിരോഭവിക്കുന്ന കാഴ്ചയും നമുക്കുചുറ്റുമുണ്ട്. സോഷ്യലിസവും കമ്മ്യൂണിസവും മാർക്സിവും നിർമ്മതവാദത്തിന്റെ ചുമലിലേറി ജനങ്ങൾക്കു മുന്നിൽ സമർപ്പിച്ച മോഹന വാഗ്ദാനങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നടിയുന്നതും വർത്തമാനകാല സംഭവ വികാസങ്ങളാണ്. ഇവിടെയാണ് ഇസ്‌ലാം ഉയർത്തുന്ന പദ്ധതികളുടെ സമ്പൂർണ്ണത. കാലാനുസൃതം അതിന്റെ ആശയ സമ്പുഷ്ടത ലോകത്തിനു മുന്നിൽ വെളിപ്പെട്ടുകൊണ്ടിരിക്കും. സകല പ്രത്യയ ശാസ്ത്രങ്ങളുടെയും മേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനുവേണ്ടി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ) അതിന്റെ വെന്നിക്കൊടിയുമായി ജനഹൃദയങ്ങളെ കീഴടക്കുകയാണ്. വസിയ്യത്ത് പദ്ധതിയിൽ ഉൾപ്പെടുന്ന ഒരാൾ തന്റെ വസിയ്യത്തു പ്രകാരം തന്റെ ഭൂമിയുടെ പത്തിലൊന്ന് ജമാഅത്തിനു നൽകാൻ ബാധ്യസ്ഥനാണ്." അടുത്ത തലമുറയിലെ ആളുകളും ഇപ്രകാരം വസിയ്യത്തു ചെയ്യുമ്പോൾ

ആ ഭൂമിയുടെ പത്തുവീതം ഭാഗങ്ങൾകൂടി ഇസ്‌ലാമിക സംവിധാനത്തിനു കീഴിൽ വരുന്നു. കമ്മ്യൂണിസം ബലപ്രയോഗം കൊണ്ട് നേടിയെടുക്കാനും തങ്ങളുടെ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരാനുമാഗ്രഹിച്ചത് ഹദ്റത്ത് അഹ്മദ് (അ), അൽവസിയ്യത്ത് നിസാം മുഖേന ഓരോരുത്തരിൽ നിന്നും അവരവരുടെ ഇഷ്ടാനുസാരം ഇസ്‌ലാമിനു കീഴിൽ കൊണ്ടുവരുകയാണ് ചെയ്യുന്നത്.

അതേ, ദൈവിക ദാസൻമാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഹൃദയങ്ങളിലാണ് വിപ്ലവമുണ്ടാക്കുന്നത്. യഥാർത്ഥ ഇൻക്വിലാബ്! അതേപോലെതന്നെ ഇതരസ്വത്തുക്കളും ഈ ആത്മീയ വിപ്ലവത്തിലൂടെ ഇസ്‌ലാമിന്റെ കർമ്മ പദ്ധതിക്ക് വെള്ളവും വളവും പ്രദാനം ചെയ്യുന്നു.

ഈ ആത്മീയ കർമ്മ പദ്ധതിയെ കുറിച്ച് ഒരു സന്ദർഭത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദുല്ലാഹ്) പറഞ്ഞു, ഇതൊരു വിപ്ലവാത്മക പദ്ധതിയാണ്. ആരെങ്കിലും സദുദ്ദേശത്തോടുകൂടി ഇതിൽ ചേരുകയും, ചേർന്നതിനുശേഷം ആ മഹാത്മാവ് പറഞ്ഞതുപോലെ തങ്ങളുടെ ഉള്ളിൽ നന്മകൾക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്താൽ ഈ നിസാമിന്റെ അനുഗ്രഹം കൊണ്ട് വർഷങ്ങളുടെ ദൈർഘ്യമുള്ള പരിവർത്തനങ്ങൾ ദിവസങ്ങൾകൊണ്ടും മണിക്കൂറുകൾ കൊണ്ടും സാധ്യമാകുന്നതാണ്.

## അനുഗ്രഹം
## സർവത്ര അനുഗ്രഹം

ഈ ആത്മീയ പദ്ധതികൊണ്ട് സമൂഹത്തിലെ എല്ലാവർക്കും അനുഗ്രഹം ലഭ്യമാകുന്നതാണ്. അതിൽ അഗതികളും അനാഥരും അവശരും, വിധവകളും ഒക്കെ ഉൾപ്പെടുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസിഹ് സാനി (റ) പറയുന്നു.

"വസിയ്യത്ത് പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന തബ്ലിഗ് മാത്രമല്ല നടക്കുക. മറിച്ച് ഇസ്‌ലാമിന്റെ ആഗ്രഹമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യം പൂർത്തീകരിക്കപ്പെടുന്നതാണ്. ദുഖവും അമിഷ്ടതയും ലോകത്തു നിന്ന് വിപാടനം ചെയ്യപ്പെടും. വിധവക്ക് ജനങ്ങളുടെ മുന്നിൽ കൈനീട്ടേണ്ടിവരില്ല. ഒന്നുമില്ലാത്തവർക്ക് പ്രശ്നങ്ങളുമായി ഉഴലേണ്ടിവരില്ല. കാരണം വസിയ്യത്ത് കുട്ടികളുടെ മാതാവും യുവാക്കളുടെ പിതാവും സ്ത്രീകളുടെ മണവാളനുമായിരിക്കും. ബലാൽക്കാരമില്ലാതെ, ഹൃദയാനന്ദത്തോടെയും സ്നേഹത്തോടെയും ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. അവർ കൊടുക്കുന്നത് നിഷ്ഫലമായിരിക്കുകയില്ല. മറിച്ച് കൊടുക്കുന്ന ഓരോരുത്തരും അല്ലാഹുവിൽ നിന്ന് നല്ല പ്രതിഫലം നേടുന്നതാണ്. ധനാഢ്യനും ദരിദ്രനും നഷ്ടത്തിലാകുന്നതല്ല. സമൂഹം സമൂഹത്തോട് യുദ്ധം ചെയ്യില്ല. മറിച്ച് അതിന്റെ ഔദാര്യം മുഴുലോകത്തും പരക്കുന്നതാണ്." (നിസാമെനൗ)

## നവലോക ക്രമം

നവലോക ക്രമത്തിന്റെ താളമേളങ്ങളുമായി നിരവധി പ്രസ്ഥാനങ്ങളും പദ്ധതികളും ലോകത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. അതിൽ പലതും ഊർദ്ധശ്വാസം വലിക്കുന്ന ഘട്ടത്തിലാണ്. വേറെ ചിലതാകട്ടെ അവയുടെ അടിസ്ഥാന തത്വങ്ങളെയും പ്രമാണങ്ങളെയും തള്ളിപറഞ്ഞുകൊണ്ടിരിക്കുന്നു. മതത്തിന്റെ പേരിൽ വിശിഷ്യ ഇസ്‌ലാമിന്റെ പേരിൽ പടുത്തുയർത്തപ്പെട്ട പണ്ഡിത പരിഷ്കളുടെ നവലോക ക്രമ കോട്ടകൊത്തളങ്ങളും തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു.

പക്ഷേ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ അഭിവന്ദ്യ സ്ഥാപകർ ഹദ്റത്ത് ഇമാം മഹ്ദി (അ) ലോകത്തിനു മുന്നിൽ അനാവരണം ചെയ്തത് ഇസ്‌ലാമിന്റെ തേജസ്സാർന്ന സംശുദ്ധ മുഖമാണ്. ആ മഹാത്മൻ പറഞ്ഞു. ''ഈ ഖബർസ്ഥാനവും അതിന്റെ വ്യവസ്ഥകളും ബിദ്അത്തിൽ ഉൾപ്പെടുന്നുവെന്ന് ഒരു മന്ദബുദ്ധിയും ധരിക്കേണ്ടതില്ല. ഈ വ്യവസ്ഥകൾ ദൈവിക വചസ്സുകളുടെ അടിസ്ഥാനത്തിലാകുന്നു. ഇതിൽ മനുഷ്യകരങ്ങളുടെ ഇടപെടലില്ല." (അൽവസിയ്യത്ത് പേജ് 25 അടിക്കുറിപ്പ്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ പദ്ധതിയെ കുറച്ചുകൂടി വിശദീകരിച്ചുകൊണ്ടു പറയുന്നു.

"ലോകം തങ്ങൾക്കൊരു നവലോകക്രമം വേണമെന്നു ആർത്തുവിളിച്ചു പറയുന്ന കാലം സമീപസ്ഥമാണ്. അപ്പോൾ നാലുഭാഗത്തുനിന്നും, വരൂ ഞങ്ങൾ നിങ്ങൾക്ക് നവലോക ക്രമം നൽകാമെന്നുള്ള ശബ്ദമുയരും. റഷ്യ പറയും, വരൂ ഞാൻ നിങ്ങൾക്ക് നവലോക ക്രമം നൽകാം. ഇന്ത്യ പറയു, വരൂ ഞാൻ നവലോക ക്രമം നൽകാം. ജർമ്മനിയും ഇറ്റലിയും പറയും ഞാൻ നവലോക ക്രമം നൽകാം. അമേരിക്ക പറയും വരൂ, ഞാൻ നിങ്ങൾക്ക് നവലോക പദ്ധതി നൽകാം. ആ സമയത്ത് എന്റെ സ്ഥാനത്തുള്ള ആൾ ഖാദിയാനിൽ നിന്നു പറയും. നവലോക ക്രമം അൽവസിയ്യാത്തിലാണ് ഉള്ളത്. ലോകം വിജയത്തിന്റെയും അഭിവൃദ്ധിയുടെയും മാർഗ്ഗത്തിൽ ചരിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള ഒരേ ഒരു പോംവഴി അൽവസിയ്യത്ത് സമർപ്പിക്കുന്ന പദ്ധതി ലോകത്ത് നടപ്പിൽ വരുത്തുകയാണ്" (നിസാമെനൗ പേജ് :99)

അതേ ആ കാലമാണ് സമാഗതമായിരിക്കുന്നത്. ഇന്ന് ഖിലാഫത്തിന്റെ പരിശുദ്ധ സ്ഥാനത്തുള്ള ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ പ്രവചനങ്ങളുടെ നിറപുലർച്ചയെന്നോണം - നവലോക ക്രമത്തിന്റെ പ്രഘോഷമാണ് നടത്തിയിരിക്കുന്നത്.

## ഇസ്‌ലാമിക ഐക്യരാഷ്ട്രസഭ

ഇസ്‌ലാമിന്റെ ഐക്യരാഷ്ട്രസഭയുടെ സംസ്ഥാപനവും 'അൽവസിയ്യത്ത്' നിസാമിലൂടെയുണ്ടായിരിക്കു

മെന്നാണ് ഹദ്റത്ത് മുസ്ലിഹ് മൗ ഊദ് (റ), തന്റെ വിശ്വവിഖ്യാതമായ 'നിസാമെനൗ' (നവലോക ക്രമം) എന്ന പ്രഭാഷണത്തിൽ വ്യക്ത മാ യും സൂചിപ്പിക്കുന്നത്. വിശുദ്ധ ഖുർ ആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ച ത്തിൽ പ്രവർത്തിക്കുന്ന ആ ഐക്യ രാഷ്ട്രസഭ മാത്രമായിരിക്കും. ലോക ത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാര ങ്ങൾ നിർദ്ദേശിക്കുക. അതിന്റെ സം സ്ഥാപനം അൽവസിയ്യത്തിന്റെ വ്യാ പനത്തിലൂടെയാണ് സാധ്യമാവുക.

നിലവിലുള്ള യു. എൻ. ഒ. സ്ഥായി യല്ലെന്ന് ഉദ്ഘോഷിച്ചുകൊണ്ട് ഹദ്റത്ത് മിർസാ താഹിർ അഹ്മദ്, ഖലിഫത്തുൽ മസീഹ് നാലാമൻ (റഹ്) പറഞ്ഞ വാക്കുകൾ സ്മരണീ യമാണ് അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഓർത്തുകൊള്ളുക, ഇക്കാര്യത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുക, ഇതൊ രിക്കലും മറക്കരുത്. ഈ പഴയ രാഷ്ട്രങ്ങൾ ഇന്ന് ഐക്യരാഷ്ട്രസഭ എന്നറിയപ്പെടുന്നു. അവയുടെ മാർഗ്ഗ ങ്ങൾ നിലനിൽക്കാനുള്ളവയല്ല. അതെല്ലാം ഓർമ്മകൾ മാത്രമായി മാറും, ഭയാനകമായ ഓർമ്മകൾ! അവയുടെ സ്മാരകാവശിഷ്ടങ്ങളിൽ നിന്ന് പുതിയ സൗധങ്ങൾക്ക് അടി ത്തറയിടേണ്ടത്. പുതിയ ഐക്യരാ ഷ്ട്രസഭയുടെ അഭ്യുന്നതങ്ങളായ, അംബരചുംബികളായ സൗധങ്ങൾ നിങ്ങളാണ് പടുത്തുയർത്തേണ്ടത്. അല്ലയോ മുഹമ്മദീ മസീഹിന്റെ ഭൃത്യരേ, നിങ്ങൾക്കുമേലാണ് ഈ ഉത്തരവാദിത്വം" (ഖുത്തുബ 25.1.1991, അവ :ഖലീജ് കീ ജംഗ് പേജ് 75)

അമേരിക്കൻ ഹുങ്കിന്റെ തപോ ഷ്മാവ് സഹിക്കാനാവാതെ ഐക്യ രാഷ്ട്രസഭയുടെ ഹൃദയമിടിപ്പ് മന്ദഗ തിയിലായിക്കൊണ്ടിരിക്കുമ്പോൾ അത് ഇസ്ലാമിക ഐക്യരാഷ്ട്രസ ഭക്കുള്ള തയ്യാറെടുപ്പുകൾക്കാണ് ആക്കം കൂട്ടുന്നത്.

### മാറിനിൽക്കാൻ പഴുതുകളില്ല

ഭൗതികമായും ആത്മീയമായും വസന്തകാലത്തിന്റെ പരിമളം പരക്കു മ്പോൾ അതിൽ ഭാഗഭാക്കാകാൻ തയ്യാറാകാത്തവർ എത്രമാത്രം ഭാഗ്യ ഹീനരാണ്. തങ്ങളുടെ ആത്മീയ നിലവാരം ഉയർന്നിട്ടില്ലെന്നും അല്ലെ ങ്കിൽ സമയമായിട്ടില്ലെന്നും പറഞ്ഞ് നിസാമെ വസിയ്യത്തിൽ നിന്ന് ഒഴി ഞ്ഞുനിൽക്കാനുള്ള പഴുതുക ളൊന്നും തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവശേഷിപ്പിച്ചിട്ടില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാ മിസ് (അയ്യദാഹുല്ലാഹ്) പറയുന്നു:

"ഈ പദ്ധതിയിൽ ഉൾപ്പെടാൻ മാത്രം തങ്ങളുടെ നിലവാരം ഉയർന്നി ട്ടില്ലെന്നു പറയുന്ന ആളുകളുണ്ട്. എന്നാൽ ഓർമ്മവെക്കുവിൻ, ഈ പദ്ധതിയിൽ ചേരുന്നതുകൊണ്ടുള്ള അനുഗ്രഹം മുഖേന വർഷങ്ങളുടെ ദൂരം ദിവസങ്ങൾ കൊണ്ടും മണിക്കൂ റുകൾകൊണ്ടും താണ്ടാൻ കഴിയുന്ന താണ്. അഹ്മദികൾ തങ്ങളുടെ ആത്മീയ പരിഷ്കരണത്തിനുവേണ്ടി ഈ നിസാമിൽ ചേരേണ്ടതാണ്. അങ്ങിനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ പദ്ധതിയിൽ ചേരുനാ വർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആക ളിൽ ഭാഗഭാക്കാകേണ്ടതാണ്. (യു. കെ. ജൽസ സമാപന പ്രഭാഷണം, 1-8-2004)

### സുവാർത്ത

ആത്മ ത്യാഗവും ധന ത്യാഗവും മുഖേന ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഓരോ അനുയായിക ളേയും ഇഹപര സ്വർഗ്ഗത്തിന്റെ ശാശ്വത അവകാശികളാക്കിത്തീർക്കാ നാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറയുന്നു: "നിങ്ങൾക്ക് സുവാർത്ത യായിരിക്കട്ടെ, സാമീപ്യം കരസ്ഥമാ ക്കാനുള്ള രംഗം ഒഴിഞ്ഞുകിടക്കുന്നു. ഓരോ സമൂഹവും ലൗകികതയെ പ്രണയിക്കുന്നു. അല്ലാഹു ഇഷ്ടപ്പെ ടുന്ന മാർഗ്ഗത്തിലേക്ക് ലോകം ശ്രദ്ധി ക്കുന്നേയില്ല. മുഴുവൻ ശക്തിയോടും കൂടി ഈ കവാടത്തിലൂടെ പ്രവേശി ക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഇതാ അവസരമുണ്ട്. അവർക്ക് തങ്ങളുടെ നൈപുണ്യം പ്രകടിപ്പിക്കാവുന്നതാ ണ്. അല്ലാഹുവിൽ നിന്നും പ്രത്യേക ഉപഹാരം കരസ്ഥമാക്കാവുന്നതുമാ ണ്." (അൽവസിയ്യത്ത് പേജ് 11)

ആ ആത്മീയ ഉപഹാരം സ്വീകരി ച്ചുകൊണ്ട് നമുക്ക് ഈ ലോകത്തും പരലോകത്തും, അനുഗ്രഹ ദാതാവും കരുണാമയനും ഏറെ പൊറുക്കുന്ന വനുമായ അല്ലാഹുവിന്റെ ശാശ്വത സ്വർഗ്ഗത്തിൽ പ്രവേശിക്കാം. അല്ലാഹു അതിന് തൗഫീഖ് നൽകു മാറാകട്ടെ. ആമീൻ.


***അവലംബമാക്കിയ കൃതികൾ:***

1. അൽവസിയ്യത്ത് (ഹ. മസീഹ് മൗഊദ് (അ)
2. കിശ്തീങാഹ് (ഹ. മസീഹ് മൗഊദ് (അ)
3. ഇസാലയെ ഔഹാം (ഹ. മസീഹ് മൗഊദ് (അ)
4. നിസാമെ നൗ (ഹ. മുസ്ലിഹ് മൗഊദ് (റ))
5. ഇസ്ലാം കാ ഇക്തി സാദി നിസാം (ഹ. മുസ്ലിഹ് മൗഊദ് (റ))

അതിന്റെ പരിഭാഷയും (എൻ. അബ്ദുറഹിം )

6. ഖുത്ബാത്തെ നാസിർ (ഹ. ഖലീ ഫത്തുൽ മസീഹ് III (റഹ് )
7. ഖലീജ് കി ജംഗ് (ഹ. ഖലീഫത്തുൽ മസിഹ് IV (റഹ്))
8. യു. കെ. ജൽസാ പ്രഭാഷണം 2004 (ഹ. ഖലീഫത്തുൽ മസീഹ് V


l

## അവസാന കാലത്തെ പണ്ഡിതന്മാർ

*'നിങ്ങളെ നരകത്തിലേക്ക് വിളിക്കുന്ന നേതാക്കൾ 'ഫിത്ന'യുടെ കവാടങ്ങളിലുണ്ടാകും. മരണം വരെ വല്ല മരക്കൊമ്പിലും തൂങ്ങി ക്കിടക്കുന്നതാണ് അവരിലാരെയെങ്കിലും പിന്തുടരുന്നതിനേക്കാൾ നിനക്കുത്തമം' (മുസ്ലിം അന്നവവി)*

# ഇസ്‌ലാമിലെ ശിക്ഷാ സമ്പ്രദായം

എ. പി. കുഞ്ഞാമു

**വ്യഭിചാരിക്ക് 100 അടിശിക്ഷയാണ് ഖുർആൻ വ്യക്തമായി നിർദ്ദേശിക്കുന്നത്. എറിഞ്ഞുകൊല്ലൽ ഖുർആന് വിരുദ്ധമാണ്.**

ഇസ്‌ലാം സമ്പൂർണമായ ഒരു ന്യായപ്രമാണവും ജീവിത പദ്ധതിയുമാണ്. സാമൂഹിക ജീവിയായ മനുഷ്യന്റെ സാമാജിക ജീവിതത്തെ ക്രമപ്പെടുത്തുകയും അത് സമാധാനപൂർണമാക്കി തീർക്കുകയും ചെയ്യുക എന്നത് ഇസ്‌ലാം ഏറ്റെടുത്ത സുപ്രധാന ദൗത്യമാണ്. കുറ്റവാളികളോടും കുറ്റങ്ങളോടും ഇസ്‌ലാം അനുവർത്തിക്കുന്ന നിലപാടുകൾ ഈയൊരു മഹത്തായ ലക്ഷ്യത്തിനു വേണ്ടിയുള്ളതാണ്. കുറ്റശാസ്ത്രവും ശിക്ഷാശാസ്ത്രവും ഇന്ന് നിരവധി പരിഷ്ക്കരണങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ക്രിയാത്മകമായ അത്തരം പുരോഗതിയുൾകൊള്ളാനും ഇസ്‌ലാമിക നീതിന്യായ ശാസ്ത്രത്തിന്നാകും. ചില പാശ്ചാത്യ രാജ്യങ്ങൾ വധശിക്ഷ തന്നെ വേണ്ടെന്ന് വെച്ച് അങ്ങേയറ്റം ലിബറലായ ഒരു സമീപനം സ്വീകരിച്ചിരിക്കുന്നു. കുറ്റവാളികളെ ശിക്ഷിക്കുമ്പോൾ രണ്ടു കാര്യങ്ങൾ സമൂഹം ഊന്നുന്നുണ്ട്. ഒന്ന് ശിക്ഷ പ്രതികാരാത്മകമായിരിക്കണം. അതായത് കുറ്റവാളിക്ക് വേദനിക്കുകയും അതുവഴി സമൂഹം പാഠം ഉൾക്കൊള്ളുകയും വേണം. രണ്ടാമത്തേത് ശിക്ഷ സംസ്കരണാത്മകമായിരിക്കണം. കുറ്റവാളിയെ ശിക്ഷിക്കുന്നതോടെ അയാളിൽ എന്തെങ്കിലും തരത്തിലുള്ള സ്വഭാവ സംസ്കരണവും കുറ്റം ചെയ്യാതിരിക്കാനുള്ള പ്രവണതയും ഉണ്ടാകണം. ഖുർആൻ ശിക്ഷയുടെ ഈ രണ്ടുവശത്തേയും തുലനപ്പെടുത്തിയിട്ടുള്ള മധ്യ നിലപാടാണ് സ്വീകരിക്കുന്നത് എന്ന് സൂക്ഷ്മ വിശകലനത്തിൽ നമുക്ക് കാണാൻ സാധിക്കും. ശിക്ഷയുടെ വിശദാംശങ്ങൾ ഖുർആൻ പറയുന്നില്ല. കളവ് നടത്തിയാൽ കരങ്ങൾ ഛേദിക്കുക (5:39) എന്ന ഖുർആന്റെ കല്പന. ഒരു ആലങ്കാരിക പ്രയോഗമാണെന്ന് വിശ്വപ്രശസ്ത നിയമജ്ഞനും ഖുർആന്റെ പരിഭാഷകനുമായ സർ സഫറുല്ലാഹ് ഖാൻ പറയുന്നു. ഇവിടെ 'ഐദി' എന്ന പദത്തിന് 'കൈകൾ' എന്ന പ്രാഥമികാർത്ഥത്തിന് പുറമെ ശക്തി, കഴിവ് എന്നിങ്ങനെയുള്ള ദ്യോതകാർത്ഥങ്ങളുമുണ്ട്. അങ്ങിനെ വരുമ്പോൾ 'കരങ്ങൾ ഛേദിക്കുക' എന്നതിന് പകരം കളവിന്റെ സ്വഭാവമനുസരിച്ചു കളവ് ചെയ്യാനുള്ള ശക്തി, അഥവാ കഴിവ് തടയുക എന്ന അർത്ഥവും ലഭിക്കുന്നു. കളവിനുള്ള ശേഷി പരിമിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുറ്റവാളിയിൽ പ്രതികാരത്മാകമായതോ സംസ്കരണാത്മകമായതോ അതല്ലെങ്കിൽ രണ്ടു വശങ്ങളും സമതുലിതപ്പെടുത്തിയതോ ആയ ശിക്ഷകൾ ഉചിതജ്ഞതയോടെ നൽകാം. കൈകൾ അക്ഷരാർത്ഥത്തിൽ ഛേദിക്കണമെന്നില്ല. ചുരുക്കത്തിൽ കാലഘട്ടത്തിന്റെ ശിക്ഷാ രംഗത്തുള്ള പരിഷ്ക്കരണങ്ങൾ ഇസ്‌ലാമിക ശിക്ഷാശാസ്ത്രത്തിന് ഉൾക്കൊള്ളാനാവും.

ഇവിടെ വ്യഭിചാരത്തിന് ഇസ്‌ലാം നിർദേശിക്കുന്ന ശിക്ഷയെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഇസ്‌ലാമിൽ വ്യഭിചാരിണിയേയും വ്യഭിചാരിയേയും എറിഞ്ഞുകൊല്ലുന്നതായി

ട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇത് വിശകലനം ചെയ്യുന്നതിനു മുമ്പായി ഈ കാലഘട്ടത്തിൽ ഇസ്‌ലാമിനെക്കുറിച്ചും വിശുദ്ധ ഖുർആനെക്കുറിച്ചും കൂലങ്കൂഷമായി വ്യാഖ്യാനിക്കുകയും അതിനെ വിശകലനം ചെയ്യുകയും ചെയ്ത ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) പറയുന്നു. മനുഷ്യനെ എല്ലാ നിലയിലും ദൈവ സാ മീപ്യത്തിലെത്തിക്കേണ്ട ധാർമ്മിക ഗുണങ്ങളെക്കുറിച്ച് ഉപദേശിച്ചതിന് ശേഷം അവസാനമായിട്ടാണ് കുറ്റത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചും ഇസ്‌ലാം പ്രതിപാദിക്കുന്നത്. അപ്പോൾ ശിക്ഷകൾക്ക് വേദി ഒരുക്കുന്നതിന് മുമ്പായി ധാർമ്മിക ബദ്ധമായ നല്ല ഒരു സമൂഹത്തിന്റെ സൃഷ്ടി അനിവാര്യമാണ്. ഇതിനായി മതങ്ങളും ഭരണകൂടവും പരിശ്രമിക്കേണ്ടതുണ്ട്. റസൂൽ തിരുമേനിയുടെ കാലത്തു ഒരു ധാർമ്മിക പ്രബുദ്ധമായ സമൂഹത്തിന്റെ സൃഷ്ടിക്ക് ശേഷമായിരുന്നു കുറ്റം ചെയ്തവർക്ക് ശിക്ഷ നൽകിയിരുന്നത്. കുറ്റകൃത്യങ്ങൾ നടത്തുന്നതിൽ വ്യക്തിയേ പോലെ സമൂഹത്തിനും പങ്കുണ്ട് എന്നാണ് ഇതിൽ നിന്നും ലഭിക്കുന്ന പാഠം. ഇസ്‌ലാമിനെ ജനതാ മദ്ധ്യത്തിൽ തരം താഴ്ത്തി കാണിക്കാൻ പാശ്ചാത്യ ശക്തികൾ ചില മുസ്‌ലിം രാഷ്ട്രങ്ങൾ നടപ്പിൽ വരുത്തുന്ന ശിക്ഷയെക്കുറിച്ച് വളരെ മോശമായി ചിത്രീകരിക്കുന്നു. യഹൂദ, ക്രൈസ്തവ, ഇസ്‌ലാം എന്നീ മതങ്ങൾ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്ന മതങ്ങളാണ്. നാം ചെയ്യുന്ന ചെയ്തികൾക്ക് നല്ലതിന് നല്ല പ്രതിഫലവും ചീത്തക്ക് ചിത്തയായ പ്രതിഫലവും ലഭിക്കും. അതുദുഷ്ചെയ്തികൾക്ക് യഥാർത്ഥ ശിക്ഷ നൽകുന്നത് ദൈവമാണ്. തെറ്റു ചെയ്തവർ ഒരു പക്ഷെ ഇവിടുന്ന് രക്ഷപ്പെട്ടാലും ദൈവ സന്നിധിയിൽ അവനു ശിക്ഷ ലഭിക്കും. ഇത്തരത്തിലുള്ള മതവിശ്വാസങ്ങളും കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാൻ സഹായിക്കുന്നുണ്ട്.

ശിക്ഷാ നിയമങ്ങൾ രാജ്യത്തിന്റെ ക്രമസമാധാന നിലയും അരാചകത്വമില്ലായ്മയും ഉറപ്പു വരുത്താനാണ്. ഉദാഹരണത്തിന് ഒരു വ്യഭിചാരിണിയെയോ വ്യഭിചാരിയേയോ ശിക്ഷിക്കണമെങ്കിൽ നാല് ദൃക്സാക്ഷികൾ ഉണ്ടാകണം. അവർ പറഞ്ഞത് കള്ള സാക്ഷ്യമാണെങ്കിൽ സാക്ഷി പറഞ്ഞവർക്കും അടിശിക്ഷ നൽകണം. അവരുടെ സാക്ഷ്യം ഭാവിയിൽ ഒരു കാര്യത്തിനും സാക്ഷ്യമായി എടുക്കാനും പാടുള്ളതല്ല. നാലു ദൃക്സാക്ഷികളുടെ മുമ്പിൽ വെച്ചു ആരെങ്കിലും വ്യഭിചരിക്കുമെന്ന് നമുക്ക് ആലോചിക്കാൻ കൂടി വയ്യ. ഒരു പക്ഷെ പാശ്ചാത്യനാടുകളിൽ ഇതു സംഭവിക്കാം. കാരണം അവിടെ സെക്സിന്റെ കാര്യത്തിൽ യാതൊരു നിയന്ത്രണങ്ങളും ഇല്ലാത്ത ഒരു സംസ്കാരമാണ്. യാത്രക്കിടയിൽ ഇത്തരം അശ്ലീല രംഗങ്ങൾ റോഡരികെ കാണുക എന്നത് നിത്യസംഭവമാണെന്ന് എന്റെ ഒരു സുഹൃത്ത് പറഞ്ഞതോർക്കുന്നു. അവരുടെ മതബോധം മറ്റു ജീവിത ഘടകങ്ങൾ മുതലായവയെല്ലാം ഇത്തരം ജുപ് സാവഹമായ പെരുമാറ്റങ്ങൾക്ക് കാരണമാണ്.

എല്ലാവരുടേയും മുമ്പിൽ വെച്ചു യാതൊരു പ്രൈവസിയുമില്ലാതെ ഈ നീച കൃത്യം ചെയ്യുന്നത് ഇസ്‌ലാം അങ്ങേയറ്റം വെറുക്കുന്നു. അനിയന്ത്രിതമായ സ്ത്രീ പുരുഷ സങ്കലനം തടയുകയും സ്ത്രീകൾക്ക് ഒരു ഡ്രസ്കോഡ് നിർദ്ദേശിക്കുകയും ചെയ്ത ഇസ്‌ലാം വ്യഭിചാരത്തിലേക്ക് നയിക്കുന്ന എല്ലാ പഴുതുകളും അടക്കുന്നു. അതിന് ശേഷമാണ് ഒരു ശിക്ഷയെ സംബന്ധിച്ച് അതും നാല് സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്ന വിധം പരസ്യമായ നിലയിൽ ചെയ്യുന്ന വ്യഭിചാരവും ശിക്ഷക്ക് വിധേയമാക്കിയത്.

ഇസ്‌ലാമിൽ റസൂൽ തിരുമേനിയുടെ കാലത്തു ഒന്നുരണ്ടു സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഒരു സ്ത്രീ വ്യഭിചരിച്ചു. മനസ്ഥാപത്തോടെ തിരുമേനി (സ)യുടെ സമീപിച്ചു അവർ ചെയ്ത തെറ്റു ഏറ്റുപറയുകയാണുണ്ടായത്. ഒരു പ്രാവശ്യം തിരുമേനി (സ) ഒരു സ്ഥലത്ത് ഇരിക്കുമ്പോൾ ഒരു ഗ്രാമീണൻ വന്ന് താൻ വ്യഭിചരിച്ചതായി അറിയിച്ചു. തിരുമേനി തന്റെ മുഖം മറുഭാഗം തിരിച്ചുകളഞ്ഞു. ഈ വചനങ്ങൾ മൂന്നു പ്രാവശ്യം തുടരെ പറഞ്ഞപ്പോൾ അദ്ദേഹത്തെ ശിക്ഷക്ക് വിധേയനാക്കുകയാണുണ്ടായത്.

ഇസ്‌ലാമിൽ ശിക്ഷ നൽകുന്നത് ക്രമസമാധാനപാലനത്തോടൊപ്പം മനുഷ്യൻ ആത്മീയമായി നന്നായിത്തീരാൻ വേണ്ടികൂടിയാണ്. നരകത്തിന്റെ കൺസപ്റ്റ് തന്നെ മനുഷ്യന് ബാധിച്ച ആത്മീയ രോഗത്തിൽ നിന്ന് അവനെ മുക്തനാക്കി സ്വർഗ്ഗസ്ഥനാക്കുന്ന ഒരു ആതുരാലയം പോലെയാണ് എന്നാണ്. നരകത്തിൽ അന്തേവാസികളില്ലാത്ത ഒരവസ്ഥാവിശേഷം ഉണ്ടാകുമെന്ന് ഹദീസുകളിൽ നിന്നും മനസ്സിലാകുന്നു.

വ്യഭിചാരത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഒരു ശിക്ഷ പറഞ്ഞിട്ടുണ്ടെങ്കിൽ അത് നടപ്പിൽ വരുത്തുക എന്നത് റസൂൽ തിരുമേനി (സ) യുടെ ബാദ്ധ്യതയാണ്. അതിൽ ഏറ്റക്കുറച്ചിൽ വരുത്താൻ ആർക്കും അവകാശമില്ല. തിരുമേനിയുടെ ജീവിതം തന്നെ വിശുദ്ധഖുർആന്റെ വ്യാഖ്യാനമാണ് എന്നു വരുമ്പോൾ ശിക്ഷയിൽ യാതൊരു ഭേദഗതിയും തിരുമേനി (സ.അ) മുഖേന സംഭവിക്കാൻ ഇടയില്ല. സർവ്വ സൃഷ്ടികൾക്കും കാരുണ്യത്തിന്റെ മൂർത്തീഭാവമായ തിരുമേനി ശിക്ഷ എത്രത്തോളം കുറക്കാൻ സാധിക്കുമോ അത്രയും ചെയ്യുന്ന ഒരു പ്രകൃതക്കാരനാണ്. വ്യഭിചാരത്തിന് അടിശിക്ഷയാണ് ഖുർആനിൽ വ്യക്തമായി പറഞ്ഞിരിക്കെ ഈ കുറ്റത്തിന് ലോകം വെറുക്കുന്ന വളരെ പ്രാകൃത ശിക്ഷയായ എറിഞ്ഞുകൊല്ലൽ റസൂൽ തിരുമേനി (സ) നടപ്പാക്കി എന്ന് കരുതാൻ യാതൊരു സാദ്ധ്യതയുമില്ല. കല്ലെറിഞ്ഞുകൊല്ലാനുള്ള വിധി തൗറാത്തിന്റേതാണ്. യഹൂദികൾ തെറ്റു ചെയ്തപ്പോൾ അവരുടെ ശരീഅത്ത് വിധി തിരുമേനി (സ) യുടെ കാലത്ത്

നടപ്പിൽ വരുത്തിയതായി ഹദീസുകളിൽ കാണുന്നു. അതേപോലെ വിശുദ്ധഖുർആന്റെ വിധി വരുന്നതിനു മുമ്പേ ചില കാര്യങ്ങളിൽ തിരുമേനി തൗറാത്തിന്റെ വിധി അനുസരിച്ചാണ് ശിക്ഷകൾ നടത്തിയത്. എന്നാൽ വിശുദ്ധഖുർആന്റെ താഴെ പറയുന്ന വിധി വന്ന ശേഷം വ്യഭിചാരികളെ എറിഞ്ഞുകൊന്നുവെന്നു കരുതാൻ യാതൊരു പ്രകാരത്തിലും സാദ്ധ്യമല്ല. ഇന്ന് ഏതെങ്കിലും മുസ്‌ലിം രാഷ്ട്രങ്ങളിൽ വ്യഭിചാര കുറ്റത്തിന് കിരാതമായ എറിഞ്ഞുകൊല്ലൽ നടക്കുന്നുണ്ടെങ്കിൽ അവർ തന്നെയാണ് അതിനുത്തരവാദി. ഖുർആൻ പറയുന്നു: "വ്യഭിചാരിണിയും വ്യഭിചാരിയും- അവർ രണ്ടുപേരിൽ ഓരോരുത്തരേയും (കുറ്റം തെളിഞ്ഞാൽ) നൂറുവീതം ചെമ്മട്ടി അടി അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ വിധി നടപ്പിലാക്കുന്ന കാര്യത്തിൽ അവർ രണ്ടുപേരെ സംബന്ധിച്ചും നിങ്ങൾക്ക് ഒരു ദാക്ഷിണ്യവും ഉണ്ടാകരുത്. അവർ രണ്ടുപേരുടെയും ശിക്ഷക്ക് ഒരു കൂട്ടം വിശ്വാസികൾ സാക്ഷ്യം വഹിക്കേണ്ടതുമാണ്. " (24:3). യാതൊരു സംശയത്തിനും ഇട നൽകാതെ കാര്യം വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഈസാനബി (അ) യുടെ കാലത്ത് യഹൂദികൾ ഒരു പാപിയായ സ്ത്രീയെ എറിയുന്നത് കണ്ടപ്പോൾ നിങ്ങളിൽ പാപം ചെയ്യാത്ത ആൾ കല്ലെറിയട്ടെ എന്നു യേശു പറഞ്ഞു. എറിയാൻ വന്നവർ കല്ല് താഴെ ഇട്ട് തല താഴ്ത്തി പോയതായി ബൈബിളിൽ കാണാം. ഇതേകുറ്റം ചെയ്യുന്ന അടിമ സ്ത്രീകൾക്കുള്ള ശിക്ഷ സ്വതന്ത്ര പൗരന്മാരുടെ ശിക്ഷയുടെ പകുതിയാണെന്നും വിശുദ്ധഖുർആനിൽ ഉല്ലേഖം ചെയ്യപ്പെട്ടിരിക്കുന്നു. എറിഞ്ഞുകൊല്ലുന്നത് പകുതിയായി നിജപ്പെടുത്താൻ സാധ്യമല്ലല്ലോ. എന്നാൽ ഖുർആൻ പറയുന്ന നൂറ് ചമ്മട്ടി അടി ആണെങ്കിൽ അത് പകുതി ആക്കാൻ പറ്റും. ഇതും വ്യഭിചാരത്തിനു അടിശിക്ഷയാണെന്ന കാര്യത്തിന് ഉപോൽബലമായ ഒരു തെളിവാണ്.

''അവർ അടിമസ്ത്രീകൾ വിവാഹം കഴിഞ്ഞശേഷം ഏതെങ്കിലും അസാന്മാർഗ്ഗികതയിൽ ഏർപ്പെടുന്നതായാൽ സ്വതന്ത്ര സ്ത്രീകൾക്ക് നൽകപ്പെടുന്ന ശിക്ഷയുടെ പകുതി അവർക്ക് നൽകപ്പെടേണ്ടതാണ്. (4:26) വിശുദ്ധ ഖുർആന്റെ ശിക്ഷാ നിയമം കല്യാണം കഴിച്ചവർക്കും കഴിക്കാത്തവർക്കും ഇവിടെ ഒരേ ശിക്ഷ എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിനെ മയപ്പെടുത്തി കൊണ്ടു കല്യാണം കഴിക്കാത്തവരെ അടിക്കാനും കഴിച്ചവരെ എറിഞ്ഞു കൊല്ലാനും വിധിയുണ്ടെന്ന് ചിലർ പറയുന്നു. ഹദീസുകളിൽ വന്ന ചില സംഭവങ്ങൾ കൃത്യമായി കാല നിർണ്ണയം ചെയ്തിട്ടില്ല. ആ സംഭവങ്ങളെല്ലാം വിശുദ്ധഖുർആന്റെ ഈ നിയമം വരുന്നതിന് മുമ്പുള്ളതാണെന്ന് കരുതാനേ നിവൃത്തിയുള്ളൂ. ഇത്തരം സംഭവങ്ങൾ ഹദീസുകളിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കാലഘട്ടം തിട്ടപ്പെടുത്തുന്നതിൽ വരുന്ന അബദ്ധമാകാം. ഇതിനെതിരിൽ ഉന്നയിക്കുന്ന മറ്റൊരു തെളിവ് ഉമർ (റ) പറഞ്ഞു. ''അല്ലാഹുവിന്റെ കിതാബിൽ എറിഞ്ഞുകൊല്ലുന്നതിനെക്കുറിച്ചുള്ള ഒരു പരാമർശം ഞങ്ങൾ വായിച്ചു. ഹൃദിസ്ഥമാക്കിയിട്ടുണ്ട്. റസൂൽ തിരുമേനി വ്യഭിചാരികളെ കല്ലെറിഞ്ഞു കൊന്നിട്ടുണ്ട്. അതിനുശേഷം നാമും അതനുസരിച്ചു പ്രവർത്തിക്കുന്നു, അപ്പോൾ ഇതു മനസ്സിലാക്കി തരുന്നത് വിശുദ്ധഖുർആനിൽ ഉമർ പരാമർശിച്ച ആ ഭാഗം നഷ്ടപ്പെട്ടുവെന്നാണോ? അങ്ങിനെയാണെങ്കിൽ "നാമാണ് അതിനെ ഇറക്കിയത് നാം തന്നെ അതിന്റെ സംരക്ഷകനാണ്" എന്ന അല്ലാഹുവിന്റെ വാക്യത്തിന് ഇതും എതിരായി വരുകയില്ലേ? ഇതു കൂടാതെ ഹദ്റത്ത് അലി (റ) പറയുന്നത് 'ഞാൻ ഒരു വ്യഭിചാരിണിയെ വിശുദ്ധഖുർആന്റെ കൽപനപ്രകാരം നൂറു അടി അടിച്ചു. തിരുമേനിയുടെ നടപടിക്രമമനുസരിച്ചു ഞാൻ അവളെ എറിഞ്ഞുകൊന്നു'. (ബുഖാരി). ഇവർ രണ്ടുകൂട്ടരും ഈ കാര്യത്തിൽ അഭിപ്രായ ഭിന്നത ഉള്ളവരാണ്. അലി (റ)യുടെ പക്കൽ ഖുർആനിൽ ചമട്ടി അടിയെപ്പറ്റി മാത്രമേ പരാമർശമുള്ളതെന്നും എറിഞ്ഞുകൊല്ലൽ തിരുമേനിയുടെ നടപടിക്രമമാണെന്നുമാണ്. ഇത്തരം പരസ്പര വിരുദ്ധമായ ഹദീസുകളെ തള്ളാതെ നിവൃത്തിയില്ല. ഏതായാലും അല്ലാഹുവിന്റെ കല്പനക്ക് വിരോധമായ ഒരനക്കവും തിരുമേനിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവുകയില്ല എന്ന ഉറച്ച വിശ്വാസത്തിന്റെ മുമ്പിൽ മറ്റുള്ള തെളിവുകളെല്ലാം നിഷ്പ്രഭമാണ്.

ഞാൻ മുകളിൽ വിവരിച്ചതുപോലെ നാല് ദൃക്സാക്ഷികൾ ഉണ്ടെങ്കിലേ ഈ നൂറുഅടി തന്നെ വിധിക്കാൻ പാടുള്ളൂ. നാലിൽ കുറഞ്ഞ സാക്ഷികളാണെങ്കിൽ ശിക്ഷ നടപ്പാവുന്നതല്ല.

രാജ്യദ്രോഹം, കൊലപാതകം, കലാപങ്ങൾ ഇതിനൊന്നും നൽകാത്ത ഏറ്റവും ഹീനമായ ഒരു ശിക്ഷ വ്യഭിചാര കുറ്റത്തിന് നൽകുക എന്നത് പരമകാരുണികനും പൊറുത്തു കൊടുക്കുന്നവനുമായ അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാകാൻ നിവൃത്തിയില്ല. ഇസ്‌ലാമിൽ ഒരു കൊലപാതകിക്ക് പോലും ഏതൊരാളെ അദ്ദേഹം കൊന്നുവോ അവരുടെ അവകാശികൾ മാപ്പു കൊടുത്താൽ അദ്ദേഹം ആ കുറ്റത്തിൽ നിന്നും മോചിതനാവും അവന് ജീവിതം നന്നാക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യും. ഇസ്‌ലാമിലെ ശിക്ഷാ വ്യവസ്ഥകൾ ഞാൻ മേൽ ഉദ്ധരിച്ചത് പോ ലെ മനുഷ്യനെയും സമൂഹത്തേയും നന്നാക്കാനുള്ളതാണ്. ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയ്തുകൊണ്ടു നല്ലവനാകാനുള്ള പ്രചോദനമാണ് ഇസ്‌ലാം നൽകുന്നത്. l

**ഫോൺ നമ്പർ**

മൗലവി മുഹമ്മദ് ഉമർ സാഹിബ്

**9895308227**

## കുറിപ്പുകൾ

മുസാഫിർ

# ഇസ്‌ലാം മതം : മുല്ലായിസത്തിന്റെ എലിക്കെണിയോ?

അഫ്ഗാനിസ്ഥാനിൽ അബ്ദു റഹ്മാൻ എന്ന് പേരുള്ള നാൽപ ത്തൊന്നുകാരൻ ഇസ്ലാം മതം ഉപേ ക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ച തിന്റെ പേരിൽ അഫ്ഗാൻ സുപ്രീം കോടതിയുടെ വധശിക്ഷയും കാത്ത് ജയിലിൽ കഴിയുകയായിരുന്നു. പതി നാറ് വർഷം മുമ്പ് വിദേശത്ത് വെച്ചാ യിരുന്നു അബ്ദുറഹ്മാൻ ക്രിസ്തു മതം സ്വീകരിച്ചത് നാട്ടിലെത്തിയ പ്പോൾ മാതാപിതാക്കൾ പോലീസിൽ വിവരമറിയിക്കുകയുണ്ടായി. മുസ്ലി മായ ഒരാൾ മതപരിവർത്തനം നട ത്തിയാൽ അയാളെ വധിച്ചുകളയണം എന്നാണ്പോലും മുല്ലമാർ ഉണ്ടാക്കി വെച്ച ഇസ്ലാമികനിയമം അനുശാ സിക്കുന്നത്. പ്രാകൃതമായ ഈ നിയമം ലോകമാധ്യമങ്ങൾ ആഘോ ഷിക്കുകയുണ്ടായി. അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷ്, കൊണ്ടോലിസ റൈസ്, യൂറോപ്പിലെ രാഷ്ട്രനായകന്മാർ ക്രിസ്തുസഭാ മേലദ്ധ്യക്ഷന്മാർ തുടങ്ങി ലോകകിങ്ക രന്മാരുടെ ഫോൺ വിളിയും പ്രശ്ന ത്തിൽ ഇടപെടുമെന്ന ഭീഷണിയും ഒരു ഭാഗത്ത് ബാഹ്യ സമ്മർദ്ദങ്ങൾക്ക് യാതൊരു കാരണവശാലും വഴങ്ങി ല്ലെന്ന് പറഞ്ഞ് അഫ്ഗാൻ സുപ്രീം കോടതി ജഡ്ജി മൗലവി അൻസാ റുല്ലാ സാദയുടെ മുട്ടാള മുഷ്ക് മറു വശത്തും. അഫ്ഗാൻ പ്രസിഡണ്ട് ഹമീദ് കർസായി ചെകുത്താനും കട ലിനും മദ്ധ്യേയായി. ഏതായാലും മദ യാനക്കൊപ്പം വരുമോ കുഴിയാന? അഫ്ഗാനിസ്ഥാനിലെ മുല്ലാ കോടതി യേക്കാൾ യജമാനനായ ജോർജ് ബുഷിനു തിരുവുള്ളക്കേടുണ്ടാ കുമോ എന്ന ബേജാറിലായിരുന്നു കർസായി. അവസാനം അബ്ദുറഹ് മാന് മാനസിക രോഗമാണെന്ന് പറ ഞ്ഞു കോടതി തൽക്കാലം വധശിക്ഷ റദ്ദാക്കി തടിയൂരി. 'മാർത്താണ്ഡ നാന മദമിളകിവന്നാലും മായിൻകുട്ടി മാറില്ല' എന്ന മട്ടിൽ ലോകം എന്തു പറഞ്ഞാലും മതം മാറിയവനെ കൊല്ലുമെന്ന നിലപാടിൽ തന്നെ യാണ് അഫ്ഗാൻ മുല്ലായിസം

മുസ്ലിം ലോകത്തെ ആഞ്ഞടി ക്കാൻ അവസരം പാർത്തുകഴിയുന്ന പാശ്ചാത്യക്രൈസ്തവ ലോകത്തിന് ഇടപെടാൻ മുല്ലായിസം ഇടക്കിടെ വിരിച്ചുകൊടുക്കുന്ന ചുകപ്പ് പരവതാ നികളാണ് ഇത്തരം. കഥയില്ലായ്മ കളും മുട്ടാളത്തരവും. ഇസ്ലാമിന്റെ ആയിരം ശത്രുക്കൾ ഒന്നിച്ച് വരുത്തിവെക്കുന്ന ദ്രോഹമാണ് താടിയും തലപ്പാവും വെച്ച മുല്ല മാരുടെ ഇത്തരത്തിലുള്ള മൂർഖത്ത രങ്ങൾ കൊണ്ടു വന്നുഭവിക്കുന്നത്.

'മൂർത്തദ്' അഥവാ മതപരിത്യാഗി എന്നത് ഇസ്ലാം ഉപേക്ഷിച്ച് അന്യ മതം വിശ്വസിക്കുന്നയാൾ മാത്രമല്ല. ഇസ്ലാം മതത്തിലെ സർവ്വവിധ പ്രമാണങ്ങളിലും പൂർണമായും വിശ്വ സിച്ചാലും തീവ്രവാദമുല്ല മാർ ക്ക് അത് ബോധിച്ചില്ലെങ്കിൽ അയാൾ അമുസ്ലിമും മുർത്തദുമാണ്.

റസൂൽ തിരുമേനി (സ) യുടെ വാഗ്ദാന പ്രകാരം ആഗതനായ ഹദ്റത്ത് അഹ്മദി (അ) നെ സ്വീക രിച്ചതിന്റെ പേരിൽ മുർത്തദാണെന്ന് വിധിച്ച് വധിച്ചുകളഞ്ഞ രണ്ട് രക്ത സാക്ഷികളായിരുന്നു. ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫും ഹദ്റത്ത് അബ്ദുറഹ്മാൻ സാഹി ബും ആധുനിക കാലത്ത് കാരു ണ്യവാനായ അല്ലാഹുവിന്റെ പേരിൽ രക്തദാഹികളായ മുല്ലമാർ നടത്തിയ ഈ മനുഷ്യഹത്യക്ക് സാക്ഷ്യം വഹിച്ച ദുരന്ത ഭൂമിയാണ് അഫ്ഗാ നിസ്ഥാൻ. മതഭ്രാന്തന്മാരായ മുല്ല മാരും അഫ്ഗാൻ അമീറും ചേർന്ന് അന്ന് നടത്തിയ ഘോരഭയാനകമായ ഈ വധക്രിയ അറിഞ്ഞ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ) ന്റെ ശാപവചസ്സുകളേറ്റു വാങ്ങിയ ശപ്ത ദേശമാണ് അഫ്ഗാനിസ്ഥാൻ. ആ വിശുദ്ധന്മാരുടെ പാവന രക്തം അന്യായമായി ചിന്തപ്പെട്ട അഫ്ഗാൻ ഭൂമിയിൽ സമാധാനം പിന്നീടൊരി ക്കലും തിരിച്ചുവന്നില്ല. അവർ മത ഭ്രാന്ത് മൂത്ത് ലോകത്തെ വെല്ലു വിളിച്ചും പരസ്പരം പോരടിച്ച് രക്തം ചിന്തി അവസാനം ജോർജ് ബുഷിന്റെ ബൂട്ടുകൾക്കടിയിൽ അടിമ ജീവിതം നയിക്കാൻ വിധിക്കപ്പെട്ടിരി ക്കുന്നു. ഒരു ജനതയുടെ ഈ പരി ണിതി കേവലം യാദൃശ്ചികമല്ല. ചരി ത്രത്തെ നോക്കി ദൈവിക പാഠങ്ങൾ വായിക്കുന്ന വിവേചന ബുദ്ധിയുള്ള ദൈവഭക്തർക്ക് ഈ സത്യം ബോദ്ധ്യ മാകും. ഇത്തരം കാട്ടാളത്വത്തിലെ പ്രകടമായ അനീതിയും അക്രമവും മതഭ്രാന്തിന്റെ പേരിൽ കാണാൻ കഴി യാത്തവരും പ്രതികരിക്കാത്ത വരുമായ മുസ്ലിം കക്ഷികൾ തീർച്ച യായും ഇതിന്റെയെല്ലാം പേരിൽ

ഖേദിക്കും. അപ്പോഴേക്കും മുസ്ലിം ലോകം വളരെയേറെ അനുഭവിച്ചിട്ടുണ്ടാകും. നമുക്ക് വിഷയത്തിലേക്ക് തിരിയാം.

ഇസ്ലാമിലേക്ക് ആരെങ്കിലും മതപരിവർത്തനം ചെയ്ത് വരികയാണെങ്കിൽ നാം അവരെ ഇരുകൈകളും നീട്ടി സ്വീകരിക്കുന്നു. അതേ സമയം ഇസ്ലാമിൽ നിന്ന് ആരെങ്കിലും അന്യമതത്തിലേക്ക് പോയാൽ അയാളെ വധിച്ചുകളയുക. അതായത് അകപ്പെട്ടാൽ പിന്നെ ജീവനോടെ പുറത്ത് പോകാൻ കഴിയാത്ത എലിക്കെണിപോലെയാണ് ഇവർ ഇസ്ലാമിനെ ആക്കിത്തീർക്കുന്നത്.

മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേയറ്റം ആദരിക്കുന്ന ഇസ്ലാം മതത്തിന്റെ പേരിൽ മുല്ലായിസം പടച്ചുവിട്ട ഇത്തരം അപകടം പിടിച്ച സിദ്ധാന്തങ്ങൾ മതലോകത്ത് ഇസ്ലാമിനെ എത്ര കളങ്കപ്പെടുത്തി എന്ന് തിട്ടപ്പെടുത്താൻ പ്രയാസം. മുസ്ലിംകളുടെ ശത്രുക്കളുമായി റസൂൽ തിരുമേനിയുണ്ടാക്കിയ ഹുദൈബിയ്യാ കരാറിൽ ശത്രുപക്ഷത്തുനിന്ന് ഇസ്ലാമിലേക്ക് ആരെങ്കിലും വന്നാൽ അവരെ എതിർപക്ഷത്തേക്ക് തന്നെ തിരിച്ചു പോകണമെന്നും മുസ്ലിംകളിൽ പെട്ട ആരെങ്കിലും ശത്രുപക്ഷത്തേക്ക് കൂറുമാറിയാൽ അവർ തിരിച്ചുവരേണ്ടതില്ലെന്നും അവർക്ക് ശത്രുക്കളുടെ കൂടെ കഴിയാമെന്നും 10 വർഷത്തേക്ക് കരാറുണ്ടാക്കിയ റസൂൽ തിരുമേനി (സ) യുടെ മാതൃകയുടെ ചൈതന്യത്തിന് നേർ വിപരീതമല്ലേ ഇത്തരം കിരാത നിയമങ്ങൾ.

ഇത്തരം മതപരമായ അസഹിഷ്ണുത മധ്യകാല യൂറോപ്പിലെ ക്രിസ്തീയസഭ ഭരണം കൈയ്യാളിയിരുന്ന കാലത്തെ സമ്പ്രദായമാണ്. സഭ യുടെ ഔദ്യോഗിക വിശ്വാസങ്ങൾ(Dogma) ക്കെതിരെ ആരെങ്കിലും ചിന്തിച്ചാൽ അത് മതനിന്ദ(Heresy) യാണെന്നും അത്തരം ആളുകളെ ഇൻക്വിസിഷന് വിധേയനാക്കി ശിക്ഷിക്കുക എന്നതുമായിരുന്നു അക്കാലത്തെ രീതി. ചരിത്രത്തെ ഇരുണ്ട നൂറ്റാണ്ടുകളാക്കി മാറ്റിയ ക്രിസ്ത്യൻ മതവാഴ്ചയുടെ പാരമ്പര്യമാണത്. രക്തരൂക്ഷിതമായ മതവിമോചന സമരങ്ങൾ നടത്തിയാണ് യൂറോപ്പ് അവിടെ മതത്തിന്റെ പിടുത്തത്തിൽ നിന്നും സ്വതന്ത്രമായത്. അതിന്റെ ഭാഗമായ ഫ്രഞ്ച് വിപ്ലവത്തിൽ 'ഞാൻ നിങ്ങളുമായി വിയോജിക്കുന്നു പക്ഷേ നിങ്ങൾക്ക് അത് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി ഞാൻ മരിക്കാൻ തയ്യാറാണ്' എന്ന മുദ്രാവാക്യം നാം ശ്രവിക്കുകയുണ്ടായി. സ്വാതന്ത്ര്യ പ്രേമികളെ ആവേശം കൊള്ളിച്ച 18ാം നൂറ്റാണ്ടിലെ ആ സ്വാതന്ത്ര്യ സങ്കല്പങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പ് സംഭവിച്ച ഇസ്ലാമിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം എത്ര ഉദാത്തമാണ്. പ്രകാശത്തിന്റെ ഒരു തരിവെട്ടം പോലും പുറത്ത് കാണാത്ത തമോദ്വാരം പോലെ കഴിഞ്ഞിരുന്ന അറേബ്യൻ മണലാരണ്യത്തിൽ സംഭവിച്ച സ്വാതന്ത്ര്യത്തിന്റെ പ്രകാശ വിസ്ഫോടനമായിരുന്നു ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ രംഗപ്രവേശം. ഒരാൾ താൻ വിശ്വസിച്ച മതത്തിൽ നിന്ന് വിശ്വാസം നഷ്ടപ്പെട്ട് അതുപേക്ഷിക്കുമ്പോൾ ആ മതം, മതപരിത്യാഗിയോട് അസഹിഷ്ണതയോടും സംഹാരാത്മകമായും പ്രതികരിക്കുക സ്വാഭാവികമാണ്. വിയോജിക്കുമ്പോഴും വിട്ടുപോകുമ്പോഴുമാണ് വികാരസാന്ദ്രമായ മതം ഇങ്ങിനെ പെരുമാറുന്നത്. അതുകൊണ്ട് വിയോജിക്കുവാനും മതം ഉപേക്ഷിക്കാനുമുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്നാണ് ഏറ്റവും കൂടുതൽ പരിരക്ഷ നൽകേണ്ടത്. ഏത് മതം വിശ്വസിക്കാനും ആചരിക്കാനും ഉപേക്ഷിക്കാനും ഇസ്ലാമിക വ്യവസ്ഥയിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അത് വ്യക്തിയുടെ അവകാശമായി ഇസ്ലാം പരിരക്ഷിക്കുന്നു. സ്വാതന്ത്ര്യ പ്രേമികൾ സ്വർണലിപികളിലെഴുതി ചില്ലിട്ട് സൂക്ഷിക്കേണ്ട ഖുർആന്റെ മഹദ് വചനം റസൂൽ തിരുമേനി (സ) മാനവരാശിക്ക് സമർപ്പിച്ചത് ഇപ്രകാരമാണ്. *'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല നിശ്ചയമായും സന്മാർഗ്ഗം വഴികേടിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്'* (2:257) മുസ്ലിംകൾ ആത്മീയ ദാർഢ്യതയോടെ ഉൾക്കൊള്ളാൻ ബാദ്ധ്യസ്ഥമായ ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പത്തെ ഈ പൗരാണിക സ്വാതന്ത്ര്യ സങ്കല്പം മുസ്ലിംകൾ ആത്മാവിന്റെ അകക്കാമ്പിൽ സൂക്ഷിക്കേണ്ടതാണ്. ഈ സ്വാതന്ത്ര്യ സങ്കല്പത്തെ അരക്കിട്ടുറപ്പിക്കുന്ന ദിവ്യവചനങ്ങളുടെ പ്രഘോഷങ്ങൾക്കൊണ്ട് വിശുദ്ധ ഖുർആൻ നിറഞ്ഞിരിക്കുന്നു. ഖുർആൻ പറയുന്നു: *'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ' (18:30). 'നിന്റെ നാഥൻ ഇച്ഛിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായി തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ' (10:100). ' പറയുക. അല്ലയോ ജനങ്ങളെ! നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോഴിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ ആർ സന്മാർഗ്ഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം ആർ വഴി തെറ്റുന്നുവോ അത് അതിന്റെ നഷ്ടത്തിലേക്കും' (10:109).*

മതരാഷ്ട്ര മൗലികവാദത്തിന്റെ വക്താവായ മൗലാനാ അബുൽ അഅ്ലാ മൗദൂദിയാണ് ഇസ്ലാംമതം ഉപേക്ഷിച്ചവനെ വധിച്ചു കളയണം എന്ന ഫാസിസ്റ്റ് വാദം തന്റെ ഇസ്ലാം മതരാഷ്ട്ര വാദത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. ഈ ഭീകരവാദം സ്ഥാപിക്കാൻ മുർത്തദ് 'കീ ശസാ ഇസ്ലാമി ഖാനൂൻ മെം' (മതപരിത്യാഗിക്കുള്ള ശിക്ഷ ഇസ്ലാമിൽ) എന്ന പേരിൽ ഒരു കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇസ്ലാമിക വിപ്ലവം വന്നാൽ പിന്നെ മുർത്തദ് (മതപരിത്യാഗി) ആകുന്ന

ആളുകളെ വധിക്കേണ്ട വിധം മൗദൂദി സാഹിബ് വിവരിക്കുന്നത് കാണുക.

'ഏതൊരു നാട്ടിലാണോ ഇസ്‌ലാമിക വിപ്ലവം ഉണ്ടാകുന്നത് അവിടെയുള്ള മുസ്‌ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും അതായത് ആരാണോ ഇസ്‌ലാമിൽ നിന്ന് വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്നത് എന്നാരാഞ്ഞു കൊണ്ടുള്ളതാണ് ആ നോട്ടീസ്. ഈ വിളംബരത്തിനു ശേഷം ഒരു വർഷത്തിനകം അമുസ്‌ലിമാകാൻ ആഗ്രഹിക്കുന്നവർ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് മുസ്‌ലിം സൊസൈറ്റിയിൽ നിന്ന് പുറത്ത് പോകേണ്ടതാണ്. ഈ കാലപരിധിക്ക് ശേഷം ജന്മനാ മുസ്‌ലിംകളെല്ലാം മുസ്‌ലിംകളായി കണക്കാക്കപ്പെടും. ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്‌ലാമിലെ എല്ലാ നിർബന്ധ കാര്യങ്ങളും ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായി തീരുന്നതാണ്. ഇതിന് ശേഷം ആരെങ്കിലും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്ത് പോകാൻ ആഗ്രഹിച്ചാൽ അവർ വധിക്കപ്പെടുന്നതാണ്.

കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീ പുരുഷന്മാരെ ഈ വിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തി ലും രക്ഷപ്പെടാൻ സാധിക്കാത്തവരെ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിഛേദിച്ചെറിയപ്പെടും (വധിക്കപ്പെടും) ഈ ശുദ്ധീകരണത്തിന് ശേഷം സ്വമനസ്സാലെ മുസ്‌ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെ ക്കൊണ്ട് പുതിയൊരു ഇസ്‌ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്. (മുർത്തദ് കി ശസാ ഇസ്‌ലാമി ഖാ നൂൻ മെ. പേ. 80)

സെർബിയൻ ഭീകരൻ മിലെ സോവിച്ചിനെ പോലെ മൗലാനാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും മതപരിത്യാഗികളെ തിരഞ്ഞ് പിടിച്ച് ഒരു വധശുദ്ധീകരണ പ്രക്രിയയിലൂടെ മുസ്‌ലിം സൊസൈറ്റിയെ ശുദ്ധീകരിക്കുംപോലും 'മുർത്തദി' നെ കൈകാര്യം ചെയ്യുന്ന രണ്ട് രീതി പ്രസ്തുത പുസ്തകത്തിൽ മൗലാന വിവരിക്കുന്നുണ്ട് അതിൽ കശാപ് ചെയ്യുന്ന രീതിയാണ് മൗലാനാ തിരഞ്ഞെടുത്തത്. കാരണം അതൊരു ശ്രേഷ്ഠ മാർഗ്ഗമാണെന്നാണ് അദ്ദേഹത്തിന്റെ വിനീതമായ അഭിപ്രായം. ഹിറ്റ്ലറുടെ ഫൈനൽ സൊലൂഷൻ പോലെ.

'ഇതിന്നുള്ള പ്രതിവിധി രണ്ട് വിധമാണ് ഒന്നുകിൽ അയാളെ സ്റ്റേറ്റിൽ എല്ലാവിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയേക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം *'ലാ യമൂത്തു ഫീഹാ വലാ യഹ്‌യാ'.* എന്ന അവസ്ഥയിൽ അതായത് ജീവഛവം പോലെ ആവുകയാണ്. അതുകൊണ്ട് ശ്രേഷ്ഠമായ കാര്യം അയാൾക്ക് മരണശിക്ഷ നൽകിക്കൊണ്ട് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ ആപത്തുകളും തൽക്ഷണം അവസാനിപ്പിക്കുകയാണ്. (മുർത്തദ് കിശസാ ഇസ്‌ലാമീ ഖാനൂൻ മെ പേ. 51)

അതായത് ഇസ്‌ലാം മതം ഉപേക്ഷിച്ചവനോ ഉപേക്ഷിച്ചവനെന്ന് ജമാഅത്തെ ഇസ്‌ലാമിക്ക് തോന്നിയാലോ അതിന്നുള്ള പ്രതിവിധി അയാളെ കൊല്ലലാണ്. മതപരിത്യാഗം, മതപരിവർത്തനം, മത വിശ്വാസം വിമർശനപരമായി പരിശോധിക്കൽ, മതവിമർശനം മുതലായ തൊന്തരുവുകൾ ഇല്ലാതാക്കാൻ മൗലാനാ മൗദൂദിയുടെ ഫാസിസ്റ്റ് ഹൃദയം ആവിഷ്കരിച്ച ഒരു ലളിത മാർഗ്ഗത്തെപറ്റി പറയുന്നത് കാണുക;

'മതപരിത്യാഗത്തിന് വധശിക്ഷയാണെന്ന് തീരുമാനിക്കപ്പെട്ടു കഴിഞ്ഞതോടെ പ്രശ്നം പരിഹരിച്ചു. ഒരു മുസ്‌ലിമിനേയും അന്യമതം സ്വീകരിക്കാൻ നാം അനുവദിക്കുന്നില്ല എന്നു വരുമ്പോൾ നമ്മുടെ അധികാരപരിധിയിൽ അന്യ മതസ്ഥർക്ക് പ്രചാരണം നടത്തുക എന്ന പ്രശ്നം തന്നെ ഉദ്ഭവിക്കുന്നില്ല. നാം ഒരിക്കലും അത് സഹിക്കുകയില്ല. (മുർത്തദ് കീ ശസാ ഇസ്‌ലാമീ ഖാനൂൻ മെ. P.32).

മൗലാനാ മൗദൂദിയുടെ മതം മാറിയവനെ വധിക്കണമെന്ന ഫാസിസ്റ്റ് തത്ത്വം പ്രബുദ്ധകേരളത്തിലും ജമാഅത്തെ ഇസ്‌ലാമിക്കാർ പ്രചരിപ്പിക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ആലോചിക്കുമ്പോൾ തല കറക്കമുണ്ടാക്കുന്ന മറ്റൊരു കാര്യം അങ്ങിനെ പ്രചരിപ്പിക്കുന്ന ജമാഅത്തെ ഇസ്‌ലാമി നേതാവാണ് കേരളത്തിലെ ഏറ്റവും വലിയ മനുഷ്യവകാശ സംഘടനയുടെ ജനറൽ സെക്രട്ടറി!!

ഈ വൈരുദ്ധ്യാധിഷ്ഠിത ദ്വന്ദ്വത്വം യാതൊരു ലജ്ജയുമില്ലാതെ അനായാസം പേറി നടക്കാനുള്ള ജമാഅത്തെ ഇസ്‌ലാമി നേതൃത്വത്തിന്റെ മെയ്‌വഴക്കമാണ് നമ്മെ അത്ഭുതപ്പെടുത്തുന്നത്. അതിന്നൊരുദാഹരണം നോക്കു. അല്ലാഹുവിന്റെ ഭരണം വരാതെ താഗൂത്തി ഗവൺമെന്റിന്റെ കീഴിൽ ജോലി ചെയ്യുന്നത് ശിർക്കും ഹറാമുമാണ് എന്ന് പറഞ്ഞ ജമാഅത്തുകാരനോട് ഇത് നടക്കാത്ത കാര്യമാണെന്ന് പറഞ്ഞ് കേരളത്തിലെ മുസ്‌ലിം സംഘടനകളെല്ലാം വിമർശിച്ചത് നാം കണ്ടതാണ്. ജമാഅത്തെ ഇസ്‌ലാമി ഇവിടെ അഭിമുഖീകരിച്ച ഏറ്റവും വലിയ വിമർശനവുമതായിരുന്നല്ലോ. അങ്ങിനെയിരിക്കെ ഈയ്യിടെ ഉദ്യോഗങ്ങളിൽ പിന്നോക്ക സംവരണ പ്രശ്നം പഠിച്ച് ശുപാർശ സമർപ്പിക്കാൻ നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ നിർദ്ദശങ്ങളുടെ അടിസ്ഥാനത്തിൽ യു ഡി എഫ് സർക്കാർ ഒരു പാക്കേജ് ഉണ്ടാക്കി കേരളത്തിലെ മുന്നോക്ക വിഭാഗങ്ങളുമായി സമവായത്തിലൂടെ പ്രശ്നം പരിഹരിച്ചു. ഭാവിയിൽ സംവരണ തത്വ പ്രകാരമായിരിക്കും നിയമനം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പതിനെട്ടായിരത്തിലധികം തസ്തികകളിൽ മുസ്‌ലികളടക്കമുള്ള പിന്നോക്കക്കാരുടെ കുറവുണ്ട്. ഈ തസ്തിക

കവിത

കെ.പി.എ. പുന്നോൽ

# ‘സാരെ ജഹാൻ സെ....’

ആവേശത്തുള്ളലാൽ പാടുന്നിതു കവി.
അന്ധമായ് നമ്മളും പാടിടുന്നു.
വിശ്വത്തിലേറ്റം മികച്ചതാണിന്നാട്
വിശാലമാം ഭാരതഭൂമിയെന്ന്
എങ്കിലും ഭാരത ചിത്രത്തിൽ ദർശിക്കും
പങ്കിലമായ കഠാരിയും ശൂലവും.
നിസ്കാര മുദ്രകൾ കുത്തി പിളർക്കുന്നു
സംസ്കാരമില്ലാത്തോർ ശൂലത്തിൻ മൂർച്ചയാൽ
ഭസ്മക്കുറിയിൻ ശിരസ്സുകൾ നിർദ്ദയം
ഭസ്മീകരിക്കുവാൻ വെമ്പുന്നു കശ്മലർ.
ഗുരുവിന്റെ ശോണിതം കണ്ടു പകച്ചിടും
അരുമക്കിടാങ്ങളെ പറയുക പറയുക
മരണം വിതക്കുന്ന, കൊയ്യുന്ന ബോംബിനാൽ
ചരണം ചതഞ്ഞുള്ള കുഞ്ഞേ പറയുക.
ആലപിച്ചീടുവാൻ യോഗ്യരാണോ നമ്മൾ
വിശ്വത്തിലേറ്റം മികച്ച നാടാണെന്ന്.
പാമൊയിൽ പാത്രങ്ങൾ തല്ലിയുടക്കുന്നു.
എന്തിനെന്നറിയാത്ത വിഡ്ഢിയായുള്ള ഞാൻ
വീഥി തൻ ഓടയിൽ ചൊരിയുന്നതത്രയും
നിസ്വന്റെ വേർപ്പോ മിഴി നീർ പ്രവാഹമോ
മദ്യം കുറുക്കുന്നു കാകോളം ചേർക്കുന്നു
മദ്യത്തിൽ മുങ്ങി മരിച്ചിടുന്നു ജനം
പാർട്ടിക്കഴുകന്മാർ പാറിവന്നെത്തുന്നു
കൊത്തി വലിക്കുന്നു നാറും ജഡങ്ങളെ
പർദ്ദയും ദർസും, പിന്നുന്മാദ ഭക്തിയും
ഗീതാ പ്രഭാഷണം, ശരണം വിളിയതും
പെരുകുന്നു നമ്മുടെ മാതൃഭൂമിയിതിൽ
എങ്കിലും ഗ്ലാനീഭവിക്കുന്നു ശീഘ്രത്തിൽ
വീണ്ടുമെൻ മുന്നിലെ വിദ്യാലയത്തിനെ
തഴുകി വരും മന്ദമാരുത നീണത്തിൽ
ഒഴുകീയൊഴുകീ വരുന്നിളം നിസ്വനം
സാരെ ജഹാൻസെ യെന്നുള്ളൊരാലാപനം.

---

ളിലെല്ലാം സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തണം എന്ന മുസ്‌ലിം സംഘടനകളുടെ ആവശ്യം കേരള സാഹചര്യത്തിൽ ഒരിക്കലും അനുവദിക്കാൻ സാധ്യതയില്ല. അത് ഭരണഘടനാ വിരുദ്ധമാണെന്നും പറയപ്പെടുന്നു. പാക്കേജിൽ ആ പ്രശ്നം പിന്നീട് ചർച്ച ചെയ്യുമെന്ന് പറഞ്ഞ് മാറ്റിവെച്ചു. ഏതായാലും മുസ്‌ലിം ലീ ഗി ന്റെ പിന്നോക്ക സംവരണം എന്ന ദീർ ഘ കാലത്തെ ആവശ്യം സമവായത്തിലൂടെ ഏറെക്കുറെ പരിഹരിച്ചു. എല്ലാ മുസ്‌ലിം സംഘടനകളും ഇതിനെ അനുകൂലിച്ചു. അപ്പോഴാണ് സ്പെഷൽ റിക്രൂട്ട്മെന്റ് നടത്താതെ ലീഗ് മുസ്‌ലിം സമുദായത്തെ വഞ്ചിച്ചു എന്ന് പറഞ്ഞ് ജമാഅത്തെ ഇസ്‌ലാമിയും അവരുടെ പുതിയ രാഷ്ട്രീയ പാർട്ടിയായ സോളിഡാരിറ്റിയുടേയും സമര കാഹളം കേട്ട് കേരള ജനത ഞെട്ടിയത്. സർക്കാറുദ്യോഗം വഹിക്കൽ ശിർക്കാണെന്ന് കുറച്ച് മുമ്പ് പറഞ്ഞ ജമാഅത്തുകാരൻ അത് ലഭിക്കാൻ സ്പെഷൽ റിക്രൂട്ട്മെന്റ് വേണം എന്ന് പറഞ്ഞ് തൊണ്ട കീറി മുദ്രാവാക്യം വിളിച്ച് കലക്ട്രേറ്റിനു മുമ്പിൽ കമിഴ്ന്നു കിടന്ന് സമരം ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്!. പതിനായിരക്കണക്കിന് മുസ് ലിംകളെ താഗൂത്തിനു കീഴിൽ ഉദ്യോഗം സ്വീകരിച്ച് മുശ്‌രിക്ക് ആക്കി നരകത്തിലയക്കാനാണോ ഈ സമ രം?! പൊതുജനത്തിന്റെ ആശയക്കുഴപ്പം ഇത് വരെ മാറിയിട്ടില്ല. ഇതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ഇരട്ടത്താപ്പ്.

എതായാലും മതം മാറുന്നവനെ വധിച്ചു കളയണം എന്ന ഇസ്‌ലാമിക വിരുദ്ധമായ മൗദൂദിയൻ സിദ്ധാന്തം ഒരു പ്ലൂരലിസ്റ്റ് സമൂഹമായ ഭാരതത്തിൽ അത്ര വേഗം ചിലവാകുന്നതല്ല. മറ്റു പലതും മാറ്റിയത് പോലെ ആചാര്യന്റെ ഈ സിദ്ധാന്തവും മാറ്റാതെ തരമില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ ജമാഅത്ത് നേതാക്കൻമാർക്ക് അതിന്റെ ഗൗരവം ഇത്വരെ മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു. മേൽ പറഞ്ഞ ജമാഅത്തെ ഇസ്‌ലാമി നേതാവും പ്രശസ്ത പത്രപ്രവർത്തകനും മനുഷ്യാവകാശ സംഘടനാ നേതാവുമായ ഒ അബ്ദുറഹ്മാൻ സാഹിബ് തന്റെ ‘യുക്തിവാദികളും ഇസ്‌ലാമും’ എന്ന പുസ്തകത്തിൽ എഴുതുന്നത് കാണുക:

‘ഇപ്രകാരം ഇസ്‌ലാം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കെ അത് സത്യമാണെന്ന് മനസ്സിലാക്കി സ്വമേധയാ അതിൽ പ്രവേശിച്ചാൽ പിന്നീടത് ഉപേക്ഷിച്ചു പോകുന്നുവെങ്കിൽ തികഞ്ഞ വഞ്ചനയും മുസ്‌ലിം സൊസൈറ്റിയെ ശിഥിലമാക്കാനുള്ള കപടതന്ത്രവുമായിട്ടാണ് ഇസ്‌ലാം ആ നടപടിയെ വീക്ഷിക്കുന്നത്. അവരെ പിടികൂടാനോ ശിക്ഷിക്കാനോ വ്യക്തികൾക്ക് അധികാരമില്ലെങ്കിലും ഇസ്‌ലാമിക സ്റ്റേറ്റിന്റെ ഭദ്രത നിലനിർത്താൻ ദ്രോഹകാരികളായ ഇത്തരം ആളുകളെ ഇസ്‌ലാമിക കോടതി വിചാരണ ചെയ്യും. കുറ്റം തെളിഞ്ഞാൽ തെറ്റു തിരുത്താൻ അവസരം നൽകും തിരുത്താനും തയ്യാറല്ലെ

# അനുസ്മരണം

## മുഹമ്മദ് കുഞ്ഞു മാസ്റ്റർ



കരുനാഗപ്പള്ളി ജമാഅത്തിലെ നെല്ലിമുറ്റത്ത് മഠത്തിൽ മുഹമ്മദ് കുഞ്ഞ് മാസ്റ്റർ (93) അന്തരിച്ചു. ഇന്നാലില്ലാഹി വഇന്നാ.....


കരുനാഗപ്പള്ളി ജമാഅത്തിലെ ഏറ്റവും പ്രായം കൂടിയ അംഗമായ മുഹമ്മദ് കുഞ്ഞ് മാസ്റ്റർ ആദ്യകാല അഹ്മദിയായിരുന്ന വാഴപ്പള്ളി പടിമതിൽ മർഹും അലികുഞ്ഞ് സാഹിബിന്റെ മൂത്തമകനാണ്. അരനൂറ്റാണ്ട് മുമ്പ് മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളിയിൽ ജമാഅത്ത് രൂപീകരിച്ച നാൾ മുതൽ ജമാഅത്തിൽ സജീവമായി പ്രവർത്തിച്ചു വന്നിരുന്ന മുഹമ്മദ് കുഞ്ഞ് മാസ്റ്റർ വിദ്യാഭ്യാസ വകുപ്പിൽ ഹെഡ്മാസ്റ്ററായി ദീർഘകാലം ജോലി നിർവ്വഹിച്ചിട്ടുണ്ട്. പിതാവ് മാനേജറായിരുന്ന സ്കൂളിൽ തന്നെയായിരുന്നു അദ്ദേഹം പ്രഥമാദ്ധ്യാപകനായി കർമ്മ ജീവിതം നയിച്ചത്. കരുനാഗപ്പള്ളിയിലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലും അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. എന്റെ ഗുരുനാഥനും മാർഗ്ഗദർശിയും കൂടിയായിരുന്നു മുഹമ്മദ് കുഞ്ഞുമാസ്റ്റർ.

സംസ്കൃതഭാഷയുടെ പ്രോത്സാഹകൻ കൂടിയായിരുന്ന മുഹമ്മദ് കുഞ്ഞുമാസ്റ്റർ അദ്ദേഹത്തിന്റെ പ്രത്യേക താല്പര്യത്തിൽ സ്വന്തം അനുജനെ സംസ്കൃത സ്കൂളിലയച്ചു സംസ്കൃതം പഠിപ്പിക്കുകയുണ്ടായി. മുസ്‌ലിംകൾ സംസ്കൃത്തോട് വളരയെധികം അകന്നുകഴിയുന്ന അക്കാലത്ത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള മാതൃകാപരമായ നടപടിയായിരുന്നു ഇത്. പിന്നിട് കരുനാഗപ്പള്ളി ജമാഅത്തിലെ പലർക്കും സംസ്കൃതം പഠിക്കാനും അതുവഴി ആയുർവ്വേദ ഡോക്ടർമാരാകാനും സാഹിത്യപരമായ വിജ്ഞാനം ആർജിക്കാനും മുഹമ്മദ് കുഞ്ഞ് മാസ്റ്ററുടെ പ്രവർത്തനങ്ങൾ പ്രചോദനമായിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണം മൂലം കരുനാഗപ്പള്ളി ജമാഅത്തിന് പഴയ തലമുറയുടെ ഒരു കണ്ണി അറ്റുപോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിനും ജമാഅത്തിനുമുണ്ടായ നഷ്ടം അല്ലാഹു നികത്തിത്തരട്ടെ. അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

മക്കൾ : സൗദാബീവി സാഹിബ, ആരിഫാ ബീവി സാഹിബ, ഹിദായ ബീവി സാഹിബ, മുനീർ അഹ്മദ് സാഹിബ്, ആബിദാ ബീവി സാഹിബ, മുബാറക്ക് അഹ്മദ് സാഹിബ്. മരുമക്കൾ മർഹും സൈനുദ്ദീൻ കുട്ടി, ഹമീദ് മാസ്റ്റർ (ഐരാപുരം) സി. വി. ഉമ്മർ സാഹിബ്, ഇബ്രാഹിം കുട്ടി സാഹിബ്, സൈബുനിസ സാഹിബ, കാനിത്ത സാഹിബ എന്നിവർ.

**അഡ്വ. അഹ്മദ് കുട്ടി കരുനാഗപ്പള്ളി**

## വി.പി. അബ്ദുൽ ജലീൽ സാഹിബ്



കൂടാളി ജമാഅത്തിന്റെ മുൻകാല പ്രസിഡണ്ടും, സിയാഫത്ത് സെക്രട്ടറിയും, ഉമൂറെ ആമയും ആയ ജനാബ് വി.പി. അബ്ദുൽ ജലീൽ സാഹിബ് (85) 2006 മാർച്ച് 25-ാംനു നിര്യാതനായി. ഇന്നാലില്ലാഹി................ കൂടാളി പൊതുജന വായനശാലയുടെ ആരംഭകാല പ്രവർത്തകനും, കൂടാളി സഹകരണബാങ്കിന്റെ ഒന്നാമത്തെ ഡയറക്ടർ ബോഡ് അംഗവും, പോയകാല കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനും, അറിയപ്പെടുന്ന ഒരു 'ശിക്കാരി' യുമായിരുന്നു ജലീൽ സാഹിബ്. വളരെ ഉദാരശീലനായ ജലീൽ സാഹിബിന്റെ പ്രതിസന്ധി ഘട്ടങ്ങളിലെ വിപദിധൈര്യമാണ് അദ്ദേഹത്തെ ആദരണീയനാക്കിത്തീർത്തത്!

കൂടാളിയിലെ 'മദ്രസ്സാ അഹ്മദിയ്യാ' എന്ന പഴയ മിഷൻ ഹൗസിന്റെ നിർമ്മാണഘട്ടത്തിലും, പുതിയ 'ബൈത്തുൽ സുബ്ഹാൻ' എന്ന പള്ളിനിർമ്മാണ പ്രവർത്തനത്തിലും ശാരീരികവും സാമ്പത്തികവുമായി സ്തുത്യർഹമായ സേവനങ്ങളാണ് അദ്ദേഹം നിർവ്വഹിച്ചത്! നേതൃത്വപാടവവും കർമ്മരംഗത്ത് കണിശക്കാരനുമായിരുന്ന അദ്ദേഹത്തിന്റെ പ്രോത്സാഹനം പുതിയ തലമുറക്ക് മാതൃകയായിരുന്നു! പണ്ടു മുതലേ ഒരു

---

ങ്കിൽ മാത്രം വധ ശിക്ഷക്ക് വിധിക്കും (ഇസ്‌ലാമും യുക്തി വാദികളും പേ. 163). അബ്ദുറഹ്മാൻ സാഹിബ് തുടരുന്നു:

'ഇസ്‌ലാമിന്റെ മേന്മയും സത്യാവസ്ഥയും ബോദ്ധ്യപ്പെട്ട ശേഷം അതിൽ പ്രവേശിക്കാൻ തീരുമാനിക്കുന്ന ഏതൊരാളും പിന്നീട് താൻ രാജിവെക്കണമെന്നാഗ്രഹിച്ചാൽ അത് അനുവദിക്കപ്പെടാൻ പോവില്ലെന്ന്ക്കൂടി നന്നായറിഞ്ഞ ശേഷമായിരിക്കും സ്വാഭാവികമായും മുസ്‌ലിമാവുന്നത് അതിനാൽ ആത്മാർത്ഥതയോടെ ഇസ്‌ലാം അവലംബിച്ച യാതൊരാളും അതിനെ ഉപേക്ഷിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല'. (യുക്തിവാദികളും ഇസ്‌ലാമും പേ.165)

വിശുദ്ധ ഖുർആന്റെ യാതൊരു പിൻബലവുമില്ലാത്ത ഈ ഫാസിസ്റ്റ് സിദ്ധാന്തം ഇസ്‌ലാമിന് ഉണ്ടാക്കുന്ന ദുഷ്പേര് ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് മനസ്സിലാവില്ലെങ്കിലും റസൂൽ തിരുമേനി (സ) യേയും വിശുദ്ധ ഖുർആനേയും സ്നേഹിക്കുന്നവർ ഈ കിരാത തത്ത്വത്തിനെതിരെ പ്രതികരിക്കേണ്ടിയിരിക്കുന്നു.

മൊട്ടക്കുന്നിൽ സ്ഥിതിചെയ്യുന്ന കൂടാളിയിലെ അഹ്മദിയ്യാ ശ്മശാനത്തിൽ 'ഖബർ' കുഴിക്കുന്ന സാഹസകൃത്യത്തിന് നേതൃത്വം നൽകി യുവാക്കളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു! മട്ടന്നൂരിൽ ചേർന്ന അഹ്മദിയ്യാ സമ്മേളനം കലക്കാനും, അവിടെ എത്തിച്ചേർന്ന പ്രതിനിധികൾക്ക് ഭക്ഷണം നൽകാതിരിക്കാൻ ഹോട്ടലുകൾ മുടക്കാനും എതിരാളികൾ ശ്രമിച്ചപ്പോൾ ആ വെല്ലു വിളി സധൈര്യം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പെട്ടെന്ന് ഭക്ഷണം പാകം ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയത്! കൂടാളിയിലെ 'ഫസ്ലെ ഉമർ' ഇംഗ്ലീഷ് മീഡിയം സ്കൂളിന് സ്ഥലം ലഭിക്കുന്നതിന് മുമ്പ് സ്കൂളിന് തുടക്കം കുറിച്ചത് ജലീൽ സാഹിബിന്റെ കൈവശമുള്ള സ്വന്തം കെട്ടിടത്തിൽ വെച്ചായിരുന്നു! ഒരു വർഷക്കാലമായി രോഗാതുരനായി കിടന്നപ്പോഴും കൂടാളി ജമാഅത്ത് പുതുതായി രൂപം നൽകിയ മിഷൻ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതിയിലാണ് അദ്ദേഹം ശ്രദ്ധാലുവായത്! സദർഅഞ്ചുമൻ അഹ്മദിയ്യാ ഖാദിയാനിൽ നിന്നെത്തുന്ന ഔദ്യോഗിക ഭാരവാഹികളെയും മുബല്ലിഗുമാരെയും മുഅല്ലീമീങ്ങളെയും ബഹുമാനാദരങ്ങളോടെ വീട്ടിൽ കൊണ്ടു പോയി സൽക്കരിക്കുന്നതിലും, മറ്റു അതിഥികളെ സ്വീകരിക്കുന്നതിലും അദ്ദേഹം ഏറെ സംതൃപ്തനായിരുന്നു!

പരേതന്റെ ഭാര്യ. ഇ.വി. ഫാത്തിമാ സാഹിബ. മക്കൾ: അബ്ദുൽ വാഹിദ്, അബ്ദുസ്സമദ്, അബ്ദുൽ മാലിക്ക്, സാഹിദ, ആബിദ, സറീന, മെഹ്ബൂബ, മരുമക്കൾ: കെ.പി. അഹ്മദ് (കോഴിക്കോട്) ഇ.എം. അസ്‌ലം (കണ്ണൂർ) ബി. സാദിഖ് അഹ്മദ് (പഴയങ്ങാടി) വി.പി. ആശിഖ് (കടലായി) ബി. മൻസൂറ (പഴയങ്ങാടി) ബി. നസീമ (കോഴിക്കോട്) ഇ.വി. ശാഹിന (കൂടാളി)

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ....ആമീൻ.

**കെ.പി. അഹ്മദ്**

## ലക്ഷദ്വീപിൽ പ്രഭാഷണ പര്യടനം

ലക്ഷദ്വീപ് സമൂഹത്തിന്റെ തലസ്ഥാനമായ കവരത്തിയിലും കല്പേനിയിലും മാർച്ച് ഒന്നു മുതൽ മൂന്നു വരെ പ്രഗത്ഭ വാഗ്മിയും അഹ്മദി മിഷനറിയുമായ മൗലവി മഹ്മൂദ് അഹ്മദ് സാഹിബും ലക്ഷദ്വീപ് സ്വദേശിയും മിഷനറിയുമായ മൗലവി ഹിദായത്തുള്ള ഖാൻ സഖാഫിയും പ്രഭാഷണങ്ങൾ നടത്തി.

സമകാലീന മുസ്‌ലിംലോകത്തിലെ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മുസ്‌ലിംലോകത്തെ വലയം ചെയ്ത ഭയാനകമായ വിപത്തുകളെക്കുറിച്ചും അതിനുള്ള ദൈവികമായ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പ്രഭാഷകന്മാർ വിവരിച്ചു. ഈയിടെ യൂറോപ്പിലുണ്ടായ കാർട്ടൂൺ വിവാദത്തിൽ റസൂൽ തിരുമേനി(സ) അപവദിക്കാൻ ക്രിസ്തീയ ശക്തികൾ നടത്തുന്ന ജുഗുപ്സാവഹമായ പ്രചരണ തന്ത്ര ത്തെ പ്രാസംഗികന്മാർ തുറന്നുകാട്ടി. കാർട്ടൂൺ വിവാദങ്ങളോട് അഹ്മദികൾ നടത്തിയ ആശയ സമരത്തിലൂടെ യൂറോപ്പിലുണ്ടാക്കിയ സൽഫലങ്ങളും വിവരിച്ച പ്രഭാഷകന്മാർ ഇത്തരം പ്രശ്നങ്ങളോട് സംഹാരാത്മമായ ജിഹാദ് വിളികളുടെ നിഷ് ഫലതയും വിവരിച്ചുകാട്ടി. കവരത്തിയിലെ പ്രസംഗത്തിന് ശേഷം കല്പേനിലും പ്രഭാഷണം നടത്തി.

**സി. ജി. അബ്ദുൾ ഖയ്യൂം**
പ്രസിഡണ്ട്, അഹ്മദിയ്യാ
ജമാഅത്ത്, കവരത്തി

## കെ. കുഞ്ഞായിശ്ശ സാഹിബ

മുറിയക്കണ്ണി അഹ്മദിയ്യ ജമാഅത്തിലെ ആരംഭകാല അംഗങ്ങളിൽ ഒരാളും ഒന്നാമത്തെ അഹ്മദി വനിതയുമായ കൊടുവായക്കൽ കുഞ്ഞായിശ്ശസാഹിബ (85 വയസ്സ്) 18. 2. 06 ശനിയാഴ്ച രാവിലെ സ്വവസതിയിൽവെച്ച് നിര്യാതനായി. ഇന്നാലില്ലാഹി ...

തന്റെ കുടുംബത്തിലെ ഏക അഹ്മദിയായ ജേഷ്ഠ സഹോദരൻ മർഹൂം കെ. കുഞ്ഞപ്പു സാഹിബി (മുഹമ്മദ്) ൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് അഞ്ചുമക്കളുടെ മാതാവും വിധവയുമായിരുന്ന മർഹൂമ സാഹിബ അഹ്മദികളല്ലാത്ത തന്റെ മാതാപിതാക്കളുടെ എതിർപ്പും അനിഷ്ടവും പരിഗണിക്കാതെ മൗലാനാ മൗലവി മർഹൂം ബി. അബ്ദുല്ലാഹ് സാഹിബ് (റ) മൗലാനാ മൗലവി മർഹൂം മുഹമ്മദ് അബുൽ വഫാ സാഹിബ് എന്നിവരിൽ നിന്നും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കുകയും പഠിക്കുകയും 1954-55 ൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. അലനല്ലൂർ മുറിയക്കണ്ണി സംയുക്ത ജമാഅത്തിന്റെ അലനല്ലൂരിലെ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ അന്നത്തെ മുഴുവൻ അംഗങ്ങളുടെയും ശ്രമദാനം ഒരു വലിയ ഘടകമായിരുന്നു. രാവും പകലും സ്ത്രീകളും ശ്രമദാനത്തിൽ പങ്കെടുത്തിരുന്നു. പുരുഷന്മാരോടൊപ്പം മണ്ണു ചുമക്കാനും വെള്ളം തലചുമടായികൊണ്ടുവരുന്നതിനും മർഹൂമ കുഞ്ഞായിശ്ശ സാഹിബയും കൂട്ടുകാരികളും രണ്ടു രണ്ടര കിലോമീറ്റർ ദൂരത്തുനിന്നും ദിവസവും നടന്നെത്തുമായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് ഒരു വീഴ്ചയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞു വരികയായിരുന്നു. മക്കളേയും മരുമക്കളേയും ചെറുമക്കളെയും ഒഴിവു സമയങ്ങളിൽ വിളിച്ചിരുത്തി ഇസ്‌ലാമിക ചരിത്രങ്ങൾ, അഹ്മദിയ്യാ മസ്അലകൾ പറഞ്ഞു പഠിപ്പിക്കുന്ന ശീലം മരണം വരെ തുടർന്നു പോന്നിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചു നന്നായിട്ടറിവുള്ള അവർ തബ്‌ലീ ഗിൽ തല്പരയുമായിരുന്നു. ദൈവ സ്തോത്രങ്ങൾ ഉരുവിട്ടുകൊണ്ടായിരുന്ന ആ മഹതി പരലോകം പൂകിയ ത്. മക്കൾ: ഹംസ, ഫാത്തിമ, കുഞ്ഞയമു (മർഹൂം) എന്നിവർ അഹ്മദികളാണ്. പരേതക്ക് ജന്നത്തും മഗ്ഫിറത്തും ലഭിക്കുമാറാകട്ടെ. (ആമീൻ)

**കെ. അയമു മാസ്റ്റർ**
അഹ്മദിയ്യാ ജമാഅത്ത്, മുറിയക്കണ്ണി